# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം

## 2022-25

ധ്വനി

Little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# പ്രിയ കലാലയം



# ആമുഖം


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | നമ്മുടെ പ്രതിഭകൾ | 14 |
| 2 | ടെക്ക്നിക്കൽ ഹൈസ്കൂൾ, കൃഷ്ണപുരം | 24 |
| 3 | വിജയത്തിന്റെ നക്ഷത്രതിളക്കവുമായി കൃഷ്ണപുരം ടെക്കിക്കൽ ഹൈസ്കൂൾ | 29 |
| 4 | സർഗ്ഗസൃഷ്ടികൾ | 32 |
| 5 | വരകൾ വിസ്മയങ്ങൾ | 82 |
| 6 | പ്രഗൽഭരായ മുൻഗാമികളിൽ ചിലർ | 133 |
| 7 | വരകളിൽ വിരിയുന്ന മാന്ത്രികത | 140 |
| 8 | ഗവൺമെന്റ് ടെക്കിക്കൽ ഹൈസ്കൂൾ കൃഷ്ണപുരത്തിന്റെ അഭിമാനങ്ങൾ | 149 |
| 9 | ഓർമ്മ പൂക്കൾ- ഒരു അഭിഷേകപ്പൂവ് | 156 |
| 10 | നന്ദി | 162 |

# "വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യം അറിവല്ല, പ്രവൃത്തിയാണ് ": ഹെബർട്ട് സ്പെൻസർ



## ശ്രീമതി ബബിത വാമദേവൻ
സൂപ്രണ്ട് ഇൻ ചാർജ്

ചിന്താശേഷി ഭാഷയായി രൂപപ്പെട്ട് ഉത്തമസാഹിത്യ സൃഷ്ടികളായി കാലത്തിന് സമ്മാനിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ മാഗസിനിലൂടെ വരുംകാലങ്ങളിലെ കുട്ടികൾക്ക് പ്രചോദനമാകുവാനും ഭാഷ നമുക്ക് കൈമോശം വന്നിട്ടില്ല എന്ന് തെളിയിക്കുവാനും കഴിയട്ടെ.



# അരുണിമ.എ

**സ്റ്റുഡന്റ് എഡിറ്റർ**

**IX.A**

അറിവിന്റെ അക്ഷര മുറ്റത്ത് സർഗാത്മകതയുടെ ചില്ലകൾ തളിർക്കുമ്പോൾ..

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ബാലപാഠങ്ങൾക്കൊപ്പം മാനവിക മൂല്യങ്ങളുടെ അടിത്തറ പാകിയ അധ്യാപകരെയും...

സാമൂഹ്യ ജീവിതത്തിന്റെ വാതിലുകൾ വിദ്യാലയ ജീവിതത്തിലൂടെ അനുഭവ വേദ്യമാക്കുവാൻ അവസരം ഒരുക്കിതന്ന മാതാപിതാക്കളെയും...

നൽവഴി കാട്ടി മുൻപേ നടന്നു പോയ പൂർവികരെയും...

മനസാ സ്മരിച്ചു കൊണ്ട് ഈ ഡിജിറ്റൽ മാസിക സമർപ്പിച്ചു കൊള്ളുന്നു...



ആധുനിക ലോകത്തിന്റെ ഭീഷണിയായി ലോകമാകെ സംഹാര താണ്ഡവമാടി  അനേകായിരങ്ങൾ പിടഞ്ഞുവീണ   മരിക്കാനിടയായ കോവിഡ് വിപത്തുകാലത്തു നമ്മൾ വിവരസാങ്കേതിക വിദ്യയുടെ അനന്തസാദ്ധ്യതകൾ അറിഞ്ഞു. lock down സമയ വേളയിലും  പഠനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകൻ IT ലോകം എത്രമാത്രം വിലപ്പെട്ടതാണെന്ന നാം തിരിച്ചറിഞ്ഞു. പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കാൻ നമ്മെ പ്രാപ്തരാക്കിയ ഇൻഫോർമേഷൻ ടെക്നോളജിയുടെ ഈ അധുകിനിക കാലഘട്ടത്തിൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരത്തെ ഐടി കൂട്ടായ്മ little kites ന്റെ ഈ മാഗസിനു സർവ്വ മംഗളങ്ങളും നേരുന്നു. ഈ അസുലഭ സന്ദർഭം പ്രയോജനപ്പെടുത്തിയവരേയും, ഇതിന്റെ പിന്നാമ്പുറ പ്രവർത്തകരെയും   ഹൃദയംഗമമായി അഭിനന്ദിക്കുന്നു.

**ബി. രാജീവ്**
**എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ**



ഒരു ടീച്ചറും ,ഒരു കുട്ടിയും, ഒരു ബുക്കും, ഒരു പേനയും ഉണ്ടെങ്കിൽ ഈ ലോകം തന്നെ മാറ്റിമറിക്കാൻ കഴിയും .നമ്മുടെ കുഞ്ഞുങ്ങളുടെ സർഗ്ഗവാസനയെയും, ഭാവനാവിലാസത്തെയും, സാങ്കേതിക പരിജ്ഞാനത്തെയും ഒക്കെ ഗുളിക രൂപത്തിലാക്കി ഡിജിറ്റൽ മാഗസിൻ തയ്യാറാകുമ്പോൾ പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ അവർക്ക് അവസരം ഒരുങ്ങുകയാണ്. രാജ്യത്തിന്റെ ഭാവിയെ വാർത്തെടുക്കേണ്ട, നാളെയുടെ വാഗ്ദാനങ്ങൾ ആയി മാറേണ്ട യുവ തലമുറയെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന ഡിജിറ്റൽ മാഗസിനും, അതിന് പിന്നിൽ പ്രവർത്തിച്ച അധ്യാപക സുഹൃത്തുക്കൾക്കും അതിൽ ഭാഗഭാക്കായ മുഴുവൻ കുട്ടികൾക്കും ഹൃദയപൂർവ്വം ആശംസ അർപ്പിക്കുന്നു.

**സിനി സാർ**
**ഫോർമാൻ ( ഇൻ .ചാർജ്ജ് )**

# എഡിറ്റോറിയൽ



വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിന്റെ അനിവാര്യമായ ഭാഗമെന്ന നിലയ്ക്കാണ് സ്കൂളുകൾ - ഹൈടെക്ക് ആക്കുന്ന പ്രവർത്തനം നടപ്പിലാക്കുന്നത്. ഇതിനായി ഓരോ ക്ലാസ് റൂമുകളിലുംകംപ്യൂട്ടർ പ്രോജക്ടർ, ശബ്ദ സംവിധാനം, ഇന്റർനെറ്റ് എന്നിവ സജ്ജീകരിച്ചു കഴിഞ്ഞു. കമ്പ്യൂട്ടറിന്റെ വരവോടുകൂടി പഠന പ്രവർത്തനം ആകെ മാറ്റത്തിന് വിധേയമായി കഴിഞ്ഞു. ഇംഗ്ലീഷ് ഭാഷമാത്രം അറിഞ്ഞിരുന്ന കമ്പ്യൂട്ടറുകളിൽ നിന്നും കാലം ഏറെ പുരോഗമിച്ചിരിക്കുന്നു. മലയാളം അടക്കമുള്ള പല പ്രാദേശിക ഭാഷകളും ഇന്ന് കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ച് വരുന്നു പ്രാദേശിക ഭാഷ ചിന്തിക്കുകയാണ് കംപ്യൂട്ടറിനെ ഇത്രകണ്ട് ജനകീയമാക്കുവാൻ സഹായിച്ചത്. മലയാളം കംമ്പ്യൂട്ടിംഗിന്റെ ഇന്നത്തെ പ്രാധാന്യവും ഉപയോഗവും എല്ലാം നോക്കുമ്പോൾ മലയാളത്തെ മറക്കുന്ന ഒരു തലമുറ ഇനി ഉണ്ടാകുമെന്ന് തോന്നുന്നില്ല. വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുവാനും മാതൃഭാഷയിലുള്ള കമ്പ്യൂട്ടർ ഉപയോഗത്തിലൂടെ സാധിക്കും. ശ്രേഷ്ഠ ഭാഷാ

പദവിയുള്ള നമ്മുടെ മലയാളത്തിന് കമ്പ്യൂട്ടിംഗ് രംഗത്ത് കൂടുതൽ പ്രചാരം നൽകുന്നതിനായി ഇന്ന് ധാരാളം പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നുണ്ട്.

ഇതിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഭാഗമായി മികച്ച പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടായി മലയാളം കമ്പ്യൂട്ടിങ്ങിൽ സമ്പുദ്ധരായ കുറേ മിടുക്കികളും, മിടുക്കന്മാരും ഇതിൽ മികവ് തെളിയിച്ച എല്ലാ അധ്യാപകരുടെയും സഹായത്താൽ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മാണം ഏറ്റെടു-ക്കുകമുണ്ടായി. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ മികവാർന്ന സൃഷ്ടികൾ ഇതിൽ ഉൾക്കൊള്ളിക്കുകയും ഉണ്ടായി.ഇങ്ങനെയുള്ളകൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമാകുവാൻ എനിക്കും കഴിഞ്ഞതിൽ ഏവർക്കും നന്ദി അറിയിച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.



**പ്രശാന്ത്.ബി.**
സ്റ്റാഫ് എഡിറ്റർ
ഇംഗ്ലീഷ് അധ്യാപകൻ



സാങ്കേതികവിദ്യയുടെ സാധ്യതകൾ വിദ്യാർത്ഥി മനസ്സുകളിൽ എത്തിക്കുകയും നൂതന ആശയങ്ങൾ അവരിൽ നിന്നും ലോകത്തിന് സമ്മാനിക്കുകയും ചെയ്യുന്ന ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികൾക്ക് എഴുത്തിന്റെ മായാ പ്രപഞ്ചത്തിലും തങ്ങളുടെ കൈയ്യൊപ്പ് ചാർത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു

**ശ്രീജ**
മലയാളം അധ്യാപിക

# നമ്മുടെ കൊട്ടാരം



കൃഷ്ണപുരം കൊട്ടാരം

# ഡി.റ്റി.പി.വർക്ക്



**ശ്രീഹരി.ബി**
**IX.B**



**ആദിനാഥ്.എസ്സ്**
**IX.A**

# ക്യാമറ



ഗോകുൽ കൃഷ്ണ ആർ ഷേണായി
IX.B



ശ്രീഹരി.ബി
IX.B



ആദിനാഥ്.എസ്സ്
IX.A



അക്ഷയ് മാധവ്
IX.B

# നമ്മുടെ പ്രതിഭകൾ



# അമീൻ മുഹമ്മദ് എം

ഏത് പ്രവർത്തനങ്ങളും സന്തോഷത്തോടെ സ്വീകരിക്കുകയും അതിൽ 100% പൂർണതയോടെ ചെയ്തു തരുന്ന സ്കൂളിന്റെ അഭിമാനം. വിദ്യാർത്ഥികളുടെ ഇടയിൽ ഒരു വേറിട്ട മുഖം. അമീൻ മുഹമ്മദ് ....എന്തിനായാലും 100% പൂർണ്ണത ആഗ്രഹിക്കുന്ന വിദ്യാർത്ഥി .2021-24 വർഷത്തെ ലിറ്റിൽ കൈറ്റ്സിന്റെ അഭിമാനം. 2023-ൽ സംസ്ഥാന ലവൽ ക്യാമ്പിൽ പ്രോഗ്രാമിംങിന് പങ്കെടുത്ത് സംസ്ഥാനത്ത് തിരഞ്ഞെടുത്ത 10 പ്രോജക്ടുകളിൽ ഒന്ന് അവതരിപ്പിച്ച വിദ്യാർത്ഥി. ഇനിയും ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ. അഭിനന്ദനങ്ങൾ.... ആശംസകൾ...



# നന്മ.എം.എ

പേരിലെ നന്മയോടൊപ്പം കലാപരമായ നന്മകളും ഈ കുട്ടിയെ വ്യത്യസ്ത യാക്കുന്നു .അനിതര സാധാരണമായ മെയ് വഴക്കവും, ചാരുതയാർന്ന ഭാവാഭിനയവും കൊണ്ട് കാണികളെ തന്നോടൊപ്പം കൊണ്ടുപോകാൻ കഴിയുന്ന അതുല്യ കലാപ്രതിഭയാണ് നന്മ. സംസ്ഥാനതല കലോത്സവത്തിൽ കുച്ചുപ്പുടി ഒന്നാം സ്ഥാനം, ഭരതനാട്യം മൂന്നാം സ്ഥാനം, എന്നിവ കൂടാതെ നാടോടി നൃത്തം ,തിരുവാതിര, ദേശഭക്തിഗാനം എന്നിവയ്ക്ക് എ ഗ്രേഡോടു കൂടിയുള്ള വിജയം. ഭാവിയുടെ വാഗ്ദാനമായ ഈ കൊച്ചു മിടുക്കി കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിൽ പത്താം ക്ലാസിൽ പഠിക്കുന്നു



# ആര്യൻ.പി

ടെക് ഫെസ്റ്റ് 2023 ലെ ഇലക്ട്രിക്കൽ വയറിംങ് മത്സരത്തിൽ സംസ്ഥാനതല രണ്ടാം സ്ഥാനത്തിന് നമ്മുടെ സ്കൂളിലെ ആര്യൻ. പി അർഹനായി.

ആത്മാർഥതയും, അർപ്പണബോധവും, കഠിനാധ്വാനവും ഒന്നിച്ചു ചേർന്നതിന്റെ പരിണിതഫലമാണ് ആര്യന്റെ ഈ വിജയം. നിദ്രാ വിഹീനങ്ങളായ രാവുകളെ സാക്ഷിനിർത്തിയുള്ള കഠിന പരിശ്രമത്തിലൂടെ വിവിധതരം ഇലക്ട്രിക്കൽ വയറിംഗിന്റെ അഗാധതലങ്ങളിലേക്ക് എത്തിചേരാൻ കഴിഞ്ഞതിന്റെ ഫലമാണ് ആര്യൻ നേടിയ ഈ വിജയം. കൃഷ്ണപുരം ടി എച്ച് എസ്സിന്റെ മെഡൽ വേട്ടയിൽതന്റേതായ വ്യക്തി മുദ്ര പതിപ്പിക്കാൻ കഴിഞ്ഞ ആര്യന് അഭിനന്ദനങ്ങൾ



# അൻസിൽ. എൻ

2023ലെ ആൾ കേരള ടെക്നിക്കൽ ഹൈസ്കൂൾ കായികമേളയിൽ ആൺകുട്ടികളുടെ ട്രിപ്പിൾ ജംമ്പ് ജൂനിയർ വിഭാഗത്തിൽ സ്വർണ തിളക്കത്തോടെ ഒന്നാം സ്ഥാനം നേടി അൻസിൽ. എൻ കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിന്റെ വിജയകിരീടത്തിൽ പൊൻതൂവൽ ചാർത്തി. ചിട്ടയായ നിരന്തര പരിശീലനത്തിലൂടെയും, ആത്മാർത്ഥമായ പരിശ്രമത്തിലൂടെയുമാണ് അൻസിലിന് വിജയത്തിന്റെ ഈ സുവർണ്ണ പാത ചവിട്ടിക്കയറുവാൻ കഴിഞ്ഞത്. പകരം വെക്കുവാനില്ലാത്ത അഭിമാനനിമിഷത്തിന് കാരണക്കാരനായി സ്കൂളിന്റെ യശസ്സ് ഉയർത്തിയ അൻസിലിന് അഭിനന്ദനങ്ങൾ...

# കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിലെ ഭദ്രദീപം



## ഭദ്രൻ.ബി
**X.A**

പത്താം ക്ലാസ്സിൽ റഫ്രിജിറേഷൻ& എയർ കണ്ടീഷനിംഗ് ട്രേഡിൽ പഠിക്കുന്ന ഭദ്രൻ.ബി എന്ന വിദ്യാർത്ഥി കരാട്ടെ ബ്ലാക്ക് ബെൽറ്റ് നേടിയ മിടുക്കനാണ് എന്ന വിവരം നമുക്ക് എത്ര പേർക്ക് അറിയാം..


റോളർ സ്കേറ്റിംഗ് ലും ഈ മിടുക്കൻ കഴിവു തെളിയിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള വിവിധ ചാമ്പ്യൻഷിപ്പുകളിൽ മൂന്നാം സ്ഥാനമുൾപ്പടെയുള്ള വിജയങ്ങൾ കരസ്ഥമാക്കിയ ഈ പ്രതിഭ ഗിന്നസ് വേൾഡ് റിക്കോർഡിലും ഇടം പിടിച്ചു.



ഒരുമയുടെ വിജയം......

ഇക്കഴിഞ്ഞ ടെക്നിക്കൽ സ്കൂൾ കലോൽസവത്തിൽ A ഗ്രേഡോടെ മൂന്നാം സ്ഥാനത്തെത്തിയ നമ്മുടെ സ്വന്തം തിരുവാതിര ടീം.... വിജയം എന്നും നിങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് ടോപ്പേഴ്സ്








**അമീൻ മുഹമ്മദ് എം**
ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ലെവൽ ക്യാമ്പ് ജേതാവ്
**2023**



**ശ്രീഹരി . ബി , ശ്രാവൺ കൃഷ്ണ എം,**
**ഗോകുൽകൃഷ്ണ ആർ ഷേണായി**
2024 ലെ ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിൽ പങ്കെടുത്തവർ



അഭിഷേക് രാജ്,മുഹമ്മദ് ഷാമിൽ.എം,ഗോഗുൽ കൃഷ്ണ. ആർ. ശേണായി,
ആസിഫ് അലി. എം
അനിമേഷന് 2024 ലെ സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്തവർ



ശ്രീശാന്ത്. എസ്,ശ്രീഹരി. ബി,ശ്രാവൺ കൃഷ്ണ. എം,ആദിത്യൻ സൂരജ് പിള്ള
പ്രോഗ്രാമിങ്ങിന് 2024 ലെ സബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്തവർ

# ടെക്ക്നിക്കൽ ഹൈസ്കൂൾ, കൃഷ്ണപുരം



യോഗിക വിദ്യാഭ്യാസം തൊഴിൽ നൈപുണി യിലൂടെ സാധ്യമാക്കുന്നവയാണ് ടെക്നിക്കാൽ ഹൈസ്കൂളുകൾ സാങ്കേതിക വിദ്യാഭ്യാസംകരകൗശല വൈദഗ്ദ്യത്തിലും, തൊഴിലു മുള്ളഅറിവ് നൽകുന്നു. തൊഴിലില്ലായ്മ പരിഹരിച്ച് കൂടുതൽ ജോലി സാധ്യതയും, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും പ്രധാനം ചെയ്യാൻ ഇന്നത്തെ ഘട്ടത്തിൽ സാങ്കേതികവിദ്യാഭ്യാസ മേഖലക്ക് കഴിയുന്നു. അതുതന്നെയാണ് ടെക്നിക്കൽ ഹൈ സ്കൂളുകളുടെ പ്രാധാന്യവും 8-10 ക്ലാസ്സ് മുതൽ കുട്ടികളെ എൻജിനീയറിംഗ് പഠനത്തിന്റെ ഭാഗമാക്കുക എന്നതാണ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ പഠനരീതി . മികച്ച ബൗദ്ധിക സാഹചര്യം ഇന്നത്തെ പഠന നിലവാരം പഠനേതര പ്രവർത്തനങ്ങളിൽ പരിശിലനം, വിശാലമായ കളിസ്ഥലം,

ആത്മാർഥതയോടെയുള്ള അധ്യാപനം എന്നിവയെല്ലാം, ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിനെ വേറിട്ടു നിർത്തുന്നു .

ഏഴാം ക്ലാസ് വിജയിച്ച കുട്ടികൾക്ക് മത്സര പ്രവേശന പരീക്ഷയിലൂടെയാണ് കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നേടാൻ കഴിയുക.പൊതുവിദ്യാഭ്യാസ പഠന വിഷയങ്ങൾ കൂടാതെ എട്ടാം ക്ലാസിൽ എഞ്ചിനീയറിംഗ് ഡ്രോയിങ്, ജനറൽ വർക്ക്ഷോപ്പ് എന്നിവയും ഉണ്ട്

Automobile ,Electrical , Welding , Turning ,Fitting, R&AC, എന്നിവയാണ് പ്രധാന ട്രേഡുകൾ ഐച്ഛിക ട്രേഡ് തിരഞ്ഞെടുക്കാം. ട്രേഡിനോടൊപ്പം ജനറൽ എൻജിനീയറിങ്ങും പഠിക്കാം.

സ്മാർട്ട് ക്ലാസ്സുകൾ , ശീതീകരിച്ചകമ്പ്യൂട്ടർ



ലാബുകൾ, മികച്ച വർക്ക് ഷോപ്പുകൾ, വിപുലമായ ലൈബ്രറി എന്നിവയെല്ലാം ഉന്നത വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്.

65 വർഷത്തെ വിദ്യാദാന പാരമ്പര്യമുള്ള കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ സംസ്ഥാനതലത്തിൽ മികച്ച വിജയത്തിൽഒന്നാം സ്ഥാനമാണ്. കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷം പേരും വിവിധ സർക്കാർ സാങ്കേതിക വകുപ്പുകളിൽ ഉന്നത സ്ഥാനം അലങ്കരിക്കുന്നുണ്ട്. അതുതന്നെയാണ് ഈ സ്കൂളിന്റെ സാക്ഷ്യപത്രവും .ആധുനിക വൈദ്യുതി നിയന്ത്രണ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള എല്ലാ തരം വയറിംഗുകളും , വിവിധതരം വയറുകൾഉപയോഗിച്ചുള്ള സർക്യൂട്ടുകൾ എന്നിവ ഇലക്ട്രിക്കൽ വിഭാഗത്തിൽ പരിശീലിപ്പിക്കുന്നു.

ഇരുചക്രവാഹനങ്ങൾ മുതൽ ഹെവി മോട്ടോർ വാഹനങ്ങൾ വരെയുള്ള വർക്ക് ഷോപ്പിൽ വിവിധ എൻജിനുകളുടെ റിപ്പയറിങ്ങും സർവീസുകളും പഠിപ്പിക്കുന്നു.

എയർ കണ്ടീഷനിംഗ്, റഫ്രിജറേഷൻ വിഭാഗത്തിൽ ലോകോത്തര ബ്രാന്റുകളുടെ എ.സി., റഫ്രിജറേറ്റർ എന്നിവയുടെ പ്രവർത്തനങ്ങൾ സമഗ്രമായി പരിശീലിപ്പിക്കുന്നു.

വിവിധതരം വെൽഡിംഗുകൾ, ജലത്തിനടിയിൽ വെച്ച് ചെയ്യുന്ന പ്രത്യേകതരം വെൽഡിംഗ് എന്നിവയൊക്കെ വെൽഡിംഗ് സെക്ഷനൽ നിന്നു പഠിക്കാം. മെഷീൻ ഭാഗങ്ങൾ

കൃത്യമായ അളവിലും, രൂപത്തിലും ഫിറ്റിംഗ് സെക്ഷനിൽ കൃത്യമായ പ്രായോഗിക പരിശീലനത്തിലൂടെ ചെയ്യാൻ പഠിപ്പിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പത്താം ക്ലാസ് പരീക്ഷ തന്നെയാണ് ടെക്നിക്കൽ സ്കൂളിലും. അതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ് വിഷയങ്ങളിലുള്ള പരീക്ഷയും, പ്രായോഗിക പരീക്ഷയും നടക്കും. പത്താം ക്ലാസ് സർട്ടിഫിക്കറ്റ് മാത്രം വെച്ച് തന്നെ Tradesman , KSRTC എഞ്ചിനീയറിംങ്ങ് വിഭാഗത്തിൽ ജോലി എന്നിവ psc  പരീക്ഷയിലൂടെ നേടാം.ഉയർന്ന ശമ്പളവും, സമൂഹത്തിൽ മാന്യമായ സ്ഥാനവും ഇതുവഴി സ്വന്തമാക്കാനാവും.

തുടർ പഠനം നടത്താൻ പോളിടെക്നിക് കോളേജ് അഡ്മിഷൻ ലഭിക്കും. ഇതിന്  ടെക്നിക്കൽ സ്കൂൾ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്രവേശന ഇളവ് ഉണ്ട്. പോളിടെക്നിക് പഠനം എഞ്ചിനീയറിംഗ് പഠനം എന്നിവയ്ക്ക് വേഗത്തിൽ അഡ്മിഷൻ കിട്ടുന്നു . പഠനം ലളിതമാക്കാനും ഈ സാങ്കേതിക പഠനത്തിലൂടെ കഴിയുന്നു. കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിലെ ഉന്നത വിജയം നേടി പുറത്തു പോകുന്ന കുട്ടികൾക്ക് സ്കൂളിൽ പഠനേതര പ്രവർത്തനങ്ങളിലും പങ്കെടുക്കാനുള്ള അവസരമുണ്ട്.

ടെക്ഫെസ്റ്റ്, കലോത്സവം, സ്പോർട്ട്സ് എന്നി വിഭാഗങ്ങളിൽ സ്കൂൾ തല മത്സരം വിജയിക്കുന്ന കുട്ടികൾക്ക് നേരിട്ട് സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാൻ കഴിയും. പൊതു വിദ്യാഭ്യാസത്തിൽ  സ്കൂൾതല മത്സരം കഴിഞ്ഞാൽ സബ്ജില്ലാതലം ജില്ലാതലം എന്നീ മത്സരങ്ങളിലെ

വിജയികൾക്കു മാത്രമേ സംസ്ഥാനത്തിൽ പങ്കെടുക്കാൻ കഴിയുള്ളൂ. സംസ്ഥാനതലത്തിൽ ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് ഗ്രേഡ് മാർക്ക് ലഭിക്കുന്നതാണ്

ടെക്നിക്കൽ സ്കൂളിലെ പഠന സമയം 9 മണിമുതൽ 4.30 വരെയാണ്. സാധാരണ വിദ്യാഭ്യാസത്തേക്കാൾ കൂടുതൽ സമയം പഠനത്തിനുവേണ്ടി ചിലവഴിക്കുന്നവയാണ് ടെക്നിക്കൽ ഹൈസ്കൂളുകൾ.



**സിനി സാർ**

**ഫോർമാൻ ( ഇൻ ചാർജ്ജ് )**

# വിജയത്തിന്റെ നക്ഷത്ര തിളക്കവുമായി കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ




2023 ഡിസംബർ 5 ന് കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വർണ്ണശബളവും പ്രൗഢഗംഭീരവുമായ പിടിഎ മെറിറ്റ് അവാർഡ് ചടങ്ങ് വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷാമില അനസമോൻ ഉദ്ഘാടനം ചെയ്തു. കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിന്റെ പര്യായമായ 100% വിജയത്തിന് പുറമേ 26 ഫുൾ എപ്ലസിന്റെ തിളക്കവും കൂടിയായപ്പോൾ സമാനതകളില്ലാത്ത ചരിത്ര വിജയമായി ഇത് മാറി. ആത്മാർത്ഥതയും അർപ്പണബോധവും ഉള്ള അധ്യാപകരുടെ ശിക്ഷണത്തിൽ, പരിശ്രമമാണ് വിജയം എന്ന് അക്ഷരാർത്ഥത്തിൽ തെളിയിച്ച് സ്കൂളിന്റെ



ആത്മാഭിമാനം ഉയർത്തിപ്പിടിച്ച മിടുക്കർ അവാർഡുകൾ ഏറ്റുവാങ്ങി.

പഠന മികവിൽ മാത്രമല്ല, പഠനേതര മികവിലും പ്രാഗല്ഭ്യം തെളിയിക്കാൻ, കൃഷ്ണപുരം കൊട്ടാരത്തിന്റെ നെറുകയിൽ ഒരു തിലകക്കുറിയായി വിരാജിക്കുന്ന ഈ സരസ്വതീക്ഷേത്രത്തിന് കഴിഞ്ഞു. സംസ്ഥാനതലത്തിൽ ഇലക്ട്രിക്കൽ വയറിങ്ങിന് രണ്ടാം സ്ഥാനം ഉൾപ്പെടെ പങ്കെടുത്ത 9 പേരും ഗ്രേഡ് കരസ്ഥമാക്കി.

എ പ്ലസ് വിജയികൾക്കുള്ള മെറിറ്റ് അവാർഡ് മുഖ്യപ്രഭാഷകൻ കൂടിയായ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുൻ ഡയറക്ടർ ശ്രീ ആർ ജയകുമാർ വിതരണം ചെയ്തു. പ്രവേശന കടമ്പയായ എട്ടാം ക്ലാസ് എൻട്രൻസിന് ഒന്നാം റാങ്ക് നേടിയ ജേതാവിന് വാർഡ് കൗൺസിലർ ശ്രീമതി ബിന്ദു അശോക് അവാർഡ് നൽകിയപ്പോൾ , മുൻ സൂപ്രണ്ടും കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിന്റെ വിജയശിൽപിയുമായ ശ്രീ കെ ആർ അജിലാലിൽ നിന്നും സംസ്ഥാന ശാസ്ത്ര സാങ്കേതിക പ്രതിഭകൾ അവാർഡുകൾ ഏറ്റുവാങ്ങി.

ഈ സുന്ദര നിമിഷത്തിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നതിന് വേണ്ടി അരങ്ങിലും, അണിയറയിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അധ്യക്ഷ സ്ഥാനം അലങ്കരിച്ച സൂപ്രണ്ട് ഇൻ ചാർജ് ശ്രീമതി ബബിത വാമദേവൻ നിറസാന്നിധ്യമായി ഉണ്ടായിരുന്നു .ശ്രീ ബി.

രാജീവ്............ എന്നിവർ ആശംസകൾ കൊണ്ട് ധന്യമാക്കിയ ചടങ്ങിൽ പിടിഎ വൈസ് പ്രസിഡൻറ് ശ്രീ അബ്ദുൽ റഷീദ് സ്വാഗതവും, പിടിഎ സെക്രട്ടറി ശ്രീ ആനന്ദ് ജി കൃതജ്ഞതയും പറഞ്ഞു ദേശീയ ഗാനാലാപനത്തോടെ ചടങ്ങ് അവസാനിച്ചു.



## സിനി സാർ

**ഫോർമാൻ ( ഇൻ .ചാർജ്ജ് )**

# സർഗ്ഗസൃഷ്ടികൾ

# ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്കുള്ള അവിസ്മരണീയമായ യാത്ര

ലിറ്റിൽ കൈറ്റ്സ് ഐടി മത്സരത്തിൽ പങ്കെടുക്കുന്നത് ആവേശകരമായ ഒരു അവസരമായിരുന്നു, ഉപജില്ലാ ക്യാമ്പിൽ നിന്ന് അഭിമാനകരമായ ജില്ലാ ക്യാമ്പിലേക്ക് മുന്നേറിയപ്പോൾ എന്റെ യാത്രയ്ക്ക് ആവേശകരമായ വഴിത്തിരിവായി. വേദിയായ ആലപ്പുഴ മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ, പൂങ്കാവ് സൗഹൃദവും വെല്ലുവിളികളും അവിസ്മരണീയമായ അനുഭവങ്ങളും നിറഞ്ഞ രണ്ട് തീവ്രമായ ദിവസങ്ങൾക്ക് വേദിയൊരുക്കി.

ജില്ലാ ക്യാമ്പിലേക്ക് കാലെടുത്തു വെച്ചപ്പോൾ അന്തരീക്ഷം ആവേശത്തിന്റെയും



നിശ്ചയദാർഢ്യത്തിന്റെയും മുഖമുദ്രയായിരുന്നു. ഓരോ പങ്കാളിയിൽ നിന്നും ഏറ്റവും മികച്ചത് ആവശ്യപ്പെട്ട മത്സരങ്ങൾ കഠിനങ്ങളായിരുന്നു. ശോഭയുള്ള മനസ്സുകളുടെ കടലിനു നടുവിൽ, മാനസിക ക്ഷീണവും നേട്ടബോധവും നൽകുന്ന സങ്കീർണ്ണമായ ഐടി ടാസ്ക്കുകളുമായി പിണങ്ങി ഞാൻ എന്റെ പരിമിതികളിലേക്ക് തള്ളിയിടപ്പെട്ടു.





ആലപ്പുഴ സ്കൂൾ ഞങ്ങളുടെ ഉദ്യമങ്ങൾക്ക് സുഖപ്രദമായ പശ്ചാത്തലം നൽകി, ക്യാമ്പിൽ വിളമ്പിയ പാചക രുചികൾ വളരെ ആവശ്യമായ ഊർജ്ജത്തിന്റെ ഉറവിടമായി മാറി. ഐടി



വെല്ലുവിളികൾക്ക് ആവശ്യമായ തീവ്രമായ ശ്രദ്ധയിൽ നിന്ന് ഒരു ചെറിയ ഇടവേള വാഗ്ദാനം ചെയ്യുന്ന രുചികരമായ ഭക്ഷണം സ്വാഗതാർഹമായിരുന്നു.



തളർച്ച ഉണ്ടായിരുന്നിട്ടും, രാത്രികൾ മറ്റൊരു കഥയായിരുന്നു. സഹ

എതിരാളികളുമായുള്ള ബന്ധം വിശ്രമത്തിന്റെ പ്രിയപ്പെട്ട നിമിഷങ്ങളായി മാറി. ഞാനും കൂട്ടുകാരും ചിരിയും തന്ത്രങ്ങളും സ്വപ്നങ്ങളും പങ്കുവെച്ചപ്പോൾ രാത്രി ഓർമ്മകളുടെ ക്യാൻവാസായി. സമയം ഇഴഞ്ഞു നീങ്ങുന്നതായി തോന്നി, ഞാൻ അറിയുന്നതിന് മുമ്പ്, ക്ലോക്ക് പുലർച്ചെ 1 മണി അടിച്ചു - അന്തരീക്ഷത്തിൽ നിറഞ്ഞുനിന്ന സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും തെളിവ്.

എന്നിരുന്നാലും, 4 മണിക്കുള്ള ഉണർവ് കോൾ ഒരു പുതിയ ദിവസത്തിന്റെ തുടക്കം



കുറിക്കുന്നതിനാൽ രാത്രിയ്ക്ക് ആയുസ്സ് കുറവായിരുന്നു. എല്ലാ അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു, ഞാൻ



അർദ്ധരാത്രി എഴുന്നേറ്റു . ലക്ഷ്യബോധത്തോടെയും അർപ്പണബോധത്തോടെയും അസൈൻമെന്റുകൾ ചെയ്യണമെന്ന് ഞാൻ മനസ്സിലാക്കി.

മത്സരം, വെല്ലുവിളി നിറഞ്ഞതാണെങ്കിലും, ഫിനിഷിംഗ് ലൈനിലേക്കുള്ള ഓട്ടം മാത്രമല്ല. എല്ലാ പങ്കാളികളുടെയും കൂട്ടായ മനോഭാവത്തെക്കുറിച്ചായിരുന്നു അത്, ഓരോരുത്തരും ഇവന്റിന്റെ ഊർജ്ജസ്വലമായ മുന്നോട്ടു പോക്കിന് അവരുടേതായ സംഭാവന നൽകി. ചെറിയ മത്സരങ്ങൾ മൊത്തത്തിലുള്ള അനുഭവത്തിന് മസാല ചേർത്തു, അത് ഞാൻ എന്നേക്കും വിലമതിക്കുന്ന ഒരു അവിസ്മരണീയമായ യാത്രയാക്കി മാറ്റി.

ആത്യന്തികമായി, ജില്ലാ ക്യാമ്പ് ഐടി വൈദഗ്ധ്യത്തിന്റെ ഒരു പ്രദർശനം മാത്രമല്ല; അത് സൗഹൃദത്തിന്റേയും സഹിഷ്ണുതയുടെയും വെല്ലുവിളികളെ അതിജീവിച്ചതിന്റെ സന്തോഷത്തിന്റേയും ആഘോഷമായിരുന്നു. ആലപ്പുഴ മേരി ഇമ്മാക്കുലേറ്റ് സ്കൂൾ വിടുമ്പോൾ, ഐടി മത്സരത്തിൽ നിന്ന് നേടിയ അറിവുകൾ മാത്രമല്ല, എന്റെ ഹൃദയത്തിൽ എക്കാലവും പതിഞ്ഞുകിടക്കുന്ന ഓർമ്മകളുടെ ഒരു നിധി കൂടി ഞാൻ എന്നോടൊപ്പം കൊണ്ടുപോയി. ലിറ്റിൽ കൈറ്റ്സ് എന്റെ സാങ്കേതിക മികവ് പരീക്ഷിച്ചതേയില്ല; ഒരു മത്സരത്തിന്റെ അതിരുകൾ മറികടക്കുന്ന ഒരു അനുഭവം അത് എനിക്ക് നൽകി.



# ശ്രീഹരി.ബി

**IX.B**

# ഇന്റർനെറ്റ് എന്ന അപകടകരമായ സഹായി

ആധുനിക യുഗത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്ന ഒന്നാണ് "ഇന്റർനെറ്റ്". ഇന്റർനെറ്റ് നമുക്ക് വളരെയധികം സഹായകരമായ ഒന്നാണ്. ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ഓർക്കുക,"ഇന്റർനെറ്റ് വളരെയധികം സഹായകരമാണെങ്കിലും, അത് വളരെ അപകടകരവുമാണ്". ഇന്റർനെറ്റിന്റെ ഉപയോഗം നല്ലതാണ്. അത് നിയന്ത്രിച്ചുമാത്രം ഉപയോഗിക്കുക.ഇത് ഒരുതരം ലഹരിയാണ്, എന്നിരുന്നാലും ലോകം മുഴുവൻ ഇത് ഉപയോഗിക്കുന്നു. ഇന്ന് നമ്മുടെ സമൂഹത്തിൽ ഇന്റർനെറ്റ് ഉപയോഗിക്കാത്തവർ ആരും തന്നെയില്ലായിരിക്കും. ഇന്റർനെറ്റ് ഇല്ലാതെ ഇന്ന് ജീവിക്കുക ബുദ്ധിമുട്ടാണ്. ഇവയുടെ സഹായത്തലാണ് നാം ഇന്ന് ജീവിക്കുന്നത് എന്ന് നമുക്ക് പറയാം. ഒരു നാണയത്തിന് രണ്ട് വശങ്ങൾ ഉള്ളതുപോലെ



ഇന്റർനെറ്റിനും രണ്ട് വശങ്ങളുണ്ട്. ഒരു വശം നമുക്ക് വളരെ ഉപകാരപ്രദമാണ്. ഇവ ഉപയോഗിക്കുന്നത് കാരണം നമ്മുടെ  ലോകത്തിന്റെ ഏത് കോണുകളിൽ നടക്കുന്ന വിഷയത്തെക്കുറിച്ചും കൂടുതൽ അറിവുള്ളവരാകുന്നു. പുതിയ വാർത്തകൾ നിമിഷ നേരത്തിനുള്ളിൽ ഇന്റർനെറ്റിൽ ലഭ്യമാണ്. ലോകത്തിന്റെ രണ്ട് കോണുകലിരുന്നു ഇന്റർനെറ്റിന്റെ സഹായത്തോടെ കണ്ടു സംസാരിക്കാം. ഉദാഹരണത്തിന് കേരളത്തിലെ ഒരു ഗ്രാമവും അമേരിക്കയിലെ ഒരു നഗരവും തമ്മിൽ ബന്ധം സ്ഥാപിക്കാൻ ഇതുതന്നെ ധാരാളം. ഒരു വിഷയത്തെ കുറിച്ച് അറിയണമെങ്കിൽ, ഇന്റർനെറ്റിനോട് ഒന്ന് ചോദിച്ചാൽ മതി, നിമിഷ ത്തിനുള്ളിൽ അതിന്റെ സകല വിവരങ്ങളും നമുക്ക് ലഭിക്കും.



കോഴ്സുകൾ പഠിക്കാൻ സാധിക്കും. വിദ്യാർഥികൾക്കുവേണ്ടി ട്യൂഷൻ പോലെയുള്ള ക്ലാസുകൾ ലഭിക്കും. ഇന്റർനെറ്റിലൂടെ വിദ്യാഭ്യാസവും, തൊഴിലവസരങ്ങളും ലഭിക്കും. കുറ്റകൃത്യം ചെയ്തു ഒളിവിൽ പോകുന്ന പ്രതികളെ അനായാസം ഇന്റർനെറ്റ് വഴി ട്രാക്ക് ചെയ്തു അവർ എവിടെയുണ്ട് എന്ന് കണ്ടുപിടിക്കാൻ സാധിക്കും. ഇങ്ങനെ ഇന്റർനെറ്റിലൂടെ നമുക്ക് പല സഹായങ്ങളും ലഭ്യമാണ്.പല വലിയ നേട്ടങ്ങളുംവഇന്റർനെറ്റ് നമുക്ക് തതന്നു, എന്നിരുന്നാലും സമൂഹത്തിലെ ഏറ്റവും വിനാശകരമായ ഒരു ശക്തിയാണ് ഇന്റർനെറ്റ്.ഇതിന്റെ മറുവശം വളരെ അപകടം നിറഞ്ഞതാണ്. ഇതിന്റെ ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ ഗുരുതരമായ ആപത്തുകൾ

ഉണ്ടാകാം. അമിതമായ ഇതിന്റെ ഉപയോഗം നമ്മുടെ ജീവിത ക്രമത്തെ തന്നെ ബാധിക്കുന്നു. നമ്മുടെ സമയത്തിന്റെ നല്ലൊരു പങ്കും ഇത് കവർന്നെടുക്കുന്നു. തുടർന്ന് ഒന്നിനും സമയം കിട്ടാതെ ആകുന്നു. ഇവ കുട്ടികളിലെ വായന, സൗഹൃദബന്ധം തുടങ്ങിയവയ്ക്ക് തടസ്സം ഉണ്ടാക്കുന്നു. ഒരു ബുക്ക് വായിക്കണമെങ്കിൽ ഇന്റർനെറ്റിനോട് പറഞ്ഞാൽ മതി, അത് നമുക്ക് ആ ബുക്ക് വായിച്ച് തരും. ഇത് കുട്ടികളിൽ അലസതയും ക്ഷീണവും,കൂട്ടുന്നു. അവരിലെ കായികപരമായ കഴിവുകൾ ഇല്ലാതാക്കുന്നു. സമൂഹത്തിൽ എങ്ങനെ ഇടപെടണം, എപ്പോൾ സംസാരിക്കണം എന്ന് അവർക്കറിയാതെ ആകുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ മുൻപും പുറവും നോക്കാതെ



എടുത്തുചാടുന്ന സ്വഭാവത്തിന് ഉടമയാകുന്നു, ചിന്തിക്കാനുള്ള ശേഷി അവരിൽ കുറഞ്ഞുവന്നു. അവരിൽ അവരുടേതായ നാല് ചുവരുകളുള്ള ലോകത്തേക്ക് മാത്രം ചുരുങ്ങുന്നു.എന്നാൽ പല വലിയ നേട്ടങ്ങളെല്ലാം ഇന്റർനെറ്റ് നമുക്ക് തന്നു, എന്നിരുന്നാലും സമൂഹത്തിലെ ഏറ്റവും വിനാശകരമായ ഒരു ശക്തിയാണ് ഇന്റർനെറ്റ്.ഇതിന്റെ മറുവശം വളരെ അപകടം നിറഞ്ഞതാണ്. ഇതിന്റെ ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ ഗുരുതരമായ ആപത്തുകൾ ഉണ്ടാകാം. അമിതമായ ഇതിന്റെ ഉപയോഗം നമ്മുടെ ജീവിത ക്രമത്തെ തന്നെ ബാധിക്കുന്നു. നമ്മുടെ സമയത്തിന്റെ നല്ലൊരു പങ്കും ഇത് കവർന്നെടുക്കുന്നു. തുടർന്ന് ഒന്നിനും സമയം കിട്ടാതെആകുന്നു. ഇവ കുട്ടികളിലെ വായന, സൗഹൃദബന്ധം തുടങ്ങിയവയ്ക്ക്

തടസ്സം ഉണ്ടാക്കുന്നു.

നാം മനുഷ്യനെ ഇന്റർനെറ്റ് വിലമതിക്കാനാകാത്ത ഒന്നാണ്. ഇന്റർനെറ്റ് നമുക്ക് പല നേട്ടങ്ങളും കൈവരിച്ചു തന്നിട്ടുണ്ട്.

എന്നിരുന്നാലും,അതിന്റെ ഉപയോഗം നാം നിയന്ത്രിക്കേണ്ടതുണ്ട്. ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങൾ മനുഷ്യന്റെ നന്മയ്ക്കാണ്. അത് ദുരുപയോഗം ചെയ്യുന്നതും സ്വയം ആപത്തുണ്ടാക്കി വെക്കുന്നതും മനുഷ്യന്റെ വിവരമില്ലായ്മയാണ്. ഇന്റർനെറ്റ് നല്ല ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുക, അമിതമായ അതിന്റെ ഉപയോഗം ആപത്താണ്. അതിന് നമ്മുടെ ജീവൻ എടുക്കാൻ വരെ സാധിക്കും. ഇന്റർനെറ്റിന്റെ ഉപയോഗം നിയന്ത്രിച്ച് ഇന്റർനെറ്റ് കാരണം അപകടങ്ങളോ, നഷ്ടങ്ങളോ, സംഭവിക്കാത്ത ഒരു പുതിയ തലമുറ പിറവിയെടുക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



**ബാലുകൃഷ്ണ.എ**
**IX.A**

# നന്മയുടെ ലോകം

സർക്കാർ ബസ്സിന് പുറകെ ഓടുന്ന ഒരു ചെറുക്കൻ. അവന്റെ



ഓട്ടം കണ്ടിട്ട് ബസ്സുകാരൻ ചവിട്ടി. കീറിയ ചെരുപ്പുകളാൽ അവൻ ബസ്സിൽ കയറി. ബസ്സിൽ കയറിയ അവൻ എല്ലാവരെയും ഒന്ന് നിരീക്ഷിച്ചു. അവന്റെ ഉദ്ദേശം ഒരാളുടെ പോക്കറ്റ് അടിക്കണം എന്നായിരുന്നു. അവൻ ഒരു വയസ്സായ മുത്തശ്ശിയെ കണ്ടു, അതാണ് സുരക്ഷിതം എന്ന് വിചാരിച്ചു അവൻ അടുത്തു അപ്പോഴേക്കും കണ്ടക്ടർ അവിടെ എത്തി. അമ്മൂമ്മ പേഴ്സ് എടുത്തു ടിക്കറ്റ് വാങ്ങി, ആ ടിക്കറ്റ് തിരിച്ചു പേഴ്സിൽ വച്ചു, ആ പേഴ്സ് സഞ്ചിയിൽ വെച്ചു.

അമ്മൂമ്മയുടെ പേഴ്സിലേക്ക് അവന്റെ കണ്ണുകൾ പതിഞ്ഞു. അവൻ അതിൽ തന്നെ നോക്കിയിരുന്നു. അവനെ കണ്ടക്ടർ തട്ടി വിളിച്ചിട്ട് ചോദിച്ചു "ടിക്കറ്റ് ആണോ അതോ കൺസഷനോ". തന്റെ നരച്ച ബാഗിൽ നിന്നും കൺസഷൻ എടുത്ത് കണ്ടക്ടറെ കാണിച്ചു. കണ്ടക്ടർ പോയതിനുശേഷം അമ്മൂമ്മ അവനോട് പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു "സ്കൂളിലേക്കാണോ". അവൻ താല്പര്യമില്ലാത്തത് പോലെ തലകുലുക്കി. അവന്റെ താൽപര്യമില്ലായ്മ കണ്ട് പിന്നെ അവനോടൊന്നും ചോദിക്കാൻ നിക്കാതെ പുറത്തേക്കു നോക്കി നിന്നു.

അമ്മൂമ്മയുടെ ശ്രദ്ധ തിരിഞ്ഞു എന്ന് മനസ്സിലാക്കിയ അവൻ ഇതാണ് തക്കസമയം എന്ന് മനസ്സിലാക്കി. അപ്പോഴും അവൻ ഒരു നിമിഷം ആലോചിച്ചു താൻ ചെയ്യുന്നത് തെറ്റല്ലേ, പക്ഷേ തന്റെ സാഹചര്യം കാരണം അവൻ

എടുക്കാൻ തന്നെ തീരുമാനിച്ചു. കഴുകൻ ഇരയെ പിടിക്കുന്നത് പോലെ അവൻ സഞ്ചിയിൽ നിന്ന് പേഴ്സ് കൈക്കൽ ആക്കി ഒളിപ്പിച്ചുവെച്ചു.
അപ്പോഴേക്കും ടിക്കറ്റ് നോക്കുന്നയാൾ അവിടെ എത്തി. അവൻ തന്റെ കൺസഷൻ കാണിച്ചു. അമ്മൂമ്മ തങ്ങളുടെ പേഴ്സ് അവിടെയെല്ലാം നോക്കി പക്ഷേ അവിടെ എങ്ങും ഇല്ലായിരുന്നു അമ്മൂമ്മ ആകെ ഉത്കണ്ഠയായി. അമ്മുമ്മയുടെ ടിക്കറ്റ് കാണുന്നില്ല എന്ന് മനസ്സിലാക്കിയ അയാൾ പറഞ്ഞു "അമ്മയെ എനിക്കറിയാവുന്നതല്ലേ ടിക്കറ്റ് പിന്നെ കാണിച്ചാൽ മതി". അമ്മുമ്മ വിഷമത്തോടെ ഒന്നും മൂളി
അയാൾ പിന്നെയും ചോദിച്ചു "അമ്മൂമ്മ എവിടെ പോകുന്നു മക്കൾ എല്ലാരും എന്ത് ചെയ്യുന്നു, കുറേക്കാലമായി അവരെ ഞാൻ കണ്ടിട്ട്". അമ്മുമ്മ പറഞ്ഞു "അവർക്ക് ആവശ്യമുള്ളതെല്ലാം എടുത്തു എന്നിട്ട് എന്നെ തനിച്ചാക്കി പോയി. ഇപ്പോൾ ആറുമാസമായി ക്യാൻസറുമായി അതിനിടയിൽ ഒരു അറ്റാക്കും. അവർക്ക് എന്നെ ഓർമ്മയുണ്ടോ എന്തോ. അത് വിട്, ഞാനിപ്പോൾ ചെക്കപ്പി നായാണ് പോകുന്നത്.
അയാൾ പറഞ്ഞു "എല്ലാം ശരിയാകും അമ്മേ"
അമ്മൂമ്മയുടെ വിഷമകരമായ കഥകേട്ട് അവന്റെ തലതാന്നു, പേഴ്സ് തിരികെ നൽകി എന്നിട്ട് പറഞ്ഞ "അമ്മൂമ്മ എനിക്ക് പൈസ വേണ്ട അമ്മാമ്മ ഈ പൈസ കൊണ്ട് ചെക്കപ്പ് നടത്തിക്കോ.
അമ്മൂമ്മയ്ക്ക് ആ നിമിഷം വിഷമവും സങ്കടവും എല്ലാം വന്നു. അവനോട് ചോദിച്ചു എന്തിനായിരുന്നു നീ ഇത് എടുത്തത്.
അവൻ തന്റെ തല കുനിച്ചുകൊണ്ട് പറഞ്ഞു "എൻറെ അമ്മ കുഞ്ഞിനാളിൽ തന്നെ മരിച്ചു. എനിക്ക് സഹോദരനൊ സഹോദരിയൊ ഇല്ല. ഞാനും അച്ഛനും ഒറ്റയ്ക്കാണ് താമസിക്കുന്നത്. അച്ഛന് വലിയ പണം ഒന്നുമില്ല. തലേന്ന് എനിക്ക് ഇന്ന് ഫീസ് തരാനുള്ള പൈസയുമായി വരാമെന്ന് പറഞ്ഞിട്ട് പോയതാണ് പക്ഷേ വീട്ടിൽ വന്നെത്തിയത് കുടിച്ചിട്ടും കാശ് എല്ലാം

ചിലവാക്കിയിട്ടുമായിരുന്നു. എനിക്ക് ഫീസ് അടയ്ക്കാൻ വേണ്ടിയാണ് ഞാൻ ഈ പൈസ എടുത്തത്".
അമ്മുമ്മ അവൻറെ കയ്യിൽ കുറച്ച് പണം നൽകിയിട്ട് പറഞ്ഞു "മോനെ നീ പൈസ എടുത്തു നീ പോയി ഫീസ് അടക്കി നീ നല്ലതായി പഠിക്ക്".
അവനാ പൈസ കണ്ണീർ നനച്ച് വാങ്ങി.അപ്പോൾ കണ്ടക്ടർ സ്കൂൾ എത്തിയെന്ന് വിളിച്ച് പറഞ്ഞു. അവന ബസ്സിൽ നിന്ന് ഇറങ്ങി എന്നിട്ട് ഒരായിരം നന്ദി അമ്മയോടും ദൈവത്തിനോടും പറഞ്ഞു.



നിർമ്മാതാവ്
**ശ്രീഹരി.ബി**

# എന്റെ കേരളം




ഇന്ത്യയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറിയ സംസ്ഥാനമാണ് കേരളം .ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് സാക്ഷരതാ നിരക്കിൽ ഒന്നാം സ്ഥാനമാണുള്ളത് . ഭാഷാ അടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിനാണ് ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണമുള്ള കേരളം രൂപപ്പെട്ടത് . കേരളത്തിന്റെ പടിഞ്ഞാറ് അറ്റത്ത് അറബിക്കടലും ,കിഴക്ക് പശ്ചിമഘട്ടവുമാണ്.നദികളും ,കായലുകളും കൊണ്ട് അതിമനോഹരമാണ്

നമ്മുടെ ഈ കൊച്ചു കേരളം കേരളത്തിന്റെ പ്രധാനഭാഷ മലയാളമാണ്. കേരളത്തിലാകെ 14 ജില്ലകളാണുള്ളത് .ഏറ്റവും വലുത് ഇടുക്കിയും ,ഏറ്റവും ചെറുത് ആലപ്പുഴയുമാണ്. കൊച്ചിയെ 'അറബിക്കടലിന്റെ റാണി' എന്നും ആലപ്പുഴയെ 'കിഴക്കിന്റെ വെനീസ്' എന്നും കുട്ടനാടിനെ 'കേരളത്തിന്റെ നെല്ലറ' എന്നും വിശേഷിപ്പിക്കുന്നു. കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമാണ് . നദികളും ,തടാകങ്ങളും ,കായലുകളും ,കുളങ്ങളും കൊണ്ട് ജലസമൃദ്ധമായ മണ്ണാണ് കേരളത്തിന്റേത്

കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി പെരിയാരാണ് .വിദ്യാഭ്യാസത്തിൽ ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ

മുന്നിലാണ് ഈ കൊച്ചു കേരളം. കേരളത്തിലാകെ 44 നദികൾ , അതിൽ 41 എണ്ണവും സഹ്യപർവതത്തിൽ നിന്നുത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്നു ,ബാക്കി മൂന്നു നദികൾ കിഴക്കോട്ടാണ് ഒഴുകുന്നത്.
നെല്ല് ,തെങ്ങ് ,റബ്ബർ ,എന്നി വയാണ് കേരളത്തിൻ്റെ പ്രധാന കർഷക വിളകൾ . നൂറ്റാണ്ടുകൾ പഴക്കമുള്ള ആയുർവേദ ചികിത്സ സമ്പ്രദായവും ,വന്യജീവി സമ്പത്തുമെല്ലാം തന്നെ കേരളത്തിൻ്റെ പ്രത്യേകതകളാണ്



പാർവതി.ജെ.എസ്
VIII A

# മഴക്കാലം



മഴക്കാലംഎനിക്കൊരു മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു സമ്മാനിച്ചത്. സ്കൂൾ തുറക്കാൻ ആവേശത്തോടെ കാത്തിരുന്ന ഒരു കുട്ടിയെ പോലെ മഴയും വന്നെത്തി.

സ്കൂൾ തുറന്നു ഒരാഴ്ച പിന്നിട്ടിട്ടും മഴ ശക്തിയായി പെയ്യുകൊണ്ടിരുന്നു. പുതിയ യൂണിഫോം, ബാഗും, കുടയുമായി ഞാൻ സ്കൂളിൽ പോകാൻ വീട്ടിൽ നിന്നും ഇറങ്ങി.

അന്ന് നല്ല മഴയുള്ള ദിവസമായിരുന്നു. മഴയായതിനാൽ റോഡ് മുഴുവൻ ചെളിവെള്ളം

ഉണ്ടായിരുന്നു. കുടച്ചൂടി എങ്കിലും എൻറെ ബാഗും യൂണിഫോമും എല്ലാം നനഞ്ഞു കുതിർന്നു. പെട്ടെന്ന് ഒരു ബൈക്ക് കടന്നുപോയതും എൻറെ യൂണിഫോം ചെളിവെള്ളം തെറിച്ചതും ഒരുമിച്ചായിരുന്നു. അന്ന് ഞാൻ സ്കൂളിൽ പോകാതെ തിരികെ വീട്ടിലേക്ക് പോയി.

ഞാൻ സ്കൂളിൽ പോകുന്നത് തടഞ്ഞ അന്നത്തെ മഴയോട് എനിക്ക് നല്ല ദേഷ്യം ഉണ്ടായിരുന്നു. പിന്നെ ആ സംഭവം കൂട്ടുകാരുമൊത്ത് പറഞ്ഞു ചിരിക്കുന്ന ഒരു തമാശയായി മാറി.



# അനുഭവക്കുറിപ്പ് :

# ഹബീബ. ബാബു

**VIII A**

# അതിർവരമ്പുകൾ



ഇന്നു നാം കാണുന്ന
ഈ അതിർത്തികളെ
സഹസ്രാബ്ദങ്ങളായി മാഞ്ഞും
മാറ്റി വരച്ചും കുറുകെ സഞ്ചരിച്ചു
മനുഷ്യവംശം മുന്നേറുകയാൽ
ഈ അതിർത്തികൾ മാറ്റിവരച്ച
വരകളുടെ ചരിത്രത്തിന്റെ അവസാന
ബിന്ദുവും,ഈ ദേശത്തിന്റെ
സുദീർഘമാംചരിത്രത്തിന്റെ അവസാന
നിമിഷമാത്രമീ രേഖ

ദേശിയത എന്ന വൻമതിലാൽ
ഒടുവിൽ രൂപപ്പെട്ട
അതിർത്തികൾക്കപ്പുറമിപ്പുറമായി
മനുഷവംശത്തെ പിളർത്തുന്നു

എവിടെയൊക്കെയാണോ ലോകം
ഇടുങ്ങിയ ചുമരാൽ വെട്ടിമുറിക്ക
പെടാത്തത്, ആ സ്വർഗത്തെ
പോലെഎന്റെ
രാജ്യവും
ഉയരങ്ങളിലെക്ക് എത്തട്ടെ.....



## ഗോകുൽകൃഷ്ണ ആർ ഷേണായി
**IX.B**

# യുദ്ധവും സമാധാനവും

ഒരു സാധാരണ പഴഞ്ചൊല്ല് അനുസരിച്ച്, യുദ്ധങ്ങൾ ഒരിക്കലും നല്ലതല്ല, സമാധാനം ഒരിക്കലും മോശമല്ല എന്തിരുന്നാലും മനുഷ്യരാശിയുടെ ചരിത്രം പരിശോധിച്ചാൽ ചരിത്രാതീതകാലം മുതൽ യുദ്ധങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാകും. ഇതില്ലാകാനുള്ള ശ്രമങ്ങൾ നടന്നെങ്കിലും ഇതുവരെ വിജയിച്ചിട്ടില്ല അൽഫലമായി, അനന്തമായ സമാധാനം വ്യക്തമായി തുടരുന്നു.യുദ്ധങ്ങൾ ആവശ്യമാണെന്ന് കുറച്ചാളുകൾ വാദിക്കുന്നു. കാരണം അത് പ്രകൃതിയുടെ നിയമമാണ്. ജീവനുള്ളതും നിർജീവാവുമായ എല്ലാ പ്രകൃതിയിലും അതിജീവനത്തിന് ആയുള്ള പോരാട്ടമുണ്ട്. ഈ അർത്ഥത്തിൽ, മനുഷ്യരാശിയുടെ വളർച്ചയ്ക്ക് യുദ്ധം അത്യന്താപേക്ഷിതമാണ്, അതില്ലാതെ ഒരു വളർച്ചയും ഇല്ല യുദ്ധങ്ങളെല്ലാം ഇപ്പോഴും വലിയ നാശനഷ്ടങ്ങൾ എന്ന് കരയുന്നതിൽ ഈ ആളുകൾ പരാജയപ്പെടുന്നു അവർ മഹാത്മാഗാന്ധിയുടെ അഹിംസയുടെ പഠിപ്പിക്കലുകൾ അവഗണിക്കുന്നു, അത് പാലിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മാതൃ രാജ്യത്തെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച പ്രബലരായ ബ്രിട്ടീഷുകാരെ ഗാന്ധി പുറത്താക്കിയാൽ മറ്റുള്ളവർ

എന്തുകൊണ്ട് അതേ കാൽപാടുകൾ പാലിക്കുന്നില്ല എന്ന് അവർ മറക്കുന്നു. യുദ്ധങ്ങൾ അനിവാര്യമായ തിന്മകളാണ് അതുപോലെ തന്നെ അവയുടെ ജയന കഥകൾ വാക്കുകളിൽ വിശദീകരിക്കാൻ കഴിയാത്ത അത്രയും വലുതാണ് രണ്ട് ലോകമഹായുദ്ധങ്ങളുടെയും ഭീകരത നാം അവഗണിക്കേണ്ടതില്ല. യുദ്ധങ്ങളെ കൂട്ടക്കൊലയും കെട്ടിടങ്ങളുടെ നാശവും ഉണ്ടായി. ആയിരങ്ങൾ അനാഥരും വിധവകളും ആക്കി. യുദ്ധം വെറുപ്പുള്ള വാക്കുന്നു, അബദ്ധം പരത്തുന്നു. ആളുകൾ നിർഭയരും അതുപോലെതന്നെ അഹന്തയുള്ളവരുമായി മാറുന്നു. അതിന്റെ ഫലമായി മാനവികതയോടൊപ്പം തത്വങ്ങളുടെ അനുഭവവും യുദ്ധം എല്ലാ മനുഷ്യരാശിയുടെയും മനുഷ്യ ലോകത്തിന്റെയും ശത്രുവാണ്, അത് ഒരു തരത്തിലും മഹത്വപ്പെടുത്താൻ കഴിയില്ല വഴിയല്ല.യുദ്ധങ്ങൾ പ്രശ്നങ്ങൾക്കുള്ള വഴിയല്ല പകരം അവർ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും രാജ്യങ്ങൾക്കിടയിൽ വെറുപ്പ് ഉണ്ടാക്കുകയും ചെയ്യുന്ന യുദ്ധത്തിന് ഒരു പ്രശ്നം തീരുമാനിക്കാൻ കഴിയും എന്നാൽ പലതിനും ജന്മം നൽകുന്നു. ഹിരോഷിമയും നാഗസാക്കിയും യുദ്ധങ്ങളുടെ ഏറ്റവും നല്ല ഭീകരമായ മുഖങ്ങളാണ് 60 വർഷങ്ങൾക്ക് ശേഷം വ്യക്തികൾ യുദ്ധത്തിന്റെ വേദനകൾ കൈകാര്യം ചെയ്യുന്നു. യുദ്ധത്തിന്റെ കാരണമെന്തു തന്നെയായാലും അത് എല്ലായിപ്പോഴും ജീവിതത്തിനും, കെട്ടിടത്തിനും വലിയ നാശം ഉണ്ടാക്കുന്നു.

ആധുനികയുദ്ധത്തിന്റെ പരിഹാസ്യമായ മുഖങ്ങളിൽ ആണ്, തീവ്രവാദമാണ്, അത് സക്കറിയ ഏറ്റവും ശക്തനെ ലക്ഷ്യം വഹിക്കുകയും നിയന്ത്രണത്തിന് അപ്പുറം അപകടങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. തീവ്രവാദികളും സംസ്കാരങ്ങളോ വിശ്വാസങ്ങളോ നിവേദനം കാണിക്കുന്നില്ല. മനുഷ്യത്ത്വമാണ് 2001 സെപ്റ്റംബർ 11ന് വെൽഡ് ട്രേഡ് സെന്ററിന്റെ പ്രധാന ഇരട്ട ഗോപുരങ്ങൾ അടിച്ചു തകർത്തു, തന്ത്രപരവും നന്നായി ഏകോപിപ്പിച്ചതും സ്വയം നശിപ്പിക്കുന്നതുമായ നിരവധി വലിയ ഭീകര നടപടികളിലൂടെയാണ് ലോകത്തിന്റെ മഹാശക്തിയായ യു.എസ്.എ ഇന്ത്യൻ പാർലമെന്റും ആക്രമിക്കപ്പെട്ടു.

ഈ തീവ്രവാദികളോ മാവോയിസ്റ്റുകളോ ആരാധനാലയങ്ങൾ വിട്ടു പോയിട്ടില്ല. ഈ ഭീകരാക്രമണങ്ങൾ നമ്മുടെ സംസ്കാരത്തിൽ പാളം തെറ്റിയ തീക്ഷ്ണത മാത്രമാണ്. ലക്ഷ്യങ്ങളില്ലാതെ ചില ന്യായീകരണങ്ങൾക്ക് കീഴിലാണ് അവർ പ്രവർത്തിക്കുന്നത്. ചരിത്രപരമായി,യുദ്ധം എല്ലായിപ്പോഴും മനുഷ്യരുടെ ഏറ്റവും വലിയ കളങ്കമാണ്.മനുഷ്യൻ തന്നെ അത് വികസിപ്പിച്ചതുകൊണ്ടാണ് ഇന്ന് അത് എല്ലാ മാനുഷിക സമ്മർദ്ദങ്ങൾക്കും അപ്പുറമായി മാറിയത് തൽഫലമായി, മനുഷ്യരാശിക്ക് മാനവികതയ്ക്കായി അത് പഠിക്കാനുള്ള ഒരു മുൻകാല വീക്ഷണം ഉണ്ടായിരിക്കണം, അല്ലെങ്കിൽ യുദ്ധമോ മനുഷ്യതത്വമോ ഒന്നും നിലനിൽക്കില്ല. യുദ്ധം ഒരു തിന്മയാണെന്നതിൽ സംശയമില്ല മനുഷ്യർക്ക്

സംഭവിക്കുന്ന ഏറ്റവും വലിയ വിപത്താണ്, അത് മരണവും നാശവും രോഗവും പട്ടിണിയും ദാരിദ്ര്യവും കൊണ്ടുവരുന്നു. യുദ്ധത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങൾ കണക്കാക്കൽ വർഷങ്ങൾക്കു മുൻപ് വിവിധ രാജ്യങ്ങളിൽ സംഭവിച്ച നാശത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ മതി. ആധുനിക യുദ്ധങ്ങളുടെ പ്രത്യേകിച്ച് അസ്വസ്ഥ ജനകരമായ ഒരു വശം, അവ ആഗോളമായി മാറുകയും അങ്ങനെ ലോകത്തെ മുഴുവൻ വിഴുങ്ങുകയും ചെയ്യുന്ന എന്നതാണ്. എന്നാൽ യുദ്ധത്തെ മഹത്തായും വീരോചിതവുമായ ഒന്നായി കണക്കാക്കുകയും പുരുഷന്മാരിൽ ഏറ്റവും മികച്ചത് പുറത്തെടുക്കുന്ന ഒന്നായി അതിനെ കണക്കാക്കുകയും ചെയ്യുന്ന

ആളുകളുണ്ട്, എന്നാൽ യുദ്ധം ഭയാനകവുമായ ഒരു വിപത്താണെന്ന് വസ്തുതയെ ഇതു മാറ്റുന്നില്ല. ഇപ്പോൾ ആറ്റംബോംബുകൾ ഉപയോഗിച്ചാണ് യുദ്ധം നടക്കുക എന്നതിനാൽ ഇത് പ്രത്യേകിച്ചും സത്യമാണ്. യുദ്ധം എല്ലാ കാലഘട്ടങ്ങളുടെയും ലാണ് ഒരു സവിശേഷതയാണ്, അത് രാഷ്ട്രങ്ങളുടെ സാധാരണ ജീവിതത്തിൽ ഭാഗമായി കണക്കാക്കപ്പെടുന്ന അറിയപ്പെടുന്ന പുസ്തകമായ ഈ പ്രസിഡന്റ് രചയിതാവാ മക്കിയവെല്ലി രണ്ടു ഇടവേളയായി നിർവഹിച്ച യുദ്ധം സമാധാനത്തിന്റെ അലസതയിൽ നിന്നുള്ള രക്ഷപ്പെടലാണ്.



# വിനായകൻ എസ്
**IX.B**

## ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസ്സിൽ ഒരു ചോദ്യം.....

അല്ല ടീച്ചറെ....
ആനയും വെള്ളാനയും തമ്മിലുള്ള വ്യത്യാസം
എന്താണ്?
( കുരങ്ങു ചോദ്യമാണല്ലോ എന്ന് ടീച്ചർ
ചിന്തിച്ചു.)

ആന എപ്പോഴും ചേറ് പുരണ്ട് കരിങ്കൊടി പോലെ....
കറുകറുത്ത്,
മുറം പോലുള്ള
ചെവിയാട്ടി നടക്കും പനമ്പട്ടയാണ് തീറ്റ.....

വെള്ളാന എപ്പോഴും....
കഞ്ഞിപശ മുക്കി തേച്ചു മിനുക്കിയ
വെള്ളയുടുപ്പണിഞ്ഞ്

കൈയിലൊതുങ്ങാത്ത
"LAP TOP"
സഞ്ചിയിലിട്ട് തൂക്കി നടക്കും
കുഴിമന്തിയാണ് തീറ്റ.



**മുഹമ്മദ് ഫയാസ്. എ**
**VIII.A**

# അച്ഛൻ

നമ്മളുടെ ജീവിതത്തിൽ അധികമാരും പറയാത്ത ഒരു വ്യക്തിയാണ് നമ്മളുടെ അച്ഛൻ. അമ്മയെ കുറിച്ച് പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് എന്നാൽ അച്ഛനെക്കുറിച്ച് അധികം ആരും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. എന്റെ ജീവിതത്തിൽ മറ്റുള്ള എന്തിനേക്കാൾ ഞാൻ സ്നേഹിക്കുന്നത് വിശ്വസിക്കുന്നതും അച്ഛനെയാണെന്ന്. ഒരുപക്ഷേ അദ്ദേഹം ഞങ്ങളെ സ്നേഹിക്കുന്നതിന് ഫലമായിരിക്കാം അത്.ഒരു പിതാവ് കേവലം ഒരു ജീവശാസ്ത്രപരമായ ബന്ധം മാത്രമല്ല, ശക്തിയുടെയും മാർഗനിർദേശത്തിന്റെയും അചഞ്ചലമായ പിന്തുണയുടെയും സ്തംഭമാണ്.



തങ്ങളുടെ പ്രിയപ്പെട്ടവരുടെ ക്ഷേമത്തിനായി സ്വന്തം ആവശ്യങ്ങൾ ത്യജിച്ചുകൊണ്ട് കുടുംബം പുലർത്താൻ അക്ഷീണം പ്രയത്നിക്കുന്ന, പാടുപെടുന്ന നായകന്മാരാണ് പിതാക്കന്മാർ. അവരുടെ ശാന്തമായ പ്രതിരോധശേഷിയും നിശ്ചയദാർഢ്യവും അവരുടെ മക്കളുടെ വർത്തമാനത്തെ മാത്രമല്ല, ഭാവിയെയും രൂപപ്പെടുത്തുന്നു.

ഉത്തരവാദിത്തങ്ങൾക്കപ്പുറം പിതാവ് മാർഗദർശികളാണ്, അവരുടെ പ്രവർത്തനങ്ങളിലൂടെ ജീവിതത്തിന്റെ അമൂല്യമായ പാഠങ്ങൾ പഠിപ്പിക്കുന്നു. അവരുടെ ജ്ഞാനം ഒരു വഴിവിളക്കാണ്, വെല്ലുവിളികൾ നാവിഗേറ്റ് ചെയ്യാനും ശരിയായ തീരുമാനങ്ങൾ എടുക്കാനുമുള്ള പാത പ്രകാശിപ്പിക്കുന്നു. അവരുടെ നിരുപാധിക സ്നേഹം ജീവിതത്തിന്റെ കൊടുങ്കാറ്റുള്ള കടലിൽ ഒരു സുരക്ഷിത തുറമുഖം സൃഷ്ടിക്കുന്നു.

വിജയത്തിന്റെയോ പ്രതികൂല സാഹചര്യങ്ങളുടെയോ നിമിഷങ്ങളിൽ, ഒരു പിതാവിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുന്നു, ഒരു സാന്ത്വന കൈയോ പ്രോത്സാഹനത്തിന്റെ വാക്കോ വാഗ്ദാനം ചെയ്യുന്നു. അവരുടെ ത്യാഗങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു, എന്നിട്ടും അവർ നിസ്വാർത്ഥമായി നൽകുന്നത് തുടരുന്നു, ഓരോ ദിവസം കഴിയുന്തോറും അവരുടെ കുട്ടികളുടെ സ്വഭാവം രൂപപ്പെടുത്തുന്നു.

പിതാക്കന്മാർ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന അഗാധമായ സ്വാധീനം തിരിച്ചറിഞ്ഞ് നമുക്ക് അവരെ ആദരിക്കാം, ആഘോഷിക്കാം. അവിടെയുള്ള എല്ലാ പിതാക്കന്മാർക്കും, നിങ്ങളുടെ സ്നേഹവും സമർപ്പണവും ത്യാഗവും ശ്രദ്ധിക്കപ്പെടാതെ പോകുന്നില്ല. ഇന്ന്, ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുകയും ഞങ്ങളുടെ ഭാവിയുടെ നിശ്ശബ്ദ ശിൽപ്പികൾ ആയതിന് ഞങ്ങളുടെ അഗാധമായ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു.



# അനഘ. എൽ

**IX.B**

# കുളിർ കാറ്റ്

മിണ്ടാതെ, ചൊല്ലാതെ,പുറകീന്നും,
അവിടുന്നും, ഇവിടുന്നും, പറന്ന്.....
നാട്ടിലെ മരങ്ങളും,
ഇലകളും,പൂക്കളും
അവൻ്റെ വരവിനെ കാത്തു
നിൽക്കുമ്പോൾ അവൻ വന്നു...
കുളിർ കാറ്റ്

കാണാൻ കഴിയാത്തൊരു ജീവൻ
ഭൂമിക്ക് നീളെ പറന്ന് നടക്കുന്ന
ആത്മാവ് പോലെ അലയുന്ന ജീവൻ
ഭൂമിക്ക് കുളിരേകുന്നു....

സൂര്യനെ എതിർത്ത്, കുളിരു
തരുന്നൊരാ...
കാറ്റിനെ എത്രമേൽ സ്നേഹിച്ചാലും
മതിവരില്ല ' വേഗത്തിൽ' അവനെ
തോൽപ്പിക്കാൻ
മറ്റൊരു ജീവനില്ല
ഒരു പക്ഷെ വെളിച്ചത്തിനു
കഴിഞ്ഞെങ്കിലോ........?



അഭിഷേക്. പി. എസ്

# മലയാളം ഫോണ്ടുകളുടെ പിതാവ് ഓർമ്മയായി.




ഇന്നും മലയാളികളിൽ പലർക്കും അറിയാത്ത ആ സത്യം.മലയാളം കമ്പ്യൂട്ടർ ഫോണ്ടുകളുടെ പിതാവ് ഒരു വൈദികനായിരുന്നു എന്ന ആ സത്യം.

90കളുടെ പകുതിയോടുകൂടി രൂപംകൊണ്ട വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റം ലോകത്തുണ്ടാക്കിയ വിവരസാങ്കേതിക വിദ്യയുടെ വിപ്ലവത്തിലേക്ക് മലയാള ഭാഷയെ കൈപിടിച്ച് കയറ്റിയ മലയാളം കമ്പ്യൂട്ടർ അക്ഷരങ്ങളുടെ പിതാവ് ഫാദർ ജോർജ്ജ് പ്ലാശ്ശേരി CMI ദിവംഗതനായി.

തൊണ്ണൂറുകളുടെ അവസാനത്തോടു കൂടി രൂപം നൽകിയ പ്ലാശ്ശേരി ഫോണ്ട് എന്ന ഡിജിറ്റൽ അക്ഷര സഞ്ചയമാണ് അദ്ദേഹത്തെ ഈ വിശേഷണത്തിന് അർഹനാക്കിയത്.

ഇന്നും സാധാരണ മലയാളിയ്ക്ക് അറിയില്ല തങ്ങൾ ഇന്ന് ഉപയോഗിക്കുന്ന മലയാളം ഫോണ്ടുകളുടെ മുൻഗാമിയെ 90 കാലഘട്ടത്തിൽ തന്നെ വികസിപ്പിച്ചത് ഒരു സിഎംഐ വൈദികൻ ആയിരുന്നു എന്ന്. അതുകൊണ്ടു തന്നെയാണ് പ്ലാശേരി അച്ചനെ മലയാളം ഫോണ്ടുകളുടെ പിതാവ് എന്ന് പറയുന്നത്. തന്റെ സംഭാവനകളെക്കുറിച്ച്, 'ഞാൻ ചെയ്തതാണ്' എന്ന് പറഞ്ഞു പൊക്കിപ്പിടിച്ചുകൊണ്ടു നടക്കാതെ ഇരുന്നത് കൊണ്ടാണ് ഇന്നുവരെ നമ്മൾ ഇത് അറിയാതെ പോയത്.

തൃശ്ശൂർ പ്ലാശേരി മലയാളം പിറവിയെടുത്തത് അ എന്ന അക്ഷരത്തിലല്ല, ٥ എന്ന അക്ഷരത്തിലാണ്. കാരണമുണ്ട്, പ്ലാശേരി മലയാളത്തിന്റെ ജനനം കേരളത്തിലല്ല, അമേരിക്കയിൽ

ആയിരുന്നു.
പ്ലാശേരി മലയാള മെന്നാൽ ഒരു ഫോണ്ടാണ്. മലയാളം ഫോണ്ട്. കംപ്യൂട്ടറിലെ മലയാളം ലിപി എന്നർഥം. കംപ്യൂട്ടറിൽ ഇംഗ്ലിഷിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്ഷരത്തിൽ ടൈപ്പ് ചെയ്യുമ്പോൾ മലയാളം അക്ഷരങ്ങൾ കിട്ടുന്ന സംവിധാനത്തിൽ ഒരുപക്ഷേ, ആദ്യം രൂപപ്പെട്ട ലിപി പ്ലാശേരി ഫോണ്ടാണ്. അതിന്റെ ഉപജ്ഞാതാവോ എൽത്തുരുത്ത് സിഎംഐ ആശ്രമത്തിൽ കഴിയുന്ന ഫാ. ജോർജ് പ്ലാശേരി. 1988-ൽ കംപ്യൂട്ടർ പഠിക്കാൻ സഭ ഫാ. പ്ലാശേരിയെ അമേരിക്കയ്ക്ക് അയയ്ക്കുന്നു. പോകുമ്പോൾ അദ്ദേഹം അതുവരെ കംപ്യൂട്ടർ കണ്ടിട്ടു പോലുമില്ല. ഒരു ഇംഗ്ലിഷ് മാഗസിനിൽ കണ്ട പടം മാത്രമുണ്ട് മനസ്സിൽ.അമേരിക്കയിൽ കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നപ്പോൾ കണ്ടത് അദ്ഭുത ലോകം. കുട്ടികൾ വരെ കംപ്യൂട്ടറിൽ അതിവേഗം കാര്യങ്ങൾ ചെയ്യുന്നു.ഉള്ളിൽ മലയാളത്തോടു സ്നേഹമുണ്ടായിരുന്നതിനാൽ കംപ്യൂട്ടർ ഭാഷയെ ഇംഗ്ലിഷിൽ കണ്ടപ്പോൾ വിഷമം തോന്നി. ഒരു പടം ഫ്ളോപ്പിയിൽ കോപ്പി ചെയ്തു വാങ്ങി തുറന്നു നോക്കിയപ്പോൾ അതിനൊപ്പം ഒരു ഫയൽ ! തുറന്നു നോക്കിയപ്പോൾ ഇംഗ്ലിഷ്ഫോണ്ട് നിർമിക്കുന്നതിന്റെ സോഫ്റ്റ്‌വെയർ ആണത്.ഇതേക്കുറിച്ചു കൂടുതൽ മനസിലാക്കി.എ എന്ന ഇംഗ്ലിഷ് അക്ഷരം ഉണ്ടാക്കുന്നവിധം അതിലുണ്ടായിരുന്നു. ഒരു കീബോർഡിന്റെ അക്ഷരത്തിന്റെ സ്പേസിലേക്ക് എ എന്ന ഇംഗ്ലീഷ് അക്ഷരം ഡോട്ടുകൾ ചേർത്ത് ഉണ്ടാക്കി പ്രോഗ്രാം ചെയ്യുന്ന രീതിയായിരുന്നു അതിൽ.ഇംഗ്ലിഷിലെ എ ഉണ്ടാക്കാമെങ്കിൽ അതേ മാതൃകയിൽ മലയാളത്തിലെ "അ" എന്തുകൊണ്ട് ഉണ്ടാക്കിക്കൂടാ എന്ന ചോദ്യം അച്ചന്റെ മനസിൽ മലയാളത്തിൽ ഉയർന്നുവന്നു.

മലയാള അക്ഷരമാലയിൽ ആരും കണ്ടെത്തിയിട്ടില്ലാത്ത ഒരു പ്രത്യേകത അച്ചൻ മനസിലാക്കിയത് അന്നാണ്. റ എന്ന അക്ഷരംകൂട്ടിച്ചേർത്താൽ മലയാളത്തിലെ മുക്കാൽപങ്ക് അക്ഷരവുമുണ്ടാക്കാം.അങ്ങനെ പ്ലാശേരി ഫോണ്ട് റ - യിൽ പിറന്നു. രണ്ടു റ അക്ഷരങ്ങൾ കൂട്ടിച്ചേർത്തുവച്ച് അതിൽ കുനിപ്പുകളും മറ്റുമുണ്ടാക്കി കീ ബോർഡിലെ ഓരോ ഇംഗ്ലിഷ് അക്ഷരത്തിന്റെയും സ്ഥാനത്ത്

ഇൻസെർട്ട് ചെയ്തു. മൂന്നുമാസം കൊണ്ടു മലയാളത്തിലെ എല്ലാഅക്ഷരങ്ങളുമായി. കുനിപ്പും ചന്ദ്രക്കലയുംമറ്റും അച്ചനെ മൂക്കുകൊണ്ട് ക്ഷ വരപ്പിച്ചു വെന്നു സത്യം. പക്ഷേ തോറ്റില്ല. അങ്ങനെ പ്ലാശേരി ഫോണ്ട് പിറവിയെടുത്തു.ഏത് അക്ഷരമാണ് ഏറ്റവും ബുദ്ധിമുട്ടിച്ചതെന്നു ചോദിച്ചാൽ ഞ്ഞ എന്ന കൂട്ടക്ഷരമാണെന്ന് അച്ചൻ പറയുന്നു. ഇത് ഒരു അക്ഷരത്തിന് അനുവദനീയമായ സ്ഥലത്ത് ഒതുക്കാൻ ഏറെ പാടുപെട്ടു, പക്ഷേ അവിടെയും വിജയിച്ചു.

എംവൈഎം പ്ലാശേരി എന്നാണ് ആദ്യം ഫോണ്ടിനിട്ട പേര്.ഫോണ്ട് രൂപീകരിച്ചു കഴിഞ്ഞു ഫാ. പ്ലാശേരി ആദ്യം ചെയ്തത് ഈ ഫോണ്ട് ഉപയോഗിച്ചു ടൈപ്പ് ചെയ്തു തയാറാക്കിയ ക്രിസ്മസ് ആശംസ പതിച്ച കാർഡ് സഭയുടെപ്രൊവിൻഷ്യലിന് അമേരിക്കയിൽ നിന്ന്അയച്ചുകൊടുക്കുകയായിരുന്നു . അങ്ങനെ ഒരുപക്ഷേ ആദ്യത്തെ മലയാളം കംപ്യൂട്ടർ ഫോണ്ടിൽ എഴുതപ്പെട്ട സന്ദേശം അമേരിക്കയിൽനിന്നു കടൽ കടന്നു മലയാള നാട്ടിലെത്തി.പ്ലാശേരി ഫോണ്ടിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ലിപിവിന്യാസമാണ്. ക പ്യൂട്ടർ കീ ബോർഡിൽ ഇംഗ്ലിഷ് ലിപികൾക്കു നൽകിയിരിക്കുന്ന ആനുകൂല്യങ്ങളെല്ലാം മലയാള ലിപികൾക്കും ലഭിക്കത്തക്ക വിധത്തിലാണ് വിന്യസിച്ചിരിക്കുന്നത്.അതിനാൽ കീ ബോർഡിൽ കെ അമർത്തു മ്പോൾ കയും എം"" അമർത്തുമ്പോൾ "മ" യുംലഭിക്കും. അങ്ങനെ പ്രധാനപ്പെട്ട അക്ഷരങ്ങ ളെല്ലാം. ഷിഫ്റ്റ് ഉപയോഗിച്ചു കൂട്ടക്ഷരങ്ങളും എഴുതാനാവും.

അന്ന് അമേരിക്കയിലെ മലയാളി സുഹൃത്തുക്കളെ പലരെയും ഈ ഫോണ്ട് പരിചയപ്പെടുത്തി അച്ചൻ. അതിലൊരു സുഹൃത്ത്ഈ ഫോണ്ട് ഇന്റർനെറ്റിൽ ഇട്ടു. പലരും പകർത്തി ഉപയോഗിക്കുകയും ചെയ്തു.
1997ൽ അമേരിക്കയിൽനിന്നു മടങ്ങുമ്പോൾ ഒരു മലയാളി പ്രഫസർക്ക് ഈ ഫോണ്ട് അമേരിക്കയിൽ ഉപയോഗിക്കാനുള്ള അവകാശം സൗജന്യമായി നൽകി.നാട്ടിൽ തിരിച്ചെത്തിയ അച്ചനെ സഭ നിയോഗിച്ചതു തമിഴ്നാട്ടിലായിരുന്നു. തമിഴ്നാട്ടിൽ കോളജിൽ പഠിപ്പിക്കുമ്പോൾ തമിഴ് ഫോണ്ടും തയാറാക്കി.പിന്നീട്എ ൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളജിൽ ജോലിക്ക് എത്തിയപ്പോൾ ഹിന്ദി ചോദ്യപേപ്പർ തയാറാക്കുന്ന തിലെ ബുദ്ധിമുട്ട് കണ്ടറിഞ്ഞു.

ചോദ്യപേപ്പർ അച്ചടിക്കുന്നതിനു വലിയ തുക കൊടുക്കേണ്ടിവരുന്നു. മൂന്നു മാസം കൊണ്ടു ഹിന്ദി ഫോണ്ടും ഉണ്ടാക്കി. അതാകുമ്പോൾ ടൈപ്പ് ചെയ്തു പ്രിന്റെടുത്താൽ മതിയല്ലോ. ക്ലാസിക് ഗ്രീക്ക് ഭാഷയിലും അച്ചൻ ഫോണ്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇതെല്ലാം ചേർത്തു പ്ലാശേരി ഫോണ്ട് ഫാമിലി പേരിൽ റജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

ആളൂരിലെ RMHS സ്കൂളിൽ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോർജ് അച്ചൻ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ഡിസ്റ്റിങ്ഷനോടെ ഡിഗ്രി പാസാക്കുകയും കുസാറ്റിൽ നിന്നും മാസ്റ്റർ ഡിഗ്രി പൂർത്തിയാക്കുകയും ചെയ്തു.തുടർന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം ഫിൽ പൂർത്തിയാക്കുകയും അദ്ദേഹം എം ഫിലിൽ ക്വാണ്ടം ഹാൾ എഫക്റ്റിനെ കുറിച്ച് എഴുതിയ പ്രബന്ധത്തിനു പ്രത്യേക അവാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട് .തന്റെ ഫിലോസഫിയും തീയോളജിയും പൂർത്തിയാക്കുന്ന കാലഘട്ടത്തിൽ ബി ടെക് കൂടി അദ്ദേഹം കമ്പ്ലീറ്റ് ചെയ്തു .ജോർജ് അച്ചൻ അമേരിക്കയിൽ വച്ച് കമ്പ്യൂട്ടർ സയന്സില് ഉള്ള തന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിയും എം എസ ഡിഗ്രിയും പൂർത്തിയാക്കി.ഇക്കാലയളവിൽ തന്നെ അച്ചൻ കമ്പ്യൂട്ടർ ഗെയിമുകൾ നിർമ്മിക്കുകയും ചെയ്തിരുന്നു .

അമേരിക്കയിലെ തൻ്റെ ഉന്നത പഠന കാലഘട്ടത്തിനുശേഷം തിരിച്ചുവന്ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ സേവനം പൂർത്തിയാക്കി തൃശ്ശൂർ ജ്യോതി എൻജിനീയറിങ് കോളേജിൽ നീണ്ട 21 വർഷക്കാലം ഈ നൂറ്റാണ്ടിലെ പുതുതലമുറ എൻജിനീയറിങ് വിദഗ്ധരെ രൂപപ്പെടുത്തി എടുക്കുന്നതിൽ വ്യാപൃതനായിരുന്നു അദ്ദേഹം.

ഫാ. പ്ലാശേരി എന്ന് അറിയപ്പെടുമ്പോഴും പ്ലാശേരി ഫോണ്ടിന്റെ കഥ പലർക്കും അറിയില്ല.

**അവലംബം: വാട്സ് അപ്**

# മരം പെയ്യുന്നു.......



വാകമരച്ചാർത്തുകൾക്കിടയിലെ പർണ്ണശാലയാണ് ഞാൻ പഠിച്ചിറങ്ങിതിരിച്ചുവന്ന എന്റെ വിദ്യാലയം...

പ്രിയപ്പെട്ട J.T.S...

എന്റെ വിദ്യാഭ്യാസരഥ്യയിൽ നിരവധി ഗുരുക്കന്മാരിൽ നിന്നും അറിവിന്റെ ഭിക്ഷ ഏറ്റുവാങ്ങി. ഞാൻ അവരെയൊക്കെ മനസാസ്മരിച്ചു കൊണ്ടു പറയട്ടെ, എന്റെ മനസാഗുരുസ്ഥാനത്ത് ആദ്യമെത്തുന്ന രൂപം കൃഷ്ണപുരം ടെക്നിക്കൽ സ്കൂളിലെ ഞങ്ങളുടെ കെമിസ്ട്രി അധ്യാപികയായിരുന്ന രതിയമ്മ ടീച്ചറുടേതാണ്. നീണ്ട ഈറൻ മുടിയുടെ അറ്റത്ത് കൃഷ്ണതുളസിക്കതിർ ചൂടി സ്കൂളിന്റെ നീണ്ട വരാന്തയിലൂടെ ഹാജർ പുസ്തകവും നെഞ്ചോട് ചേർത്ത് നടന്നു വരുന്ന രതിയമ്മ ടീച്ചറെ ഇന്നും മിഴിവോടെ ഓർക്കുന്നു.

എട്ട്.A യുടെ രണ്ടാമത്തെ ബെഞ്ചിൽ മൂന്നാമതായി ഇരുന്ന ഞാനെന്ന അൽപ്പം അന്തർമുഖനായ വിദ്യാർത്ഥിയുടെ മുന്നിൽ ടീച്ചർ തുറന്നിട്ട രസതന്ത്ര ഭാഷയിലെ രാസ വാക്യങ്ങളും,രാസ സമവാക്യങ്ങളും കടിക്കാൻ ഭീകര സ്വത്വങ്ങളെപോലെ എന്നെ ഭയപ്പെടുത്തിയപ്പോൾ 'ആസ്വദിച്ചു പഠിക്കുക' എന്നുള്ള ടീച്ചറുടെ ചുമലിൽ തട്ടിയുള്ള സ്നേഹലാളനം കൊണ്ട് ദിവസങ്ങൾക്കകം കെമിസ്ട്രി എനിക്ക് കരതലാമലകം ആയിത്തീർന്നു. ടീച്ചർ പഠിപ്പിച്ചുതന്ന ആവർത്തതപട്ടികയിലെ

ഓരോ മൂലകങ്ങളുടെ രാസനാമങ്ങൾ വളരെ വേഗത്തിൽ ഞാൻ ഹൃദ്യമാക്കി .

ഒരിക്കൽ എന്റെ നോട്ട് ബുക്ക് പരിശോധിച്ച ടീച്ചർക്ക് എന്റെ കൈയ്യക്ഷരം വളരെ മോശമാണെന്ന ബോധ്യപ്പെട്ടു. "നാളെ മുതൽ നീ ഇരട്ട വരയൻ ബുക്കിൽ മലയാള അക്ഷരങ്ങൾ വടിവൊത്ത രീതിയിൽ എഴുതികൊണ്ട് വന്ന് എന്നെ കാണിക്കണം " എന്ന ടീച്ചർ പറഞ്ഞു.

45 കുട്ടികൾ ഉള്ള ക്ലാസ്സിൽ എന്നോട് മാത്രം കോപ്പി ബുക്ക് എഴുതാൻ ടീച്ചർ നിർദ്ദേശിച്ചപ്പോൾ എനിക്ക് പരിഭവവും വിഷമവും വന്നെങ്കിലും, ടീച്ചർ പറഞ്ഞത് അനുസരിക്കാതിരിക്കാൻ വയ്യാത്തതിനാൽ വേദനയോടെയാണെങ്കിലും എനിക്ക് പിറ്റേദിവസം മുതൽ കോപ്പി ബുക്ക് എഴുതേണ്ടി വന്നു. മനഃപൂർവം ഞാൻ മറന്നാലും ടീച്ചർ അതെന്നെ നിരന്തരം ഓർമിപ്പിച്ചു കൊണ്ടിരുന്നു.

എട്ടാം ക്ലാസ്സുകാരനിലെ ബാലനിൽ നിന്നും പത്താം ക്ലാസ്സിലെ കൗമാരക്കാരനിലേക്ക് ഞാൻ ചുവടുവെച്ചകാലം. എന്നിലെ അന്തർമുഖത്വത്തിന്റെ ചിറകുകൾ കൊഴിഞ്ഞു വീണപ്പോൾ അച്ഛനമ്മമാരും, അധ്യാപകരും പറയുന്നതെല്ലാം ധിക്കരിക്കുകയും, കൂട്ടുകാരുടെ മുന്നിൽ ഹീറോയാകാൻ വേണ്ടി എന്തു 'വിപ്ലവവും' ചെയ്യാൻ മനസ്സ് തുടിച്ചുനിന്നൊരുകാലം.


രതിയമ്മ ടീച്ചർ
റിട്ടയേർഡ് എ.ഇ.ഒ

ഒരു തിങ്കളാഴ്ച ദിവസം ടീച്ചർ പതിവുപോലെ ക്ലാസ്സിലേക്കുവന്നു. എല്ലാവരും എഴുന്നേറ്റുനിന്ന് 'ഗുഡ്മോർണിംഗ് ടീച്ചർ' എന്ന് പറഞ്ഞപ്പോൾ എന്തോ എനിക്ക് മാത്രം അത് തോന്നിയില്ല. പെട്ടെന്നുതന്നെ അത് ശ്രദ്ധയിൽപ്പെട്ട ടീച്ചർ "എന്താ രാജേഷിനു മാത്രം എഴുന്നേൽക്കാൻ മടി.

എന്തെങ്കിലും അസുഖമുണ്ടോ"എന്ന ചോദിച്ചു.ഞാൻ നിഷേധാത്മത്തിൽ ഇരു ചുമലുകളും ഉയർത്തി.

പിറ്റേ ദിവസം ടീച്ചർ ക്ലാസ്സിൽ വന്നപ്പോഴും ഞാനൊഴികെ എല്ലാ വിദ്യാർത്ഥികളും എഴുന്നേറ്റു. എന്നെ സൂക്ഷിച്ചു നോക്കിയിട്ട് നിർവികാരതയോടെ ടീച്ചർ പറഞ്ഞു."നമ്മളെക്കാൾ മുതിർന്ന ഒരാളെ കാണുമ്പോൾ ഇരിപ്പിടത്തിൽനിന്ന് എഴുനേൽക്കുക, മടക്കികുത്തിയ മുണ്ട് അഴിച്ചിടുക. ഇങ്ങനെയുള്ള പ്രവർത്തികൾ ചെയ്യുന്നത് നിമിത്തം നമുക്ക് നഷ്ടമല്ല മറിച്ച് ഒരു മുഴുവൻ സമൂഹത്തിന്റെയും ആദരവ് പിടിച്ചു പറ്റുകയാണ് ഈ ഗുരുത്വത്തിലൂടെ നാം നേടുന്നത്". 'ഇത്' പറഞ്ഞ് തീരും മുൻപേ ടീച്ചർ ക്ലാസ്സിനു പുറത്തേക്കു പോയി.

ഞാൻ സ്തബ്ധനായി ഇരുന്നു പോയി. കരഞ്ഞുകൊണ്ട് ടീച്ചർ ക്ലാസ്സ് വിട്ടിറങ്ങി പോയത് എന്നെ മാത്രമല്ല മുഴുവൻ കുട്ടികളേയും ഞെട്ടിച്ചു. കൂട്ടുകാർ എന്നെ കുറ്റപ്പെടുത്താൻ കൂടി തുടങ്ങിയപ്പോൾ ഞാൻ ചെയ്ത തെറ്റിന്റെ ഭീകരമായ ആഴം എത്രത്തോളമാണെന്ന് എനിക്ക് ബോധ്യമായി.

ടീച്ചറോട് മാപ്പുചോദിക്കാൻ പലവട്ടം ഞാൻ തുനിഞ്ഞെങ്കിലും അതിനുള്ള ധൈര്യം എനിക്ക് ഇല്ലാതെ പോയി.

മനസ്സിൽ ഒരായിരം തവണ മാപ്പു ചോദിച്ചിട്ടും വർഷങ്ങൾ കഴിഞ്ഞിട്ടും ടീച്ചറിന്റെ കണ്ണുനീരിന്റെ താപം ഇപ്പോഴും എന്നെ ചുട്ടുപൊള്ളിക്കുകയാണ്.

"ഒരിക്കൽ കൂടി...മാപ്പ് ടീച്ചർ..."



**രാജേഷ്**

**ഓഫീസ് അസിസ്റ്റന്റ്**



# അമ്മ

അമ്മയാണ് എന്റെ ദൈവം അമ്മയാണ്
എന്റെ ശക്തി
എന്നെ താരാട്ട് പാടി ഉറക്കുമെന്നമ്മ
എന്റെ വീടിന്റെ വിളക്കാണ് എന്റെ അമ്മ
അമ്മയേക്കാൾ വലിയ പോരാളി
ഇല്ല പോലും



**അഭിനവ്.വി**
**VIII.A**

# ടെക്-ഫെസ്റ്റ് -2023

**ടെക്-ഫെസ്റ്റ് -2023**



അറിവും, പ്രതിഭയും മാറ്റുരയ്ക്കുന്ന മായികക്കാഴ്ച്ചകളുമായി ടെക്- ഫെസ്റ്റ്-2023 കൃഷ്ണപുരം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ 21-ാം തീയതി രാവിലെ ആരംഭിച്ച കുട്ടികളുടെ ബുദ്ധിശക്തിയും വൈജ്ഞാനിക തൃഷ്ണതയും ശാസ്ത്ര ബോധവും ഒന്നിച്ചപ്പോൾ ടെക്-ഫെസ്റ്റ് ഏവർക്കും വേറിട്ട ഒരനുഭവമായി. കുട്ടികൾക്ക് വേണ്ട എല്ലാ മാർഗനിർദേശങ്ങളും, പിന്തുണയുമായി സ്കൂൾ സൂപ്രണ്ട് ശ്രീമതി ബബിത ടീച്ചർ, ഇ.ഐ.രാജീവ് സർ എന്നിവർ മേളയുടെ ആദ്യാവസാനം ഉണ്ടായിരുന്നു. ടെക് -ഫെസ്റ്റ് കൺവീനർ ശ്രീ ഹാഷിർ സർ മേളയ്ക്ക് നേതൃത്വം നൽകി. കുട്ടികളിലെ ശാസ്ത്ര ബോധം വളർത്തിയെടുക്കുന്നതിനും അവരുടെ ഉള്ളിലെ പ്രതിഭയെ കണ്ടെത്തുന്നതിനും എല്ലാവിധ പ്രോത്സാഹനങ്ങളുമായി സ്കൂളിലെ അധ്യാപകരും അനധ്യാപകരും സജീവ



സാന്നിധ്യമായി ഉണ്ടായിരുന്നു. പ്രതിഭയുടെയും ബുദ്ധിയുടേയും ഉത്സവത്തിനു വർണ്ണ ചാരുതയേകി കുട്ടികൾ അവരുടെ കഴിവുകളും കണ്ടുപിടുത്തങ്ങളും മേളയിൽ പ്രദർശിപ്പിച്ചു. ഓൺ ദ സ്പോട്ട് മത്സരങ്ങൾ രാവിലെ 8 മണിയോടെ ആരംഭിച്ചിരുന്നു. സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, ഷീറ്റ് മെറ്റൽ, ഇലക്ട്രിക്കൽ വയറിംഗ്, തുടങ്ങി വിവിധയിനം മത്സരങ്ങൾ ഉണ്ടായിരുന്നു.നാം പാഴാക്കിക്കലയുന്ന വസ്തുക്കളിൽ നിന്നുപോലും കുട്ടികൾ പ്രയോജനപ്രദമായ പലതും നിർമ്മിച്ചു കുട്ടികളുടെ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ പോയിന്റുകൾ നൽകി. തുടർന്ന് മേളയിൽ കുട്ടിശാസ്ത്രജ്ഞന്മാർ അവതരിപ്പിച്ച പുത്തൻ ആശയങ്ങളുടെയും കണ്ടുപിടുത്തങ്ങളുടേയും ഉത്പന്നങ്ങളുടെയും പ്രദർശനം ഏവർക്കും വേറിട്ട ഒരനുഭവമായിരുന്നു...



## നിസ ടീച്ചർ

ഹൈസ്ക്കൂൾ അധ്യാപിക
(മലയാളം)

# ലോകകപ്പിൽ മെസ്സി മുത്തം



ദൈവം ബൂട്ടണിഞ്ഞു എത്തിയതാണോ എന്ന് പാശ്ചാത്യ മാധ്യമങ്ങൾ ചോദിച്ചത് അയാളെ പറ്റിയായിരുന്നു.. 2022 ഖത്തർ ലോകകപ്പ്, ഈ ഇന്ദ്രജാലക്കാരന്റെ പേരിനൊപ്പം ചേർത്തല്ലാതെ വായിക്കപ്പെടില്ല... അയാളുടെ പേരിനൊപ്പം മാത്രം.. സാക്ഷാൽ ലയണൽ ആൻഡ്രേസ് മെസ്സി... 2022 ലോകകപ്പിലെ ഏറ്റവും സുന്ദര നിമിഷം ഏതെന്ന് ചോദിച്ചാൽ, ബ്രസീലിയൻ ഫുട്ബോൾ




ഇതിഹാസം
റൊണാൾഡിനിയോ
ഗ്യാലറിയിൽ എഴുന്നേറ്റ് നിന്ന്
അയാൾക്ക് വേണ്ടി
കയ്യടിച്ചതാണെന്ന്
നിസ്സംശയം പറയാം..
യോസ്കോ ഗാർഡിയോൾ
തന്റെ മക്കളോട് ആ കഥ
പറഞ്ഞു രോമാഞ്ചം
കൊള്ളും..
പ്രതിരോധത്തിൽ
അപരാജിതനായി നിന്ന
തന്നെ,
നിഷ്പ്രഭനാക്കിയ ആ
മാജിക്കിന്റെ കഥ...
അകക്കണ്ണ് കൊണ്ട്
കാണാൻ കഴിയുമോ എന്ന്
ചോദിച്ചാൽ,
ഡച്ച് ഗോൾ വല ചലിപ്പിച്ച
മോളിനയുടെ ഗോളിന്
അയാൾ കൊടുത്ത പാസ്
കാണണം..
ലോകത്ത് ഒരു കളിക്കാരനും
അത്തരമൊരു വെർട്ടിക്കൽ
പാസ് നൽകാൻ കഴിയില്ല...
അയാൾക്ക് മാത്രമേ
അതിന് കഴിയൂ...
നിശ്ചയദാർഢ്യത്തിന്റെ
മനോഹര ഗോൾ
കാണണമെന്ന്
തോന്നിയാൽ,
ഓസ്ട്രേലിയയുടെ ഗോളിയും
10
കളിക്കാരും കാഴ്ച്ചക്കാരായി
നിന്നപ്പോൾ അയാൾ പായിച്ച
ഷോട്ട് കാണണം...
ആദ്യം അവർ അയാളെ
അവഗണിച്ചു..

35 -)o വയസ്സിൽ അയാൾക്ക്
അത്കഴിയുമോ എന്ന്..
36 കളിയിലെ അപരാജിത
റെക്കോര്ഡുമായിട്ടാണ്
അയാൾ എത്തുന്നതെന് അവർ
ഓർത്തില്ല ..
പിന്നീട് അവർ അയാളെ
പരിഹസിച്ചു...
സൗദി അറേബ്യക്ക് മുന്നിൽ
തല താഴ്ത്തിയ ആ മനുഷ്യനെ...
നിങ്ങളെന്നെ വിശ്വസിക്കൂ
എന്ന് ശാന്തമായി അയാൾ
മറുപടി നൽകി...
പിന്നീട് അവർ അയാളെ
ആക്രമിച്ചു...
ടോട്ടൽ ഫുട്ബോൾ
വക്താക്കളായെത്തിയ ഡച്ച്
പട കളിക്ക് മുന്നും,
കളിക്കളത്തിലും വരെ
അയാൾക്കെതിരിൽ...
അയാളിലെ പ്രതികാരഗ്നി
ആളിക്കത്തിയപ്പോൾ,
ലൂയിസ് വാൻഗെൽ അതിന്റെ
ചൂടറിഞ്ഞു...
അവഗണനയും,
പരിഹാസങ്ങളും,
ആക്രമണങ്ങളും നേരിട്ട
അയാൾ,
അവസാനം പുഞ്ചിരിച്ചു...
ഫ്രഞ്ച് വിപ്ലവത്തെ




ഊതിക്കെടുത്തി കൊണ്ട്,
ഫിഫ ലോകകപ്പിൽ മുത്തമിട്ട്
കൊണ്ട്,ആകാശത്തേക്ക്
അയാൾ കൈകളുയർത്തി..
ലാറ്റിനമേരിക്കകാർക്ക്
ഫുട്ബോൾ കളിക്കാൻ
അറിയില്ലെന്ന് മൊഴിഞ്ഞ ഒരു
ഫ്രഞ്ച് ഫുട്ബോൾ താരം
കളിക്കളത്തിൽ അതിന്
സാക്ഷിയായി...
ചോരത്തിളപ്പിന്റെ പ്രായത്തിൽ
വിളമ്പിയ വിഡ്ഢിത്തരത്തിന്,
മനക്കരുത്ത് കൊണ്ട് അയാൾ
മറുപടി നൽകുകയായിരുന്നു...
വേഗതയുടെ ഫുട്ബോളിനെ
പ്രായം
തളർത്തുമെന്നും,
താളാത്മകമായ

ലാറ്റിനമേരിക്കൻ ശൈലിക്ക്
പ്രായം തടസ്സമല്ലെന്നും
അയാൾ തെളിയിച്ചു
കൊടുത്തു..
റൊസാരിയോ തെരുവിലെ
മുത്തശ്ശിമാർ മാത്രമല്ല,
ലോകത്തുള്ള മുഴുവൻ
മുത്തശ്ശിമാരും ഇനിയും ആ
കഥ പറയും...
പ്രായം തളർത്താത്ത പോരാട്ട
വീര്യത്തിന്റെ കഥ...
നഷ്ടപ്പെട്ടതെല്ലാം തിരിച്ചു പിടിച്ച
ഇച്ഛാശക്തിയുടെ കഥ...
കുരിശിൽ നിന്ന്, കനക
സിംഹാസനത്തിലേക്ക് നടന്ന
ഒരു പ്രതിഭാശാലിയുടെ കഥ...
കണങ്കാൽ കൊണ്ട്
മൈതാനത്ത് നൃത്തം ചവിട്ടിയ
ഒരു ഇതിഹാസത്തിന്റെ കഥ...
കാലമേ നിനക്കിനിയും
പിറക്കുമോ ഇത് പോലൊരു
ഇതിഹാസം എന്ന് ആരും
ചോദിച്ചു പോകും..
കാലം നീതി കാണിക്കാൻ
വൈകിയോ എന്ന്
ചോദിച്ചാൽ,
വൈകി ലഭിക്കുന്ന ചില
നീതികൾക്ക് മധുര
പ്രതികാരത്തിന്റെ
ചരിത്രമുണ്ടെന്ന് കൂടി
പറയേണ്ടി വരും...
കടങ്ങൾ ഓരോന്നും തീർത്ത്
കൊണ്ട്,
അയാൾ സിംഹാസനത്തിൽ
ആരൂഢനായപ്പോൾ,
ഇടങ്കാലിൽ കവിത
രചിക്കാൻ,
അയാൾക്കിനി ഒരു
പകരക്കാരനെ
സമ്മാനിക്കാൻ,
കാലത്തിന് പോലും
കഴിയുമോ എന്ന് കാത്തിരുന്ന്
കാണാം..
ആ ഇടം കാലുകൾ ആണ്
ഡോക്ടർമാർ ചലിക്കില്ല എന്ന്
വിധി എഴുതിയത്
ഇല്ല, അങ്ങനെയൊരാൾ ഈ
നൂറ്റാണ്ടിൽ
ഇനിയുണ്ടാവില്ല...ഒരേയൊരു
മെസ്സി മാത്രം...




"You have to fight to reach your dream. You have to sacrifice and work hard for it."

-Messi



**വിഷ്ണു മോഹനൻ**
ഹൈസ്കൂൾ അധ്യാപകൻ
(ഊർജ്ജതന്ത്രം)

# മരണത്തിൽ നിന്നും ഉയർത്തെഴുന്നേറ്റവൻ




മരണത്തെ അതിജീവിച്ചാണ് ക്രിസ്ത്യാനോ പിറന്നത്. മകൻ ജനിക്കേണ്ട എന്നായിരുന്ന അമ്മയുടെയും അച്ഛന്റെയും തീരുമാനം ആത്മഹത്യയോ ജീവിതമോ എന്ന അവസ്ഥയിൽ ഒരാളും കൂടെ എന്തിനെന്ന് അവർ ഒരു നിമിഷത്തേക്ക് ചിന്തിച്ചു അത്രയ്ക്കുണ്ടായിരുന്ന അവരുടെ പട്ടിണി എന്നിട്ടും ക്രിസ്റ്റ്യാനോ അവിടെ പിറന്നുവീണു.

മരിയുടെ മകനായിട്ട് ക്രിസ്തുവിന്റെ പേരുള്ളവനായിട്ട് പോർച്ചുഗലിൽ ആയിരുന്നു ജനനം. ശരിക്കും പറഞ്ഞാൽ അവന്റെ ജനനത്തോടുകൂടി അവൻ ഉയർത്തെഴുന്നേൽക്കുകയായിരുന്നു നിരാശയുടെയും കണ്ണീരിന്റെയും വിമർശത്തിന്റെയും കൂടിയ ജീവിതയാത്രകൾ അനുഭവിച്ച



ഏതോ ദുർബല നിമിഷത്തിൽ
നഷ്ടപ്പെട്ടു പോകുമായിരുന്ന
പ്രാണന്റെ
ഉയർത്തെഴുന്നേൽപ്പ്.
പട്ടിണിയുടെയും
ഉത്കണ്ഠ യുടെയും നെട്ടു
വീർപ്പുകൾ തീർത്ത
ശ്വാസത്തിൽ ജീവിതത്തെ
കിതച്ചുനീക്കുകയായിരുന്നു
ക്രിസ്റ്റ്യാനോ. ദുർബലമെന്ന്
തോന്നിച്ച ശരീരവും
അമിതവേഗതയിലുള്ള
ഹൃദയമിടിപ്പും അവനെ
മുന്നേറ്റങ്ങളിൽ
തടഞ്ഞുനിർത്തി
പന്തുതട്ടാനുള്ള അവസരങ്ങൾ
അവനു മുന്നിൽ പലരും
കൊട്ടിയടച്ചു എന്നിട്ടും
തളരാതെ അവൻ
പരിശ്രമിച്ചുകൊണ്ടിരുന്നു.
ഉയരങ്ങളിലേക്കുള്ള
കരിങ്കൽ പടവുകൾ ഒറ്റയ്ക്ക്
കെട്ടിത്തീർത്തവ,
മുന്നേറ്റത്തിന്റെ ചരിത്രം
മാത്രമാക്കി
ചക്രവർത്തിമാരും
രാജാക്കന്മാരും മന്ത്രിമാരും
മിശിഹാമാരും കെട്ടി
ഉയർത്തിയ ഫുട്ബോൾ
സാമ്രാജ്യത്തിൽ
റൊണാൾഡോ നായകനായി.
പറങ്കിപ്പടയുടെ പടനായകൻ,
ഒറ്റയ്ക്ക് പട നയിച്ചവൻ,
മാന്ത്രികം കാട്ടി
ഫുട്ബോളിൽ ഓരോ
ആളുകളുടെ മനസ്സിലും ഹരം
കൊണ്ടു വന്നവൻ, കാലുകൾ
കൊണ്ട് തീപാറും ഗോളുകൾ
നേടിയവൻ, ലോക
ഫുട്ബോളിന്റെ
ഇതിഹാസനായകൻ.
കഷ്ടപ്പാട് എന്താണെന്നും
ദാരിദ്ര്യം എന്താണെന്നും
മനസ്സിലാക്കിയത് എന്നിട്ടും
അവിടെ ന്യൂയർ എഴുന്നേറ്റു
വന്ന ക്രിസ്റ്റ്യാനോ
റൊണാൾഡോ എന്ന
ഇതിഹാസനായകൻ ഏഴാം
നമ്പർ ജേഴ്സിയിൽ ഞങ്ങളുടെ
മനസ്സിൽ മനം കവർന്നവൻ
പന്തയം പോസ്റ്റിലും തമ്മിൽ
കുറച്ച് അകലം ഉള്ളപ്പോൾ
തീപാറും ചുവടുകൾ കൊണ്ട്
ഗോളുകൾ നേടിയിട്ടുള്ള
അലങ്കാരം ഇടം കാലും വെച്ച്
മാജിക് കാണിക്കുന്ന
മജീഷ്യൻ ഒരുപാട്

നൊമ്പരപ്പെട്ടിട്ടുണ്ട് യൂറോകപ്പിന്റെ ഫൈനലിൽ റൊണാൾഡോ കരഞ്ഞ് ഇറങ്ങിയപ്പോൾ കൂടെ കരയാൻ ഒരു കൂട്ടം ആളുകൾ ഉണ്ടായിരുന്നു ഞങ്ങൾ ക്രിസ്റ്റ്യാനോ ആരാധകരെ സങ്കടപ്പെടുത്തുന്ന ഒരു കാര്യം മാത്രം . ഇനി റൊണാൾഡോ എത്ര നാൾ ഫുട്ബോളിൽ കാണും. ഇനിയെത്ര നാൾ ആ മാന്ത്രിക വിദ്യക്കാരനെ നമുക്ക് മൈതാനത്ത് കാണാം . ഇനി എത്രനാൾ CR7 എന്ന പേരുണ്ടാവും ആ ചാടി ഉയരുന്ന ഗോൾ സെലിബ്രേഷൻ ഞങ്ങളുടെ കണ്ണിന് വിസ്മയം നൽകും. റൊണാൾഡോ എന്ന ഏഴാം നമ്പറുകാരൻ ഇല്ലാത്ത പോർച്ചുഗൽ ഞങ്ങൾക്ക് ഓർക്കാനേ കഴിയില്ല ഒരു വേൾഡ് കപ്പ് എന്ന മോഹം കടമായിയുണ്ട്. അത് ഞങ്ങൾ റൊണാൾഡോ ഫാൻസ് അങ്ങ് സഹിച്ചോളാം. ദാരിദ്ര്യത്തിൽ നിന്നും ലോക ഫുട്ബോളിലെ ജീനിയസ് എന്ന പേരിന് അർഹനായില്ലേ അവിടെയാണ് റൊണാൾഡോയുടെ നായികത്വം ഞങ്ങൾ കാണുന്നത്.



**രാഹുൽ രാജൻ**
**IX.B**



# അവൾ

നിഴലുകൾ കളമെഴും താഴ്‌വരകൾക്കപ്പുറം..
നീല കടുംചോല വാരിയണിഞ്ഞ്
നെറ്റിയിൽ ചൂടുമാ പൊട്ടിന്റെ
സൗന്ദര്യമാം ഭാവ വർഷ കാലം..
ഈറൻ മുടിയിൽ തുളസി കതിർ ചൂടി
മന്ദസ്മിതമാം അവളുടെ നറുചുണ്ടുകൾ..
വേലിയിൽ തലയാട്ടി നിൽക്കുന്ന
പൂക്കൾക്കസൂയയായി അവളുടെ
സൗന്ദര്യമാം ഭാവ വർഷം.
ഗ്രാമഭംഗി ആകുന്ന തൻ ഗന്ധം
ചൂടിയെത്തുന്ന പുലരിയെ
തന്നിലെക്കാവാഹിക്കുന്ന സൗന്ദര്യം.
അവളുടെ ഈറൻ മുടി തുമ്പിൽ നിന്നും
ഗംഗയാകുന്ന വെള്ളത്തുള്ളികൾ ഇറ്റു വീഴുന്നുവോ?..
കാണുന്ന മാത്രയിൽ കാട്ടിൽ മറഞ്ഞിരിക്കും
കാറ്റു പോലും അവളെ തേടിയെത്തും.
വെയിൽ ചില്ലയായി സ്വർണ്ണ പ്രഭയും
മങ്ങി തുടങ്ങുന്നു അവളുടെ
സൗന്ദര്യപ്രഭയിൽ മതി മറന്നു.

പൂവിന്റെ നിറം പൂണ്ടു പോകുമാ
സന്ധ്യയിൽ പ്രകൃതി പോലും
അവളുടെ സൗന്ദര്യത്തിൽ മതി മറന്നിട്ടുണ്ടാവാം.
കാത്തിരിക്കുന്ന ഞാൻ അവളുടെ അടുത്തേക്കണയാൻ.
കുപ്പിവളകൾ കിന്നാരം പൂകുന്ന
അവളുടെ ഹസ്തനാദം.
മുല്ലപ്പൂച്ചൂടുമാ നേരം തൻ ശിരസ്സിൽ
പ്രകൃതിയോ പ്രകൃതി ദേവിയോ ?..
പാറിപ്പറക്കുന്ന മുടിയിഴകൾ
അവളുടെ സൗന്ദര്യം വാരിവിതറും.
ശരത്ത്കാലവർഷത്തിൽ ആരെയോ തേടിയിരിപ്പൂ ../!
അന്നേരം എന്നിലേക്കണയുന്നതും ഓർത്ത് ഞാനിരിപ്പൂ.
സ്വപ്നസുന്ദരിയാകുന്ന അവളുടെ
നറുപുഞ്ചിരി മനസ്സിൽ  പതിയും.
കാത്തിരിക്കുന്ന ഞാൻ അവൾക്കായി. ദിനം തോറും..!
ഒരു ദിനം എങ്കിലും അരികിൽ വരുന്നതോർത്ത്.....



ശരത് ചന്ദ്രൻ.എസ്സ്
IX.B

# വരകൾ വിസ്മയങ്ങൾ

ലോകത്തിലെ സൗന്ദര്യമുള്ള എല്ലാ വസ്തുക്കളിലും ഒരു ഗണിത പാറ്റേൺ അടങ്ങിയിട്ടുണ്ടെന്ന് വീണ്ടും തെളിയിച്ച കൊണ്ട് സൂര്യന്റെ പാറ്റേൺ .....

# ഗണിത വിസ്മയം





## സൂര്യൻ.എസ്സ്

**IX.B**

# സ്നേഹാദരവ്



മാറ്റം കാലത്തിന്റെ അനിവാര്യതയാണ് എങ്കിലും കാലം കടന്നുപോകുമ്പോഴും ചില മുഖങ്ങൾ മനസ്സിൽ മായാതെ നിലനിൽക്കും അത്രമേൽ പ്രിയമുള്ളവരായതുകൊണ്ടാണ് ഒരു മയിൽപീലിയുടെ വർണ്ണഭംഗി പോലെ നാം ഓർമ്മയിൽ നാം സൂക്ഷിക്കുന്നത് രോഹിണി അമ്മ ചേച്ചി നമുക്ക് ഏറെ പ്രിയപ്പെട്ടതാണ് നിറഞ്ഞ പുഞ്ചിരിയുമായി സ്കൂൾ അങ്കണത്തിലേക്ക് കടന്നുവരുന്ന നമ്മുടെ രോഹിണി ചേച്ചി. സത്യമുള്ള വാക്കുകളും, സ്നേഹിക്കാൻ കഴിയുന്ന ഹൃദയവും, ആത്മാർത്ഥമായ മനസ്സും ജോലിയോടുള്ള അർപ്പണ മനോഭാവവും ചേച്ചിയെ വേറിട്ട് നിർത്തുന്നു. കരുനാഗപ്പള്ളി പടത്തേക്കാണ് ചേച്ചിയുടെ ജന്മസ്ഥലം. 1981ലാണ് വിവാഹം കഴിഞ്ഞ് ചേച്ചി കൃഷ്ണപുരത്തേക്ക് വരുന്നത്. ചേച്ചിയുടെ ഭർത്താവ് ശ്രീ വിശ്വംബരൻ നമ്മുടെ സ്കൂളിൽ മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1997 ചേച്ചി നമ്മുടെ സ്കൂളിൽ തന്റെ സേവനം ആരംഭിച്ചു. 26 വർഷത്തോളം തന്റെ കർമ്മമണ്ഡലങ്ങളിൽ





ആത്മസമർത്തോടെ സേവനം അനുഷ്ഠിച്ചു. ചേച്ചിക്ക് രണ്ടു മക്കൾ. ശ്രീ വിനോദ് നമ്മുടെ ഡിപ്പാർട്ട്മെന്റിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നു. മരുമകൾ ബിജി അധ്യാപികയാണ്.രണ്ടു മക്കൾ അർജ്ജുനും അഗ്നിമയും. മകൾ വിനീത പോളിടെക്നിക് കഴിഞ്ഞു. മരുമകൻ ശ്രീ ബിജിലാൽ വിദേശത്താണ്. മാളവിക അനാമിക എന്ന് രണ്ടു മക്കൾ. വിരമിക്കൽ എന്ന് ഒന്നിന്റെ അവസാനമല്ല. അത് നന്മനിറഞ്ഞ വിശ്രമ ജീവിതത്തിലേക്കുള്ള പുതിയ തുടക്കം ആകട്ടെ. ചേച്ചിക്ക് എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങളും നേരുന്നു..



## നിസ ടീച്ചർ

**ഹൈസ്കൂൾ അധ്യാപിക**

**(മലയാളം)**

# നാനോ കെമിസ്ട്രി



രാസപദാർത്ഥങ്ങളെ നാനോ തലത്തിൽ നിർമ്മിച്ച് അവയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖയാണ് നാനോ കെമിസ്ട്രി."നാനോ" എന്നത് വളരെ ചെറിയ ഒരു അളവാണ്.ഒന്നിനെ 100 കോടി കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്നത്ര ചെറുത് വളരെ ലഘുവായി പറഞ്ഞാൽ നമ്മുടെ ഒരു തലമുടിയിഴ ഏകദേശം ആയിരം നാനോമീറ്റർ കണക്കാക്കുന്നതാണ് . അപ്പോൾ ഏതൊരു സാധാരണക്കാരനും നാനോയുടെ വലിപ്പത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുമല്ലോ.

പ്രശസ്ത അമേരിക്കൻ ഭൗതിക ശസ്ത്രജ്ഞനും ശ്രീ റിച്ചാർഡ് ഫെയ്ൻമാൻ ആണ് നാനോ ടെക്നോളജിക്ക് അടിത്തറപ്പാക്കിയത്.പദാർത്ഥ ങ്ങളെ അതിൻ്റെ അതിസൂഷ്മ തലങ്ങളിലേക്ക് ചെറുതാക്കുമ്പോൾ അവയുടെ ഗുണമേന്മ വർദ്ധിക്കുന്നതായി കാണുന്നുണ്ട് ഇത് പ്രയോജനപ്പെടുത്തി നവീനവും കൂടുതൽ കാര്യക്ഷമതമായ ഉൽപ്പന്നങ്ങളെ നിർമ്മിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

ഉദാഹരണത്തിന്, നാം അടുത്തിടെയായി കേൾക്കുന്ന നാനോവളങ്ങൾ വളരെ കുറഞ്ഞ അളവിൽ ഉപയോഗിച്ച് കൂടുതൽ ഉല്പദന ക്ഷമത കൈവരിക്കാൻ കർഷകരെ സഹായിക്കുന്നുണ്ട്.

നാനോ പദാർത്ഥങ്ങളുടെനിർമ്മാണത്തിന് രണ്ട് രീതികൾ അവലംബിക്കാവുന്നതാണ് - ഒന്ന് Top down രീതി, അതായത് വലിപ്പം കൂടിയ പദാർത്ഥങ്ങളിൽ നിന്ന് നാനോ തലത്തിലുള്ള പദാർത്ഥങ്ങൾ ഉണ്ടാക്കി -യെടുക്കുന്നത് മറ്റൊന്ന് bottom-up രീതി. അതായത് ആറ്റങ്ങളുടെ തന്മാത്രകളും കൂടിച്ചേർത്ത് നാനോ തലത്തിലുള്ള പദാർത്ഥങ്ങൾ നിർമ്മിക്കുന്നത്.

വളരെയേറെ ഗവേഷണ പഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നതും മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും - ആരോഗ്യ മേഖലയിൽ ഉൾപടെ - അനുദിനം മുന്നേറിക്കൊണ്ടി- രിക്കുന്നതുമായ ഒരു ശാസ്ത്രശാഖയാണ് നാനോകെമിസ്ട്രി എന്ന് പറയാതെ വയ്യ.



**ഡോക്ടർ അഖിന എച്ച്**
ഹൈസ്കൂൾ അധ്യാപിക
(രസതന്ത്രം)

# നടന വിസ്മയം

## ശാന്ത.കെ.പിള്ള



സങ്കീർണമായ ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത സംഘർഷഭരിതമായ രംഗങ്ങളെ ആവിഷ്കരിക്കുന്ന കലാരൂപമാണ് നാടകം. നാടകരംഗത്തെ അവിസ്മരണീയമായ നാമമാണ് ശാന്ത കെ .പിള്ള. നാടകവേദിയിൽ ചലനം സൃഷ്ടിച്ച പ്രശസ്ത നടി. കായംകുളം കൃഷ്പുരത്ത്

കൊച്ചികിപള്ളിയാണ് ജന്മസ്ഥലം. അഭിനയ വാസനയും നാടകത്തോടുള്ള അടങ്ങാത്ത ഇഷ്ടവും ഒക്കെ നാടകലോകത്ത് എത്തിച്ചു. 24-മത്തെ വയസ്സിൽ നാടക നടിയായി മാറി. 49 വർഷം നാടകലോകത്ത് സജീവമായിരുന്നു. പ്രശസ്തമായ പല മലയാള നാടകത്തിന്റെയും നിറഞ്ഞ സാന്നിധ്യം ആകാൻ ശാന്ത കെ പിള്ളയ്ക്ക് സാധിച്ചു. 26 വർഷം കെ പി എ സി



യിൽപ്രവർത്തിച്ചിട്ടുണ്ട്. നാടകത്തെ ജീവിതയാത്രയുടെ ഭാഗം തന്നെ ആക്കി മാറ്റി. തിരുവനന്തപുരം അക്ഷര കലയിൽ അഞ്ചുവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊല്ലം അഭിരാമിയിലും തോപ്പിൽ ഭാസി തീയേറ്റേഴ്സിലും പ്രവർതതിച്ചിട്ടുണ്ട്. 2007 സംസ്ഥാന നാടക അവാർഡും ഈ നടിയെ തേടിയെത്തി. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, ഒളിവിലെ ഓർമ്മകൾ, തുലാഭാരം, ആൾ കവല തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മുകേഷ് കഥകൾ എന്ന സീരിയലിലും തൻറെ അഭിനയ മികവ് തെളിയിച്ചിട്ടുണ്ട് ശാന്ത കെ പിള്ള. നാടകം എന്ന ദൃശ്യ കലയെ അതിൻറെ ഭാവ തീവ്രതയിൽ തന്നെ മനസ്സിൻറെ ബഹിർ സ്ഫുരണം ആക്കി മാറ്റിയ കലാകാരിയാണ് ശാന്ത കെപിള്ള.ഈ വർഷത്തെ രാമാനുജസ്മൃതി പുരസ്കാരം ഈ കലാകാരിയെയാണ് തേടിയെത്തിയത്.



ശാന്ത.കെ.പിള്ള



**നിസ ടീച്ചർ**
ഹൈസ്കൂൾ അധ്യാപിക
(മലയാളം)

# കായിക മേള 2023-24




കൈരളിയുടെ കായിക പാരമ്പര്യത്തിന് ഒരു



പൊൻതൂവൽ കൂടി ചാർത്തിക്കൊണ്ട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ 2023 24 അധ്യയന വർഷത്തെ സ്പോർട്ട്സ് ഡേ സെപ്റ്റംബർ 14, 15 തീയതികളിലായി നടത്തപ്പെട്ടു. ആരോഗ്യമുള്ള തലമുറ നാടിന്റെ സമ്പത്താണ് പ്രതികൂലമായ കാലാവസ്ഥയിലും മുഴുവൻ സ്കൂളും പ്രത്യേകിച്ച് സ്കൂൾ ഗ്രൗണ്ട് ഭംഗിയായി ഒരുക്കി ഈ വർഷത്തെ സ്കൂൾ കായിക ദിനം ഒരു ഉത്സവമായി തന്നെ കൊണ്ടാടി. സെപ്റ്റംബർ പതിനാലാം തീയതി രാവിലെ 10 മണിയോടുകൂടി സൂപ്രണ്ട് ഇൻ ചാർജ് ശ്രീമതി ബബിത ടീച്ചർ കായികമേളയ്ക്ക് നാന്നി കുറിയിച്ചു തുടർന്ന്,ഹൗസ് ക്യാപ്റ്റൻമാരുടെ നേതൃത്വത്തിൽ ഹൃദ്യമായ മാർച്ച് പാസ്റ്റും നടത്തപ്പെട്ടു,തുടർന്ന് ലിറ്റിൽ കൈറ്റ് ടീമിന്റെ കുട്ടികൾ തന്നെ തയ്യാറാക്കിയ കുട്ടികൾ സ്പോർട്സ്



ലോഗോ പോസ്റ്റർ എന്നിവയുടെ പ്രദർശനം ഉണ്ടായിരുന്നു. ഓരോ

മത്സരത്തിനായും കുട്ടികൾ ആവേശഭരിതരായി കാത്തിരുന്നു. എഞ്ചിനീയറിങ് ഇൻസ്ട്രക്ടർ ശ്രീ രാജീവ് സർ കുട്ടികൾക്ക് വേണ്ടി എല്ലാ നിർദ്ദേശങ്ങളും നൽകി സ്പോർട്സ് കൺവീനർ ശ്രീ കലേഷ് സർ എല്ലാ മത്സരങ്ങൾക്കും നേതൃത്വം കൊടുത്തു എല്ലാ അധ്യാപകരും അനധ്യാപകരും കുട്ടികൾക്ക് വേണ്ട പ്രോത്സാഹനവും സഹായവുമായി ആദ്യ അവസാനവും ഒപ്പമുണ്ടായിരുന്നു കുട്ടികളുടെ സജീവമായ പങ്കാളിത്തം എല്ലാ മത്സരയിനങ്ങളിലും കാണാമായിരുന്നു കുട്ടികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുക എന്നിലുപരി ജീവിതത്തിലെ ജയപരാജയങ്ങളിൽ സ്വന്തം അനുഭവങ്ങളിലൂടെ എങ്ങനെ മാതൃകാപരമായി നേരിടാം എന്ന ഓരോ കായിക ദിനവും ഓർമിപ്പിക്കുന്നു.ജൂനിയർ സബ് ജൂനിയർ വിഭാഗത്തിലായി ഓട്ടം, ഹൈജമ്പ്,ലോങ് ജമ്പ്, ഡിസ്കസ് ത്രോ,ജാവലിംഗ് ത്രോ തുടങ്ങിയ വിവിധ മത്സരങ്ങളും നടത്തപ്പെട്ടു കുട്ടികളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പോയിന്റുകൾ വിലയിരുത്തി കായിക ദിനത്തിലെ ഉജ്ജ്വല പ്രകടനങ്ങളുടെ നയനമനോഹരമായി കാഴ്ചകൾ പകർത്തി ലിറ്റിൽ കൈറ്റ്സ് കുട്ടികളും ഒപ്പമുണ്ടായിരുന്നു. വിദ്യാഭ്യാസത്തോടൊപ്പം കായിക വിനോദത്തിന്റെ മൂല്യം കൂടി കുട്ടികൾക്ക് പകർന്ന് നൽകുന്നതായിരുന്നു ഈ രണ്ടു ദിനങ്ങളും..



**നിസ ടീച്ചർ**
ഹൈസ്കൂൾ അധ്യാപിക
(മലയാളം)

# രൂപാന്തരങ്ങൾ....

മനുഷ്യനായി പിറവികൊണ്ടു
മതവും തലക്കു പിടിച്ചു
മനസാകും ഹൃത്തിൽ വിഷവും നിറച്ചു.
വളർന്നു വർഷ കാലങ്ങൾക്കു അതീതമായി
വിത്തു വിതച്ചു വിഷ കുഞ്ഞുങ്ങളെ
വെട്ടി വെണ്ണീറാക്കി വ്യഥാ മനുഷ്യത്വവും
വാട്ടി മണ്ണോടാക്കി സഹാനുഭൂതിയും.



കാലങ്ങൾ മാറ്റപ്പെട്ടു
കോലങ്ങൾ മാറ്റിയിട്ടു.
ഇപ്പോഴും മതം പൊട്ടിയ
മനം ചിന്നം വിളിക്കുന്നു...
ആണ്ടുകൾ പിന്നിട്ടു.
ആയുസ്സ് കുറഞ്ഞിട്ടു
മണ്ണോടു ചെന്നിട്ടു ചിതലരിച്ചും.
പോയതും ചെയ്തതും പൊയ്യെന്നറിവോടെ
വെറും ആഗ്നേയ ശിലയായ്
മണ്ണിലുറങ്ങി......



**ഗീതാഞ്ജലി**
എഞ്ചിനീയറിംങ് ഡ്രോയിംങ് അധ്യാപിക



കൃഷ്ണപുരം ടി എച്ച് എസ് ൽ 2023-24 അദ്ധ്യയന വർഷം പത്താം ക്ലാസ്സിൽ റഫ്രിജിറേഷൻ& എയർ കണ്ടീഷനിംഗ് ട്രേഡിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒരു പ്രോജക്ട് വർക്ക് ആണ് A PROJECT ON WATER COOLER INSTALLATION. കാലങ്ങളായി പ്രവർത്തന രഹിതമായിരുന്ന ഒരു വാട്ടർകൂളർ, അതിന്റെ അപാകതകൾ പരിഹരിച്ച്, വാട്ടർ ഫിൽട്ടർ ഘടിപ്പിച്ച് , വിദ്യാർത്ഥികൾക്ക് കുടിവെള്ളം ലഭ്യമാകത്തക്കവണ്ണം പുനസ്ഥാപിച്ചു. അദ്ധ്യാപകരായ രാജൻ.പി, വിൽസന്റ്.എൽ, സാനു. പി എന്നിവർ മേൽനോട്ടം വഹിച്ചു.




A PROJECT ON WATER COOLER INSTALLATION
BY
10th R&AC STUDENTS 2023-24

# FIELD VISIT



18-01-2024 തീയതി ഞാനും എൻ്റെ 18 കൂട്ടുകാരും A.J. Ice plant - ൽ പോയി, field Visit ആയിരുന്നു. ഞങ്ങളുടെ കൂടെ R&AC DEPARTMENT -ൽ നിന്നും രാജൻ സാർ, വിൽസൺ സാർ, സാന്ദ്ര സാർ . Carpentry Department -ൽ നിന്ന് വിഷ്ണു സാർ, ജയകൃഷ്ണൻ സാർ എന്നിവരും ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ 1:30 ആയപ്പോൾ എത്തി. 3 Batch ആയി 6 പേര് വീതമാണ് വിളിച്ചത് . ഞാൻ രണ്ടാമത്തെ ബാച്ചിൽ ആയിരുന്നു. ഞങ്ങളുടെ ട്രേഡിലെ ചെറിയ condensor, Compressor, Evaporator ഒക്കെ ഞങ്ങൾ കണ്ടിട്ടുള്ളൂ, പക്ഷെ അവിടെ ചെന്നപ്പോൾ വലിയ compressor, condensor etc ഒക്കെ കണ്ടു. Ice plant- ൽ ഉപയോഗിക്കുന്ന open-type Compressor ന് 4 piston ഉണ്ട് . അത് കഴിഞ്ഞ് gas charging എന്ന പുതിയ Topic കൂടെ ഞങ്ങൾ പഠിച്ചു .Ice plant -ൽ ഒരു ദിവസം 10 Ton Ice ആണ് നിർമ്മിക്കുന്നത്. Ice can എല്ലാ brine solution- ൽ18 to 24 hrs വരെ വെച്ചാൽ മാത്രമേ നമുക്ക് ഐസ് ആയി കിട്ടുകയുള്ളൂ. വർക്കിങ്ങ് എല്ലാം പറഞ്ഞു തന്നത് വിൽസൺ സാർ ആണ് ഈ field visit ഞങ്ങൾക്കെല്ലാവർക്കും

ഉപയോഗം ചെയ്തു. ഞങ്ങൾ
4:30 ആയപ്പോൾ തിരിച്ച്
സ്കൂളിലെത്തി



**അശ്വിൻ എ എസ്**
X.B

# മഴ



രാത്രിയുടെ അന്ത്യ
യാമങ്ങളിൽ.
എവിടെയോ ഒരു മിന്നൽ
കണ്ണി .
കണ്ണടച്ച് തുറക്കവേ
പേമാരിപോലവ
പെയ്തിറങ്ങി..
ചെണ്ട, ചെങ്ങില,മദ്ദളം .

ഇടിനാദ ശബ്ദം
കേൾക്കായി.
കണ്ണഞ്ചുമാം പ്രകാശ ഗോപുരം.
തുറന്ന പോൽ മിന്നൽ പിണരുകൾ.

ആ പുതുമണ്ണിൻ സുഗന്ധമായി.
പെയ്യുന്ന മഴയെ നോക്കി.
പഴയ് കാല മധുര സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ
തോന്നും

ഈ മഴയിന്നു പെയ്ത് തോരുന്നത് വരേയ്ക്കുമേ ഈ മധുര
സ്വപ്നങ്ങൾ തൻ സ്മൃതി നിലനിൽക്കുകയുള്ളൂ .
എന്നെൻ മനം പറയുന്നു.



**അശ്വിൻ എ**
**IX.A**

# അമന്റെ ശാന്തതയിലേക്കുള്ള യാത്ര

ആനന്ദപൂർ എന്ന തിരക്കേറിയ ഇന്ത്യൻ പട്ടണത്തിൽ അമൻ എന്ന ഒരു കൗമാരക്കാരൻ താമസിച്ചിരുന്നു. സാംസ്കാരിക ആഘോഷങ്ങളുടെ നിറപ്പകിട്ടുകളാലും ദൈനംദിന ജീവിതത്തിന്റെ ശബ്ദങ്ങളാലും അന്തരീക്ഷം നിറഞ്ഞു. എന്നിരുന്നാലും, പാരമ്പര്യങ്ങളുടെ മനോഹാരിതയ്ക്കിടയിൽ, സമപ്രായക്കാരുടെ സമ്മർദ്ദത്തിന്റെയും പദാർത്ഥങ്ങളുടെ ആകർഷണത്തിന്റെയും സങ്കീർണ്ണമായ വലയിൽ അമൻ സ്വയം കുടുങ്ങി.

സജീവമായ ഒരു ഉത്സവ വേളയിൽ, സുഹൃത്തുക്കളുമൊത്തുള്ള ഒരു ഒത്തുചേരലിൽ അമൻ ഒരു പ്രധാന തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. ആഘോഷത്തിന്റെ മത്തുപിടിപ്പിക്കുന്ന സൌരഭ്യവും അശ്രദ്ധമായ ആവേശത്തിൽ ചേരാനുള്ള പ്രലോഭനവും ഇടകലർന്നു. അമാൻ ഖേദകരമായ ഒരു തീരുമാനത്തിന്റെ വക്കിലെത്തിയപ്പോൾ, അനന്യ എന്ന അടുത്ത സുഹൃത്ത് ഇടപെട്ടു.

പദാർത്ഥങ്ങളുമായുള്ള സ്വന്തം പോരാട്ടങ്ങളിൽ വിജയിച്ച അനന്യ, നൈമിഷികമായ ഉയരങ്ങൾക്കപ്പുറമുള്ള ജീവിതത്തിന്റെ സമ്പന്നതയ്ക്ക് ഊന്നൽ നൽകി വീണ്ടെടുപ്പിന്റെ കഥ പങ്കുവച്ചു. ഹൃദയസ്പർശിയായ ഈ സംഭാഷണം അമന്റെ ആത്മാവിൽ ഒരു തീപ്പൊരി ജ്വലിപ്പിച്ചു, മയക്കുമരുന്നിന്റെ വശീകരണത്തിൽ നിന്ന് അവരെ മോചിപ്പിക്കാൻ നിർബന്ധിതരാക്കി.

അമൻ ഒരു പുതിയ നിശ്ചയദാർഢ്യം സ്വീകരിക്കുകയും ശാന്തമായ ജീവിതശൈലിക്ക് സമാനമായ പ്രതിബദ്ധത പങ്കിടുന്ന സുഹൃത്തുക്കളെ തേടുകയും ചെയ്തു. അവർ ഒരുമിച്ച് അവരുടെ സാംസ്കാരിക പൈതൃകത്തിന്റെ ആഴങ്ങൾ പര്യവേക്ഷണം ചെയ്തു, പരമ്പരാഗത കലകളിൽ ഏർപ്പെട്ടു, അവരുടെ

ഊർജ്ജം സാമൂഹിക സേവനത്തിലേക്ക് മാറ്റി. യാത്ര വെല്ലുവിളി നിറഞ്ഞതായിരുന്നു, എന്നാൽ ഓരോ തടസ്സവും വ്യക്തിഗത വളർച്ചയിലേക്കുള്ള ചവിട്ടുപടികളായി മാറി.

ഋതുക്കൾ മാറിയപ്പോൾ അമനും മാറി. പരിവർത്തനം അഗാധമായിരുന്നു, അക്കാദമിക് നേട്ടങ്ങളിൽ സാക്ഷ്യം വഹിച്ചു, സൗഹൃദങ്ങൾ ശക്തിപ്പെടുത്തി, സാംസ്കാരിക വേരുകളിൽ അഭിമാനത്തിന്റെ പുനരുജ്ജീവനം. ആനന്ദപൂർ വീക്ഷണത്തിൽ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ചു, അമന്റെ യാത്ര മറ്റ് കൗമാരക്കാരെ ലഹരിവസ്തുക്കളുടെ വലിവിനെ ചെറുക്കാൻ പ്രചോദിപ്പിച്ചു.

ഈ കഥയുടെ പരിസമാപ്തിയിൽ, ഒരു ഉത്സവ സമ്മേളനത്തിനിടെ അമൻ സമൂഹത്തിന് മുന്നിൽ നിൽക്കുകയും അവരുടെ വിജയങ്ങളും കഷ്ടപ്പാടുകളും പങ്കുവെക്കുകയും ചെയ്തു. ശാന്തതയുടെ പാത തിരഞ്ഞെടുക്കുന്നതിലെ കരുത്ത് തിരിച്ചറിഞ്ഞ ഒരു പട്ടണത്തിന്റെ കൂട്ടായ പിന്തുണയോടെ തുടർന്നുള്ള കരഘോഷം പ്രതിധ്വനിച്ചു.

"നിർമിതി: അമന്റെ ശാന്തതയിലേക്കുള്ള യാത്ര" ആനന്ദപൂരിലെ പ്രതീക്ഷയുടെയും പ്രതിരോധത്തിന്റെയും ഒരു കഥയായി മാറി, കൗമാരത്തിന്റെ വെല്ലുവിളികളിലൂടെ സഞ്ചരിക്കുന്നവർക്ക് വഴികാട്ടിയായി. സാംസ്കാരിക അഭിമാനം, സൗഹൃദം, ലഹരിയുടെ ചങ്ങലകളിൽ നിന്ന് മുക്തമായ ജീവിതത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയുടെ പരിവർത്തന ശക്തിയെ അമൻ്റെ കഥ ഉദാഹരിച്ചു.



**അനഘ. എൽ**
IX.B

# വടി

നിങ്ങൾ ഇപ്പോൾ സ്കൂൾ വിദ്യാർത്ഥികൾ ആകാം പഠനം കഴിഞ്ഞവരാകാം എന്നാൽ വിദ്യാലയ ജീവിതത്തിൽ നമുക്ക് മറക്കാനാവാത്ത ഒന്നാണ് വടി.



ഓരോ വിദ്യാർത്ഥികൾ വഴുതി വീഴുമ്പോൾ വടിയാണ്വടിയാണ് നമ്മെ അതിൽ നിന്ന് തട്ടിമാറ്റുന്നത്. ഇക്കാലമോ അധ്യാപകർ വടിയെടുത്താൽ അത് വലിയ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ചെറിയ തെറ്റുകൾ അടിച്ചു തിരുത്താത്തതിനാൽ പുതുതലമുറ വലിയ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. വടികൊണ്ടുള്ള അടിയുടെ ചൂട് കിട്ടാത്തവർ കുറവാണ്. അടി പേടിച്ച് ചിലപ്പോൾ അടി കൊള്ളാതിരിക്കാൻ ബുക്കുകളും മറ്റും കൊണ്ട് പല വിദ്യകൾ കാട്ടുന്നവർ ധാരാളമാണ് ചിലപ്പോൾ അടി കൊണ്ട് വേദന കാരണം കുട്ടികൾ അതൊരു നൃത്ത അരങ്ങേറ്റമായി മാറ്റുന്നു. നമ്മേ നന്മയിലേക്ക് കൊണ്ടുവരുന്ന ഒരു നല്ല വഴികാട്ടിയാണ് വടി



**മുഹമ്മദ് നാസിം**
**IX.A**

ടെക്നിക്കൽ ഹൈസ്കൂൾ2022-25 ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ "ധ്വനി" എന്ന പേരിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത് ലിറ്റിൽ കൈറ്റ്സിനെ പറ്റി പറയുകയാണെങ്കിൽ ഒരു സംരംഭമാണ്. ബഹു മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ 2018 ജനുവരി 22 ഈ അതുല്യമായ സംരംഭത്തിനുടക്കം കുറിച്ചു mobile apps programming, robotics, e-comerce , e-governance, video documentation, web tv, എന്നിവയുടെ വികസനമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കേരള ത്തിലെ സ്കൂളുകളിൽ ICT പ്രാപ്തമാക്കുന്ന വിദ്യാഭ്യാസത്തിന് ഇന്ധനം നൽകുന്നതായി (Kerala infrastructure and technology for education) (kite) 2001-02 IT @School project രൂപീകരിച്ച ICT മേഖലകളിൽ വിദ്യാർത്ഥികളുടെ സ്വാഭാവികതാൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനു സാങ്കേതിക വിദ്യയുടെയും സോഫ്റ്റ്‌വെയറിന്റെയും ഉചിതമായ ഉപയോഗത്തിന് ഒരു സംസ്കാരം സൃഷ്ടിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം .



**അരുണിമ.എ**
**IX.A**



കൃഷ്ണപുരം ടി എച്ച് എസ് ൽ 2023-24 അദ്ധ്യയന വർഷം പത്താം ക്ലാസ്സിൽ Product and Manufacturing ട്രേഡിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒരു വർക്ക് ആണ് Reconditioning of Aluminium Ladder. കേടായി കിടന്നിരുന്ന Aluminium Ladder പ്രവർത്തനക്ഷമമാക്കിയെടുത്തു. അത് ഉപയോഗിച്ച് ഡ്രോയിംഗ് ഹാളിലെ കേടായ ഫാനുകൾ അഴിച്ചെടുത്ത് കുട്ടികൾ തന്നെ ശരിയാക്കി തിരികെ ഘടിപ്പിച്ചു. അദ്ധ്യാപകരായ ഹഷീർ P.N, ദീപു. ആർ, സുബീഷ്. എസ്സ് എന്നിവർ മേൽനോട്ടം വഹിച്ചു.



## ദീപു.ആർ
അദ്ധ്യാപകൻ

# അച്ഛൻ



വീടിന്റെ
നാഥനാണെന്നുമച്ഛൻ
വീടിനു തുണയാണ്
എന്നുമച്ഛൻ
വീടിന്റെ ദീപം
അമ്മയാണെങ്കിലും
തെളിയുന്ന
എണ്ണയാണെന്നുമച്ഛൻ

ഞാനൊന്നുവീണാൽ
മുറിവേറ്റു കണ്ടാൽ
കരളൊന്ന് പിടയുംമെൻ
കവിളിൽ തലോടുമച്ഛൻ
വാക്കിലും നോക്കിലും
ശുണ്ഠിയുണ്ടെങ്കിലും
കനിവിന്റെ
പീഢമാണെന്നുമച്ഛൻ

ജീവിതയാത്ര
കഠിനമാണെങ്കിലും
ചിരിയിൽ മറയ്ക്കുന്നു
നോവുകളോരോന്നും
വീടൊരു സ്വർഗമാക്കാൻ
വേണ്ടി

## ഇരുളിനെ പകലാക്കി മാറ്റുമച്ഛൻ

കല്ലിലും മുള്ളിലും
നടന്നുകൊണ്ടെന്നച്ഛൻ
ചുമലിലിരുത്തി കാഴ്ച്ചകാണിച്ചെന്നെ
എന്നെ തഴുകി തലോടിയ
കൈകൾക്ക്
താങ്ങായി തുണയായി ഞാൻ
ചേർന്നുനിൽക്കും

അറിവിനായി ഉലകത്തിലാകെ
അലഞ്ഞെന്നാലും
അരികിലുള്ളച്ഛന്റെ അറിവറിഞ്ഞില്ല
ഞാൻ.
ആചര്യാനേക്കാളും ഈശ്വരനേക്കാളും
എന്നിലെ നോവുകളറിയുമെന്നച്ഛൻ.



**അഭിഷേക് ബിജു**
**VIII**

# നമുക്കൊരു യാത്ര പോയാലോ....



44-ാമത് ഓൾ കേരള ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം ആർട്ട്സ് ഫെസ്റ്റിലെ പരിപാടിയുമായി ബന്ധപ്പെട്ട് 27 വിദ്യാർത്ഥികളും ഞങ്ങളെ നയിക്കുന്നതിനു വേണ്ടി 5 അധ്യാപകരും ബഹുമാനപ്പെട്ട ഞങ്ങളുടെ




സ്കൂൾ സൂപ്രണ്ട് ശ്രീമതി. ബബിദ ടീച്ചറും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു യാത്ര തുടങ്ങുന്നതിന് തലേ ദിവസം രാത്രി ഞങ്ങൾ യാത്രയെ പറ്റി ചർച്ച ചെയ്തു. അങ്ങനെ യാത്രാ ദിവസം8.30 യ്ക്ക് ഞങ്ങൾ യാത്ര പോകാൻ തയ്യാറായിരുന്നു- 9.30-തോടു കൂടി ഞങ്ങൾ യാത്ര ആരംഭിച്ചു. 50 പേർക്ക് ഒരുമിച്ച് യാത്ര ചെയ്യാൻ കഴിയുന്നഒരു ടൂറിസ്റ്റ് ബസിലായിരുന്നു ഞങ്ങളുടെ യാത്ര. ബസിലെ ഡ്രൈവറും അദ്ധേഹത്തിന്റെ ഒപ്പം വന്ന അശ്വിൻ ചേട്ടനുമായി ഞങ്ങൾ പെട്ടെന്ന് തന്നെ സുഹൃത്തുക്കളായി. പിന്നീട് ഉച്ചയ്ക്ക് ഏകദേശം ഒന്നരയോടുകൂടി ഞങ്ങൾ കളമശ്ശേരി പോളി ടെക്നിക്കൽ കോളേജിലെത്തി. കേരളത്തിലെ ആദ്യകാല പോളിടെക്നിക്കുകളിൽ ഒന്നായ കളമശ്ശേരി പോളിടെക്നിക്കിൽ ആണ് മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ സേതു

പഠിച്ചത് ഞങ്ങളെല്ലാവരും വീട്ടിൽ നിന്ന് പൊതിച്ചോറും കൊണ്ടുവന്നു. ഞങ്ങൾ 27 പേരും ഒരുമിച്ച് പങ്കിട്ടു കഴിച്ചു
രുചി കൂട്ടങ്ങളുടെ ഒരു മഹാസംഗമം ..

കളമശ്ശേരി പോളിടെക്നിക് ക്യാമ്പസിൽ നിന്നും ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോ എടുത്തു.

ശേഷം യാത്ര തുടരുന്ന തൃശ്ശൂരിലെ കുതിരാൻ തുരങ്കത്തിലൂടെ ബസ് കടന്നുപോയപ്പോൾ ഉണ്ടായ നിർവൃതി ഇവിടെ എഴുതി ഫലിപ്പിക്കാൻ കഴിയുന്നില്ല എന്നാണ് സത്യം.

യാത്ര തുടരുന്നു......
മംഗലപ്പുഴ കടന്നു വടക്കാഞ്ചേരി എത്തി. അവിടുത്തെ ആര്യാസ് ഹോട്ടലിൽ നിന്നും ചായയും പഴംപൊരിയും കഴിച്ചു.





പച്ച വിരിച്ച നെൽപ്പാടങ്ങളുടെ നടുവിലെ റോഡിലൂടെ ഞങ്ങൾ യാത്ര ആരംഭിച്ചു. ചുരം ചുറ്റി വരുന്ന പാലക്കാടിൻ കുളിർമ ആയിരുന്നില്ല. ചെറിയ ചൂടിൽ കേരളത്തിലെ ഏറ്റവും ചൂട് കൂടിയ ജില്ല പാലക്കാട് ആണെന്ന് കുറച്ചുനാൾ മുൻപ് സോഷ്യൽ സയൻസ് ക്ലാസിൽ വച്ച് ടീച്ചർ ലെജി ടീച്ചർ പറഞ്ഞ ഓർമ്മ വന്നു.
ഭാരത പുഴയുടെ കൈവരികളായ ഏതോ ഒരു ചെറിയ പുഴ കടന്നാണ് കലോത്സവം നടക്കുന്ന ചിറ്റൂർ പോളിടെക്നിക് സ്കൂളിൽ എത്തി. ഞങ്ങൾ അവിടെ എത്തിയപ്പോൾ സൂര്യൻ പാലക്കാടൻ മലയിടങ്ങളിലേക്ക് താഴ്ന്ന് തുടങ്ങിയിരുന്നു. ഞങ്ങൾക്ക് മധുരം നൽകി സ്കൂൾ അധികൃതർ ഞങ്ങളെ വരവേറ്റു. അതിഥികളെ

ദൈവത്തെ പോലെ കാണുന്ന പാലക്കാട്ടെ അധ്യാപകരും മറ്റും ഞങ്ങൾക്ക് താമസിക്കാനും സ്ഥലം കാണിച്ചു തന്നു. രാത്രിയുടെ നിലാവിളിച്ചത്തിൽ ചിറ്റൂർ ടെക്നിക്കൽ സ്കൂൾ വെട്ടി തിളങ്ങി നിൽക്കുന്നത് കണ്ടപ്പോൾ എന്റെ പ്രിയപ്പെട്ട വിദ്യാലയമായ ടെക്നിക്കൽ സ്കൂൾ കൃഷ്ണപുരം എത്രയോ ചെറുതാണെന്ന് ഞാൻ വേദനയോടെ ഓർത്തു. ഞാൻ പിന്നീട് ചൂട് ചപ്പാത്തിയും ഗ്രീൻപീസ്



കറിയുമായി കൂട്ടുകാരും ഒന്നിച്ച് കഴിച്ചു. അത്താഴം കഴിച്ചതിനുശേഷം സജിമോൻ സാറും,രാജീവ് സാറും,രോഹിത് സാറുമായിഞങ്ങൾ ഇരുന്നു.അധ്യാപകരുടെ ഗൗരവം വിട്ട് സുഹൃത്തുക്കളെ പോലെ അവർ തമാശകൾ



പറഞ്ഞു. അപരിതമായ സ്ഥലത്ത് ഞങ്ങൾ എത്തിപ്പെട്ടതിന്റെ വിഷാദങ്ങളെ മറക്കാൻ വേണ്ടി ആയിരിക്കും സജിമോൻ സാർ തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിപ്പിച്ചു. ക്ലാസ്സിൽ എപ്പോഴും ഗൗരവത്തോടെ ഞങ്ങളോടൊപ്പം നിന്ന രോഹിത് സാർ ഇത്രയും സിമ്പിൾ ആയ ഒരു മനുഷ്യനാണ് എന്ന് ഞങ്ങൾ തിരിച്ചറിഞ്ഞത് അന്നായിരുന്നു.ഞങ്ങൾ തമാശ പറയുമ്പോൾ ഞങ്ങളോടൊപ്പം തമാശകൾ പങ്കിടുവാൻ രോഹിത് സാർ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. പരിപാടിക്ക് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം എന്നുള്ള

നിർദ്ദേശങ്ങൾ എല്ലാം രാജീവ് സാർ ഞങ്ങൾക്ക് പറഞ്ഞു തന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന കലാകാരനെ എനിക്ക് ദർശിക്കാനായി. യാത്രാ ക്ഷീണം കൊണ്ടായിരിക്കാം അഗാധമായ ഒരു നിദ്രയിലേക്ക് ഞങ്ങളെല്ലാവരും പെട്ടെന്ന് വഴുതി വീണു 3.50 യോടെ ഞങ്ങളെ അധ്യാപകർ വിളിച്ചുണർത്തി. ഇന്നത്തെ മത്സരങ്ങളെ കുറിച്ച് ഞങ്ങളെ വീണ്ടും ഓർമിപ്പിച്ചു ഏകദേശം ഏഴുമണിയോടെ ഞങ്ങൾ മത്സരങ്ങൾ നടക്കുന്ന വേദിയുടെ അരികിലെത്തി. ഇന്നലെ രാത്രി ചന്ദ്രനിലാവിൽ കണ്ട കാഴ്ചകൾ ഒന്നുമായിരുന്നില്ല സൂര്യ വെളിച്ചത്തിൽ എത്തിയപ്പോൾ ഭക്ഷണം കഴിക്കാനുള്ള ക്യൂപ്പണമായി ഞങ്ങൾ ഭക്ഷണശാലയിൽ എത്തി. നെയ്യ് മണമുള്ള ആവി പറക്കുന്ന ഉപ്പുമാവും കിഴങ്ങ് കറിയും ആയിരുന്നു. ഞങ്ങൾക്ക് രാവിലെ കഴിക്കാൻ ആയി ലഭിച്ചത്. അതിനുശേഷം ഞങ്ങളുടെ ടീം പങ്കെടുക്കുന്ന ആദ്യത്തെ പരിപാടിയായ തിരുവാതിരയായിരുന്നു.




സ്കൂളിന്റെ അഭിമാനമായ നന്മ നയിച്ച തിരുവാതിര കളിക്ക് ഒന്നാം സ്ഥാനം പ്രതീക്ഷിച്ചു എങ്കിലും മൂന്നാം സ്ഥാനവും കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. അതൊരു വലിയ വിജയമായിരുന്നു എങ്കിലും നിരാശപ്പെടേണ്ടി വന്നു. തിരുവാതികളിൽ ഒന്നാം സ്ഥാനം മോഹിച്ചിരുന്ന അതിനു വേണ്ടി ഏറെ സജിന ടീച്ചറിനും നിരാശപ്പെടേണ്ടി വന്നു.പക്ഷേ പെട്ടെന്ന് തന്നെ ആ വേദനയെല്ലാം മറന്നുകൊണ്ട് സജിന ടീച്ചർ ഞങ്ങൾക്ക് തന്ന ഊർജ്ജം പറഞ്ഞറിയിക്കാൻ പറ്റില്ല. ഉച്ചയ്ക്ക് പാലക്കാടൻ രുചികളുടെ തനിമ വിളിച്ചുണർത്തുന്ന സദ്യയായിരുന്നു. അമ്പലപ്പുഴ പാലടയോളം വരില്ലെങ്കിലും പാലക്കാട്ടെ പായസത്തിന്റെ മധുരം എനിക്കിഷ്ടമായി. ഉച്ചയൂണിനു ശേഷം

ഞങ്ങളുടെ ടീം പങ്കെടുത്ത ഗാനമേള ഉണ്ടായിരുന്നു. നബീലിന്റെയും ആര്യ യാംബികയുടെയും നേതൃത്വത്തിൽ ഉള്ള ഗാനമേളയുടെ റിസൾട്ട് ബി ഗ്രേഡ് ആണെങ്കിലും അതിന് ഒന്നാം സ്ഥാനം ലഭിക്കാത്തതിന്റെ സങ്കടം ഉണ്ടായിരുന്നു.എന്റെ സ്കൂൾ ഒന്നാം സ്ഥാനം കിട്ടുമെന്നുള്ള എന്റെ അതിയായ ആഗ്രഹമായിരിക്കാം ഇങ്ങനെയുള്ള തോന്നലിനു കാരണം. അതിനുശേഷംTHS കൃഷ്ണപുരം ഒന്നടങ്കം കാത്തിരുന്ന നമ്മയുടെ ഭരതനാട്യ മത്സരം ഒന്നാം സ്ഥാനം പ്രതീക്ഷിച്ചതായിരുന്നു. എന്നാൽ നമ്മയ്ക്ക് കിട്ടിയത് മൂന്നാം സ്ഥാനമായിരുന്നു. നമ്മയെക്കാൾ മികച്ച 1,2 സ്ഥാനക്കാരോട് എനിക്ക് സത്യത്തിൽ അസൂയ തോന്നി. ഇതോടുകൂടി ഞങ്ങളുടെ മത്സരങ്ങൾ പൂർണമായി. രാത്രിയിൽ ചപ്പാത്തിയും മുട്ടക്കറിയും കഴിച്ചു. അങ്ങനെ രാവിലത്തെ കാര്യങ്ങൾ രാത്രിയിൽ ചർച്ച വിഷയം ആക്കി ഞങ്ങൾ സംസാരിച്ചു കിടന്നു. പുലർച്ച വീണ്ടും കലോത്സവം നടന്ന സ്കൂളിൽ എത്തി.അന്നത്തെ പ്രഭാത ഭക്ഷണം പഞ്ഞി പോലെ മൃദുലമായി ഇഡലിയും സാമ്പാറും ആയിരുന്നു. അത് കഴിച്ചപ്പോൾ വീട്ടിലെ ഉമ്മ ഉണ്ടാക്കുന്ന ഇഡലിയും സാമ്പാറും എന്റെ മനസ്സിലെ കോടിയെത്തി. ഉമ്മയെ കാണണമെന്ന് ആഗ്രഹം തോന്നി.ഉമ്മയോടുള്ള സ്നേഹം കൊണ്ടായിരിക്കാം എനിക്ക് അങ്ങനെയെല്ലാം തോന്നിയത്.അങ്ങനെ ഭക്ഷണം കഴിച്ച് രണ്ടാം ദിനത്തിൽ ഞങ്ങളുടെ സ്കൂളിൽ നിന്ന് അടുത്ത മത്സരത്തിനായി തയ്യാറെടുക്കുകയായിരുന്നു ഞങ്ങൾ. 9 മണി മുതൽ 12 മണി വരെ ചെണ്ട പ്രാക്ടീസ് വെച്ചു.ചെണ്ട മത്സരത്തിനായി ഞങ്ങളുടെ ക്യാപ്റ്റനായി നിർദ്ദേശങ്ങൾ പറഞ്ഞു തരാൻ രാജീവ് സാറും ഉണ്ടായിരുന്നു.പ്രാക്ടീസ് കഴിഞ്ഞ് നല്ല നട്ടുച്ച സമയത്ത് ഞങ്ങൾക്ക് വയറു നിറയാനായി ഭക്ഷണം കുപ്പൺ

എത്തി.പിന്നീട്
കഴിച്ചിറങ്ങിയ ഞങ്ങൾ
വീണ്ടും പ്രാക്ടീസ് ചെയ്യാൻ
ആരംഭിച്ചു.അങ്ങനെ
ഞങ്ങളുടെ പിഴവുകളും മറ്റു
കാര്യങ്ങളും മാറ്റി
ഞങ്ങളുടെ ചെണ്ട മത്സരം
കളിക്കാനായി സ്റ്റേജിൽ
കയറി ഞങ്ങൾ. മറ്റു
വിദ്യാർത്ഥികളെ
അപേക്ഷിച്ച് ഞങ്ങൾ മികച്ച
പ്രകടനം കാഴ്ചവയ്ക്കാൻ
ശ്രമിച്ചു.തെറ്റ് കൂടാതെ
പുഞ്ചിരിച്ച മുഖവുമായി
ഞങ്ങൾ ഞങ്ങളുടെ
തായംബകതകർത്താടി.മ
ത്സരം കഴിഞ്ഞ് ഞങ്ങൾക്ക്
റിസൾട്ട് കേൾക്കണ്ട
സമയമായപ്പോൾ
ഞങ്ങളുടെ ശ്വാസം പോലും
എടുക്കാൻ പേടിയായിരുന്നു.
എല്ലാവരും കാത്തിരുന്ന ആ
റിസൾട്ട് വന്നു. വളരെ
വിഷമം തോന്നിച്ച
നിമിഷത്തെ ഞങ്ങൾക്ക്
മറക്കാൻ കഴിയില്ല. B
grade ലഭിച്ചു എന്ന് പറഞ്ഞ
നിമിഷം ഞങ്ങൾക്ക് വളരെ
നിരാശകരമായിരുന്നു.
എന്നാൽ ആ സങ്കടങ്ങളെ
മാറ്റിക്കൊണ്ട് നമ്മയ്ക്ക്
കുച്ചിപ്പുടിയിൽ 1st A grade
ലഭിച്ചു എന്ന് കേട്ട ആ
നിമിഷം ഇപ്പോഴും എന്റെ
മനസ്സിൽ തങ്ങി നിൽക്കുന്നു.
ആ നിരാശകരമായ
നിമിഷത്തെ
നമ്മയാൽഞങ്ങൾ തരണം
ചെയ്തു.അങ്ങനെ ആടിയും
പാടിയും കളിച്ചും ചിരിച്ചും
ആ ദിവസം മറക്കാൻ
ഒക്കാത്തെ ഒരു ദിനമായി
ഞങ്ങൾ മാറ്റിയെടുത്തു.
രാത്രി ഞങ്ങളുടെ സ്കൂളിലെ
കുട്ടികളും അധ്യാപകരും
കഴിക്കുന്ന
ഓഡിറ്റോറിയത്തിന്റെ
മുമ്പിലായി ഞങ്ങളുടെ തായ
രീതിയിൽ ഞങ്ങൾ
ചെറിയൊരു ഗാനമേള
നടത്തി. അതിൽ ലയിച്ചത്
കൊണ്ടാവാം ഞങ്ങൾക്ക്
സമയം പോയത്
അറിഞ്ഞില്ല. മനസ്സുകൊണ്ട്
ഞങ്ങൾ എല്ലാവരും
സന്തോഷിച്ച ആ രാത്രിയും
ഞങ്ങളുടെ ജീവിതത്തിൽ
നിന്നും കടന്നുപോയി......

**THE LAST DAY**

അങ്ങനെ അടുത്ത
ദിവസത്തിലെ പ്രഭാതവും
കണ്ടു. ഇന്ന് ഞങ്ങളുടെ
അവസാനത്തെ പരിപാടി
ദേശഭക്തിഗാനം.
അതിനുവേണ്ടി പ്രാക്ടീസ്
ചെയ്തുകൊണ്ടിരിക്കുന്ന
ഞങ്ങളിലേക്കൈക്കുകാതെ

ആ നിമിഷവും വന്നു. നബീലിന്റെയും ആര്യ അംബികയും നന്മയുടെ സ്നേഹയുടെയും നേതൃത്വത്തിലുള്ള ദേശഭക്തിഗാനതിനായി ഞങ്ങൾ സ്റ്റേജിൽ കയറി. അങ്ങനെ അതിമനോഹരമായ നിലയിൽ ആ പരിപാടിയും കഴിഞ്ഞ ഞങ്ങൾ ഒരു കാര്യം ഓർത്തു വിഷമിച്ചു. ഞങ്ങളുടെ അവസാന ദിനം ആണല്ലോ എന്ന് ഞങ്ങൾ ഓർത്തുപോയി. കഴിഞ്ഞുപോയതെല്ലാം വെറും ഓർമ്മകൾ ആവുകയാണല്ലോ എന്ന് ഓർത്ത നിമിഷം ഞങ്ങളുടെ അവസാനം പരിപാടിയുടെയും റിസൾട്ട് വന്നു. A grade മാത്രം കിട്ടിയ ആ പരിപാടിയും ഒന്നും നേടാൻ കഴിയാത്തതിന്റെ വിഷമം ഞങ്ങളുടെ അധ്യാപകർ മാറ്റി അങ്ങനെ അവസാന ഒരുമിച്ച കൂടൽ എന്ന് കരുതി ഞങ്ങൾ ഒന്നും കൂടി ചെറിയ രീതിയിൽ പാട്ടുകൾ പാടിയും തമാശകൾ പറഞ്ഞു ഞങ്ങളുടെ അവസാനത്തെ നിമിഷങ്ങൾ ഉപയോഗിച്ചു. അങ്ങനെ ഞങ്ങൾക്ക് വേണ്ടി തിരികെ വീട്ടിലേക്ക് പോകാനായി ഞങ്ങളുടെ ബസ് ഞങ്ങൾക്കായി കാത്തിരുന്നു. അങ്ങനെ കാത്തിരിപ്പുകൾക്ക് വിരാമം അർപ്പിച്ചുകൊണ്ട് ഞങ്ങൾ യാത്രയാകാൻ ആരംഭിച്ചു.എല്ലാം ഒരു പേ ക്കിനാവ് എന്നപോലെ തോന്നൽ തുടങ്ങി. അങ്ങനെ ഞങ്ങൾ അവസാനമായി സ്കൂളിനെ നോക്കി നിന്നു. അതുകഴിഞ്ഞ് ഞങ്ങളും അധ്യാപകരും കുറച്ചു വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായി ഞങ്ങൾ തിരികെ വീട്ടിലേക്ക് യാത്ര തുടങ്ങി. ബസ്സിലെ ഓരോ നിമിഷവും മറക്കാനാകാത്ത നിമിഷങ്ങളായി ഞങ്ങൾ എടുത്തു. ബസ്സിൽ യാത്ര ചെയ്തു അങ്ങനെ ഞങ്ങൾ പോകുന്ന വഴിയിൽ ഞങ്ങൾക്ക് കുളിർമ നൽകുന്ന നിലയിൽ മഴപെയ്യാൻ ആരംഭിച്ചു. അങ്ങനെ തൊടുപുഴയിൽ ചായ കുടിക്കാൻ ഞങ്ങളുടെ സംഘം മുഴുവൻ ഒരു ഹോട്ടലിൽ കയറി. അതെല്ലാം ഉപരി അവിടെ ഞങ്ങൾ

കാണാകാഴ്ചകളായി തോന്നിയ പല ഓർമ്മകളും ഞങ്ങൾ ഓർത്തു. അങ്ങനെ ചായകുടി കഴിഞ്ഞ് ഞങ്ങൾ യാത്ര തുടങ്ങി.ബസ്സിലെ യാത്ര തുടരെത്തുടരെ വിദ്യാർഥികളുടെ മനസ്സിൽ വിഷമം വരുന്ന് ഞങ്ങൾക്ക് കാണാൻ സാധിച്ചു. വിദ്യാർത്ഥികളുടെ വിഷമം മാറ്റുന്നതിനായി ഞങ്ങൾ ഗാനം വെച്ചുകൊണ്ടാണ് യാത്ര തുടങ്ങിയത്. അങ്ങനെ ഞങ്ങൾ ഞങ്ങളുടെ സ്കൂളിലെ ഗേറ്റിന്റെ മുൻപിൽഎത്തി. ഓരോ ആൾക്കാരും പരസ്പരം ചിരിക്കുന്നതും കരയുന്നതുമായ പല ഭാവങ്ങൾ അവിടെ എനിക്ക് കാണാൻ സാധിച്ചു.

Written By Muhammed Fayas and Muhammad Nabeel

Thanks To
Babida Teacher, Saji Mon Sir, Rajeev Sir, Rohit Sir, Legi Teacher, Sajini Teacher, Abhinandh, Midhun, Saran Kumar, Amal, Athul Ajeesh, Aadithyan



മുഹമ്മദ് ഫയാസ്
മുഹമ്മദ് നബീൽ
X.B

# ഒരു രാത്രി

ഉദയ രവിയുടെ അരുണകിരണങ്ങൾ വെള്ളാരം കല്ലിൽ തട്ടി ചിതറി . അവിടവിടെയായി പക്ഷികളുടെ കളകൂജനങ്ങൾ. ചെടികൾക്കിടയിലെ പൈപ്പിൽ നിന്നും ഞാൻ വെള്ളമെടുത്ത് മുഖം കഴുകി. പോസ്റ്റുമാൻ ഗോപാലൻ നായർ വരുന്നു. അവാർഡ് പടം ഓടുന്ന തീയറ്ററിലെ കാണികളെ അനുസ്മരിപ്പിക്കും വിധം വെള്ളികെട്ടിയ മുടിയിഴകൾക്കിടയിലൂടെ ഗോപാലേട്ടന്റെ തലയിലെഴുത്ത് കാണാം. എഴുതിയത് ഈശ്വരൻ അല്ല. കാക്കയാണ്. ഒരിക്കൽ മരച്ചില്ലയിൽ നിന്നും വീണ കാക്ക കുഞ്ഞുങ്ങളെ രക്ഷപ്പെടുത്താൻ ആ കരുണാമയൻ ശ്രമിച്ചതിന് കാക്കകൾ അദ്ദേഹത്തിന്റെ തലയിൽ രക്തസാക്ഷി മണ്ഡപം തീർത്തു.ഐ എസ് ആർ ഒ യിൽ ജോലിയുള്ള അമ്മാവന്റെ കത്താണ് .ബഹിരാകാശ ഗവേഷണ യാത്രയ്ക്ക് എന്നെയും കൂടി ക്ഷണിച്ച കൊണ്ടുള്ള കത്ത്. എന്റെ ചിരകാല അഭിലാഷം ആയിരുന്ന ഈ യാത്ര.

വേഗം ഡ്രസ്സ് ചെയ്തു ഒരു

നൂറിന്റെയും രണ്ട് പത്തിന്റെയും നോട്ടുകൾ പോക്കറ്റിൽ ആക്കി ഇടപ്പള്ളി കോട്ടയിലെത്തി. ആനവണ്ടികൾ ഒന്നിന് പുറകെ ഒന്നായി കടന്നുപോയി .ഒന്നും നിർത്തിയില്ല. മുൻപേ പോകുന്ന ബസിന്റെ ഡ്രൈവർക്ക് മാത്രമേ വഴിയറിയൂ എന്ന് തോന്നിപ്പിക്കും വിധം നിരയായി ആണ് അവയുടെ പോക്ക്.

ഒരു ഭിക്ഷക്കാരൻ നീട്ടിയ പാത്രത്തിലേക്ക് അശ്രദ്ധമായി ഒരു നോട്ട് വലിച്ചെറിഞ്ഞപ്പോഴും, എന്റെ ശ്രദ്ധ അകലെ തൂങ്ങിക്കിടക്കുന്ന 'യാചക നിരോധന മേഖല' എന്ന ബോർഡിൽ ആയിരുന്നു. അതിൽ യുവമിഥുനങ്ങൾ ആയ കാക്കകൾ ഇരുന്ന് സ്വറ പറയുന്നു. കാക്കപുരിഷത്താൽ ബോർഡ് വൈറ്റ് വാഷ് ചെയ്തതു പോലെയുണ്ട് .

തിരുവനന്തപുരത്തേക്ക് ഒരു 'സൂപ്പർ എക്സ്പ്രസ്' ബസ് കിട്ടി. സീറ്റിൽ ഇരുന്നപ്പോൾ

എന്റെ മുന്നിലൂടെ ഒരു ബലിഷ്ഠമായ കൈ നീളുന്നു. ഒരു ചെറുപ്പക്കാരൻ മുന്നിലിരിക്കുന്ന യുവതിയുടെ തലയിൽ നിന്നും പൂവ് എടുക്കാൻ ശ്രമിക്കുകയാണ്. എന്നാൽ ഒരു വൃദ്ധയുടെ തീഷ്ണനകൾക്ക് മുന്നിൽ അയാളുടെ കൈ വിറച്ചു, മുഖം വിളറി , പൂവ് യാന്ത്രികമായി യഥാ സ്ഥാനത്ത് വീണു. കണ്ടക്ടർ അടുത്ത് വന്നപ്പോൾ ഞാൻ പറഞ്ഞു. ഒരു തമ്പാനൂർ . 45 രൂപ ,കണ്ടക്ടർ മൊഴിഞ്ഞു .പോക്കറ്റിൽ കയ്യിട്ടു നോക്കി. രണ്ട് പത്ത് രൂപ നോട്ടുകൾ മാത്രം. ഭിക്ഷക്കാരൻ മൂലം എന്റെ ധനം മാത്രമല്ല ഇതാ മാനവും പോകുന്നു. നിർദാക്ഷണ്യം കണ്ടക്ടർ എന്നെ പുറത്താക്കി.പെട്ടെന്നതാ ഒരു ബുള്ളറ്റ് പാഞ്ഞു വരുന്നു .എന്റെ പ്രിയ സുഹൃത്ത് ശൈലേഷ് സാബു ആയിരുന്നു അത് . പിറ്റേദിവസം അമ്മാവന്റെ വീട്ടിൽ നിന്നും ഞങ്ങൾ ISRO യിലെത്തി. അമ്മാവൻ പറഞ്ഞതനുസരിച്ച് സ്പേസിലേക്ക് പോകുന്നതിനുള്ള N O C വാങ്ങാൻ ഞങ്ങൾ ടെക്നിക്കൽ സൂപ്പർവൈസറിന്റെ മുറി വാതിലിൽ എത്തി. ഹാഫ് ഡോർ തള്ളിത്തുറന്ന് അകത്തേക്ക് കയറിയപ്പോൾ ഒരു ചോദ്യം

റിഗാർഡിങ്?

അപ്രതീക്ഷിതമായ ചോദ്യം കേട്ട് കാലിടറി . വീഴാൻ തുടങ്ങിയ ഞങ്ങളുടെ കൈ തട്ടി മേശപ്പുറത്തിരുന്ന് മഷി



കുപ്പി മറിഞ്ഞു. വിളറിയ മുഖത്തോടെ മാഡത്തിനെ നോക്കി. പൊക്കം കുറഞ്ഞ, വെളുത്ത നിറം. കണ്ണട വച്ചിട്ടുണ്ട് കനമുള്ള സ്വർണ്ണമാല ധരിച്ചിരിക്കുന്നു. മുന്നിലിരിക്കുന്ന ബോർഡിൽ ബിജി ഒ, ടെക്നിക്കൽ സൂപ്പർവൈസർ. എന്നെഴുതി വെച്ചിരിക്കുന്നു. 'ഫസ്റ്റ് ഓഫ് ഓൾ യു ഹാവ് ടു ലേൺ, മാനേഴ്സ് അദർവൈസ് ഹൌ ടു ബിഹേവ് ബിഫോർ എൻഡറിങ് എ റെപ്യൂട്ടഡ് ഓഫീസ് ലൈക് ദിസ്.!' ഇംഗ്ലീഷ് പരിജ്ഞാനം വേണ്ടുവോളം ഇല്ലാത്ത ഞാൻ സുഹൃത്തിന്റെ കയ്യിൽ എങ്ങാനും എടുക്കാനുണ്ടോ എന്നറിയാൻ തിരിഞ്ഞു നോക്കി. അദ്ദേഹം ചുവരിൽ

തൂക്കിയിരിക്കുന്ന പൂച്ചക്കുട്ടികളുടെ ചിത്രത്തിൽ നോക്കി മനോരാജ്യം കാണുകയാണ്. പെട്ടെന്ന് അമ്മാവൻ മുറിയിലേക്ക് കയറിവന്ന് വിവരം ധരിപ്പിച്ചു.

കൃഷ്ണപുരം റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ നിന്നും ഡോക്ടർ സഖിനയുടെ നേതൃത്വത്തിൽ ദേവാനന്ദ്, സജീവ് ,രോഷിത്ത് എന്നിവർ എത്തി.

ഞങ്ങളെയും വഹിച്ചുകൊണ്ട് തീതുപ്പി റോക്കറ്റ് കുതിച്ചുയർന്നു. വളരെ ഉയരത്തിൽ എത്തിയപ്പോൾ റോക്കറ്റിന് നേരെ എന്തോ വരുന്നത് കണ്ട് എല്ലാവരും അമ്പരന്നു. 'ആദ്യമായി കണ്ടെത്തിയ ഏറ്റവും വലിയ ക്ഷുദ്ര ഗ്രഹം ആണിത്.690km വ്യാസമുള്ള ഇതിന്റെ പേര് "സെറസ് "എന്നാണ്.' സജീവ് പറഞ്ഞു. 'മാർസിനും ജ്യൂപ്പിറ്ററിനും ഇടയ്ക്കാണ് ഇതിൻറെ ഭ്രമണപഥം' റോഷിത്ത് കൂട്ടിച്ചേർത്തു. 'ശൂന്യാകാശത്ത് നടക്കാമോ?' ദേവാനന്ദ് ചോദിച്ചു. 'അലക്സി ലിയ നോവ് ശൂന്യാകാശത്തിൽ ഒഴുകി നടന്നിട്ടുണ്ട്' ഡോക്ടർ സഖിന പറഞ്ഞു.

നമുക്കൊരു ചായ കുടിക്കാം .ഏതെങ്കിലും ചായക്കട നോക്കി വണ്ടി നിർത്തൂ. ആരോ പറഞ്ഞു. നമ്മളെല്ലാം റോക്കറ്റിലാണ് ഇനിയെങ്കിലും ഉച്ചയുറക്കം ഒക്കെ കളഞ്ഞ് ഫ്രഷ് ആയിരിക്കൂ. ശൈലേഷ് സാബു പറഞ്ഞു.

പൊടുന്നനെ ഇടിവെട്ടും പോലെയുള്ള ഒരു ശബ്ദം കേട്ടു. റോക്കറ്റ് ഒരു മദ്യപനെ പോലെ ആടിയുലഞ്ഞു. ആസന്നമാകുന്ന ഒരു വിപത്തിനെ എല്ലാവരും സങ്കൽപ്പിക്കുന്നത് പോലെ തോന്നി. ആ ചിന്തകൾക്ക് ജീവൻ വച്ചു .റോക്കറ്റ് നിയന്ത്രണം വിട്ട് എവിടേക്ക് പോയി. അപരിചിതമായ സ്ഥലം. കൊടും വേനലിനെ ഓർമ്മപ്പെടുത്തും വിധമുള്ള ജലാശയങ്ങൾ. അവയിൽ അപൂർവമായ ക്ഷുദ്രജീവികൾ. മത്സ്യത്തിന്റെ ആകൃതിയും, മാനിന്റെ കാലുകളും, കൊമ്പുകളും ഉള്ള ജീവികൾ. മനുഷ്യമുഖം ഉള്ള ഭീമൻ ചിലന്തികൾ. മനസ്സ് മരവിച്ച ഞങ്ങൾ ആർത്തലച്ചു .അടുത്ത് കണ്ട ഒരു മറവിൽ ഒളിച്ചു. പൂർണ്ണമായും ഇരുട്ട്. 'വെളിച്ചം ദുഃഖമാണുണ്ണി' എന്ന് ആരാണ് പറഞ്ഞത്?

ഞങ്ങൾ ഒളിച്ച പാറക്കെട്ട് വിണ്ടുകീറുകയാണ്. ഒരു ഗ്ലാസിൽ പൊട്ടൽ വീഴുന്നതുപോലെ വിട്ടുമാറുകയാണ്

തറയുടെ ഒരു ഭാഗം. അത് പല ഭാഗത്തേക്കും പടർന്നു. അടുത്ത നിമിഷം ചവിട്ടിയിരുന്ന ഭാഗം മുഴുവൻ അടർന്ന് ഗർത്തത്തിലേക്ക് പതിച്ചു.
അയ്യോ, അമ്മേ....
മുഖത്തും ശരീരത്തും എല്ലാം വെള്ളം. കണ്ണുതുറന്നു നോക്കി. ഒരു മുന്തയുമായി അമ്മ അടുത്തു നിൽക്കുന്നു. മഴവെള്ളം അല്ല ശരീരത്തിൽ വീണത് എന്ന് അപ്പോൾ ബോധ്യമായി.
"നേരം ഉച്ചയായാലും എഴുന്നേൽക്കില്ല, നാലും വേണ്ടില്ല ഇത് വിളിച്ചു കൂവി നാട്ടുകാരെ കൂടി അറിയിക്കും."
അമ്മയുടെ ശകാരത്തിൽ പരിസരബോധം ഉണ്ടായി. കട്ടിലിൽ കിടന്നിരുന്ന ഞാൻ തറയിൽ കിടക്കുന്നു. തൊട്ടടുത്ത് "ശാസ്ത്ര കൗതുകം" എന്ന പുസ്തകം എന്നെ നോക്കി ചിരിക്കുന്നു!!



## സിനി സാർ

**ഫോർമാൻ ( ഇൻ .ചാർജ്ജ് )**

# ഓർമ്മച്ചെപ്പ്

ഏതൊരു വ്യക്തിയുടെയും ബാല്യകാലം ഓർമ്മകളുടെ ഒരു കൂമ്പാരം തന്നെയാണ്. സന്തോഷവും, സങ്കടവും ചാലിച്ച് വരച്ചെടുത്ത നയന മനോഹരമായ ഒരു ചിത്രം പോലെ ആ ജീവിതം മനസ്സിന്റെ കോണിൽ എവിടെയോ ഉണ്ട്. എനിക്കുമുണ്ടായിരുന്നു അങ്ങനെ ഒരു കാലം.

അക്ഷരങ്ങളിലൂടെ അറിവിന്റെ അനന്തമായ ലോകത്തേക്കുള്ള വാതിൽ തുറന്നു തന്ന 'പൊന്നമ്മ' ടീച്ചറിന് വെറ്റിലപ്പാക്കും നാണയത്തുട്ടും ചേർത്തുവെച്ച് ദക്ഷിണ നൽകി കാൽ തൊട്ടപ്പോൾ നനു നനുത്ത കരതലം എന്റെ നെറുകയിൽ അമർത്തി ടീച്ചർ പറഞ്ഞു "നന്നായി വരും" . ഒരു വരമായി ആ വാക്കുകൾ എന്നോടൊപ്പം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു അമ്മയുടെ കൈപിടിച്ച് തെല്ല് അമ്പരപ്പോടെ ഒന്നാം ക്ലാസിൽ ചേരാൻ ഐശ്വര്യപ്രദായനി (എന്റെ ആദ്യ വിദ്യാലയം) സ്കൂളിന്റെ പടി ചവിട്ടിയപ്പോൾ അകമ്പടി സേവിക്കാൻ മൺസൂൺ മഴയും ഉണ്ടായിരുന്നു. അവിടെ എല്ലാം പുതിയതായിരുന്നു യൂണിഫോം, പുസ്തകങ്ങൾ ,ബാഗ്, കുട, കൂട്ടുകാർ അങ്ങനെ എല്ലാം .ക്ലാസ് മുറിയിലെ കാറ്റിനു പോലും പുതുമയുടെ മനം കുളിർപ്പിക്കുന്ന ഒരു പ്രത്യേക ഗന്ധം. ആദ്യദിനം എന്നെ സ്കൂളിൽ ആക്കി ഒരിച്ചൊരിയുന്ന മഴയത്ത് കുട ചൂടി നടന്നകലുന്ന അമ്മയെ നിറകണ്ണിലൂടെ അവ്യക്തമായി കാണാമായിരുന്നു. ദിവസങ്ങൾ ചെല്ലുംതോറും ഞാനും ഐശ്വര്യ പ്രദായനിയുടെ ഭാഗമായി. ഏലിയാമ്മ സാർ ( ഹിന്ദി) മീര സാർ (മലയാളം) ലേഖ സർ (സയൻസ്)സുരേഷ് സാർ (കണക്ക്)അന്നത്തെ കാലത്ത് അധ്യാപകനെയും അധ്യാപികയെയും പൊതുവായി 'സാർ' എന്നാണ് വിളിക്കാറ്. എല്ലാവരും എനിക്ക് സ്വന്തമായിരുന്നു. ജീവിതത്തിലെ ഏറ്റവും നല്ല ദിനങ്ങൾ സമ്മാനിച്ച സ്കൂൾ ജീവിതം. അകാരണമായി സ്കൂൾ ദിനങ്ങൾ മുടക്കിയിട്ടില്ല. വേനൽ അവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന ദിവസവും കാത്ത് പ്രാർത്ഥനയോടെ ഇരുന്നിട്ടുണ്ട്. പുതിയ ഉടുപ്പും, ബാഗും ഒക്കെയായി കൂട്ടുകാർക്കിടയിൽ ചെത്തി നടക്കാൻ. ഓരോ

ജൂൺ മാസവും ഓർമ്മകളുടെ ഒരു പെരുമഴക്കാലമാണ്. ഒരിക്കലും തിരിച്ചു കിട്ടാത്ത സുവർണ്ണ ദിവസങ്ങൾ. അതൊരു കാലം തന്നെയായിരുന്നു. എന്നും ഹൃദയത്തിൽ സൂക്ഷിക്കാൻ ഒരുപിടി ഓർമ്മകൾ ,സൗഹൃദങ്ങൾ സമ്മാനിച്ച ബാല്യകാലം. ഇന്നും അമൂല്യ സ്വത്തായി അത് കാത്തുസൂക്ഷിക്കുന്നു.

നാളുകൾക്കിപ്പുറം പ്രാരാബ്ധങ്ങളുടെ ഭാണ്ഡക്കെട്ടുമായുള്ള യാത്രയിൽ കാലത്തിന്റെ മാന്ത്രിക കൈകൾ എനിക്കായി അധ്യാപകന്റെ വേഷം തുന്നി. ഏറെ സന്തോഷത്തോടെ അതിലേറെ ആത്മാർത്ഥതയോടെ ഇരുകൈയും നീട്ടി അത് സ്വീകരിച്ചു. ചരിത്രമുറങ്ങുന്ന കൃഷ്ണപുരത്തിന്റെ മണ്ണിൽ യശ്ശസ് ഉയർത്തി നമ്മുടെ സ്കൂൾ. ഈ നാടിയും നാട്ടുകാരുടെയും പ്രീയപ്പെട്ട "ജെ ടി എസ്സ്" ഗവണ്മെന്റ് ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം. കേരളത്തിലെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ ചരിത്രം പരിശോധിച്ചാൽ ഒന്നാം സ്ഥാനം അലങ്കരിക്കുന്ന സ്ഥാപനം. ഇതിന്റെ ഭാഗമാകുവാൻ കഴിഞ്ഞതിൽ സന്തോഷം അതിലേറെ അഭിമാനം.എന്റെ വ്യക്തിജീവിതത്തെ സ്വാധീനിച്ച ഒരുപാട് അധ്യാപകർ ഉണ്ട് അവരിൽ ഒരാളായി എനിക്കും മാറണം ഒരു അധ്യാപകന്റെ അധ്യാപികയുടെ ഏറ്റവും വലിയ സമ്പത്ത് നന്മനിറഞ്ഞ ശിഷ്യഗണങ്ങൾ ആണ് ഗുരു ശിഷ്യ ബന്ധത്തിന്റെ നൈർമല്യം എക്കാലവും അങ്ങനെതന്നെ നിലനിൽക്കട്ടെ.

നാളുകൾക്കിപ്പുറം പ്രാരാബ്ധങ്ങളുടെ ഭാണ്ഡക്കെട്ടുമായുള്ള യാത്രയിൽ കാലത്തിൻറെ മാന്ത്രിക കൈകൾ എനിക്കായി അധ്യാപകന്റെ വേഷം തുന്നി. ഏറെ സന്തോഷത്തോടെ അതിലേറെ ആത്മാർത്ഥതയോടെ ഇരുകൈയും നീട്ടി അത് സ്വീകരിച്ചു എന്റെയക്തിജീവിതത്തെ സ്വാധീനിച്ച ഒരുപാട് അധ്യാപകർ ഉണ്ട് അവരിൽ ഒരാളായി എനിക്കും മാറണം ഒരു അധ്യാപകന്റെ അധ്യാപികയുടെ ഏറ്റവും വലിയ സമ്പത്ത് നന്മനിറഞ്ഞ ശിഷ്യഗണങ്ങൾ ആണ് ഗുരു ശിഷ്യ ബന്ധത്തിന്റെ നൈർമല്യം എക്കാലവും അങ്ങനെതന്നെ നിലനിൽക്കട്ടെ.
ലിറ്റിൽ കൈറ്റ്സിലൂടെ

ഇൻഫർമേഷൻ
ടെക്നോളജിയുടെ അനന്ത
സാധ്യതകൾ തേടുന്ന എന്റെ
പ്രിയവിദ്യാത്ഥീവിദ്യാർത്ഥിനിക
ൾക്കും അതിനായി അവരെ
പ്രാപ്തരാക്കുന്ന അധ്യാപക
സുഹൃത്തുക്കൾക്കും എന്റെ
ഹൃദയം നിറഞ്ഞ ആശംസകൾ.
"നന്നായി വരട്ടെ"



**കലേഷ്ബാബു.എ**
ട്രേഡ് ടെക്നീഷ്യൻ
ജി.ടി.എച്ച്.എസ് കൃഷ്ണപുരം

# ഗന്ധർവ്വനും പാലമരവും




നേരം ഇരുളാൻ തുടങ്ങി. കിളികൾ ചിറക് വിടർത്തി മരച്ചില്ലയിലേക്ക് പറന്നെത്തുന്നു. ചിറകടിയൊച്ചകൾ നിലച്ചപ്പോൾ കാട് ശാന്തമായി കാടി ന്റെ നിശബ്ദത ഏതൊരു മനുഷ്യന്റെ ഉള്ളിലും ഭയം ജനിപ്പിക്കും. കുന്നു കൂടിയ കരിയിലകൾക്കിടയിലൂടെ എന്തോ ഇഴഞ്ഞ് നീങ്ങുന്ന ശബ്ദം കേട്ട് ചെമ്പൻ തിരിഞ്ഞ് നിന്നു. ഒരു മൂർഖൻ പാമ്പ് പത്തിവിരിച്ച് മുന്നിൽ നിൽക്കുന്നു. ചെമ്പൻ ഒന്ന് നോക്കി അത് കരിയിലകൾക്കിടയിലൂടെ ഇഴഞ്ഞ് നീങ്ങി. ചേക്കേറാൻ വൈകിയ പക്ഷികൾ ഓരോന്നായി വന്നുകൊ ണ്ടിരുന്നു. ചെമ്പൻ സുരക്ഷിതമായി ഉറങ്ങാൻ പറ്റിയ ഒരു മരച്ചില്ല തേടുകയാണ്. കൈയ്യിൽ കരുതിയ പന്തം കത്തിച്ചാൽ ഇനിയും മുന്നോട്ട് പോകാൻ കഴിയും. പക്ഷേ തീയാണ് കാടിന്റെ ഏറ്റവും വലിയ ശത്രു. ഒരു തീപ്പൊരി മതി കാട്ടുതീ പടർന്നു പിടിക്കാൻ. വൻ മരങ്ങൾ പോലും അഗ്നിയോട് പൊരുതി വീഴും. മൃഗങ്ങൾ തീയിൽ വെന്ത് വെണ്ണീറാവും. അഗ്നിനാളങ്ങൾ കാണുന്നതേ കാട്ടിലെ മൃഗങ്ങൾക്ക് ഭയമാണ്.

ഇരുട്ട് വീണ കാടിനുള്ളിലെ ഇലച്ചാർത്തുകൾ ചെറിയ കാറ്റിൽ ചലിച്ചു കൊണ്ടിരുന്നു. കാറ്റ് കടന്നുപോയ വഴിയിൽ ഒരു ഗന്ധം പരന്നു. ആരെ യും

ആകർഷിക്കുന്ന ഗന്ധമായിരുന്നു അത്. പരിചിതമായ ഗന്ധത്തിലേ ക്ക് താൻ വഴുതി വീണുപോകുന്നതുപോലെ ചെമ്പന് തോന്നി. അതെ ആ ഗന്ധം ഏഴിലം പാലയിൽ നിന്നാണ്. അടുത്തെവിടെയോ പാല പൂത്ത് നിൽക്കുന്നുണ്ട്. കാട് മായകളുടെ കളിയരങ്ങാണ്.ചില മായകൾക്ക്പിൻ പേ പോയാൽ അത്

അപകടത്തിലേക്കാവും നമ്മെ നയിക്കുക. എങ്കിലും അയാൾ ഇരുവശവും അതീവ ശ്രദ്ധയോടെ നോക്കി മുന്നോട്ട് നടന്നു. കരിയിലകൾ കാൽച്ചുവട്ടിൽ ഞെരിഞ്ഞമർന്നു. കണ്ണിന് മുന്നിൽ ഭയ ത്തിന്റെ പ്രതീകമായ പാല പൂത്ത് നിൽക്കുന്നു. ഗന്ധർവ്വനും യക്ഷിയും

കുടികൊള്ളുന്ന വൃക്ഷമാണ് ഏഴിലം പാല ഈളിൽനിന്ന് അപരിചിത മായ ശബ്ദങ്ങൾ ജനിച്ച് തുട അപകടമായിൽ പാലമരത്തിന്റെ അരികി ലൂടെ പോകുന്നതു പോലും അപകടമാണ്. പൊടുന്നനെ ഒരു ചെറിയ കാറ്റ് വീശി മരച്ചില്ലകളിലെ ഇലകൾ

ഭയപ്പെടുത്തുന്ന ശബ്ദത്തിൽ ഇള കാൻ തുടങ്ങി. മനുഷ്യന്റെ രക്തം ഊറ്റിക്കുടിക്കുന്ന യക്ഷികൾ പാലമര ത്തിലേക്കാണ് പറന്നിറങ്ങുക.

മനുഷ്യഗന്ധമറിഞ്ഞാൽ അവർ പറന്നു വരും രക്തം ഊറ്റിക്കുടിക്കുന്ന യക്ഷികൾ രാത്രി സഞ്ചാരത്തിനൊരുങ്ങി പാലമരച്ചില്ലയിൽ കാത്തിരിക്കുന്നതു പോലെ ചെമ്പൻ തോന്നി.പാലമരത്തിന്റെ ഇലകൾക്ക് ഏഴ് ഇതളുകൾ ഉള്ളതിനാൽ ആണ് ഏഴിലംപാല എന്ന പേര് കിട്ടിയത്. പാലമരമെന്ന് കേട്ടാൽ യക്ഷിയെക്കു റിച്ചാണ് ആരും ഓർത്തു പോകുന്നത്. യക്ഷന്റെ ഭാര്യയാണ് യക്ഷി എന്ന് അറിയപ്പെടുന്നത്. സ്വർഗ്ഗത്തിലെ ഉപദേവതാ ഗണത്തിൽ പെടുന്നവരാണ് യക്ഷൻമാർ. യക്ഷൻമാരുടെ രാജാവാണ് കുബേരൻ. കുബേരനെന്നാൽ സമ്പത്തിനെ വ്യാപിപ്പിക്കുന്നവനെന്നാണ് അർത്ഥം. സ്വർഗ്ഗലോകത്തിന്റെ അധിപനായ ദേവേന്ദ്രൻ്റെ സദസ്സിലെ ഗായകരാണ് ഗന്ധർവന്മാർ. അവരുടെ പാട്ടിന്റെ അകമ്പടിയിലാണ് അപ്സരസ്സുകൾ നൃത്തം

ചെയ്യുന്നത്.
ആകാശത്തിലൂടെ പച്ചക്കതിരമേൽ സഞ്ചരിക്കുന്ന ഗന്ധർവന്മാർ നിമിഷ നേരം കൊണ്ട് മാനായി പുൽമേട്ടുകളിലൂടെ ഓടിക്കളിക്കും. - കണ്ണൊന്ന് ചിമ്മിത്തുറന്നാൽ മാൻ പൂമ്പാറ്റയായി തേൻ നുകരുന്നത് കാണാം. ഭൂമി യിലൂടെ സഞ്ചരിക്കുന്ന ഗന്ധർവൻമാർ മനുഷ്യരെ ശപിക്കുവാനും അനു ഗ്രഹിക്കുവാനും കഴിവുള്ളവരാണ്. ചെമ്പൻ അച്ഛനാണ് ഇത്തരം കഥകളൊക്കെ അയാൾക്ക് പറഞ്ഞ് കൊടുത്തത്. പാല മരത്തോടും, ഗന്ധർവ്വനോടും, ചോര കുടിയ്ക്കുന്ന യക്ഷിയോടുമൊക്കെ ചെറുപ്പത്തിൽ അയാൾക്ക് വലിയ ഭയമായിരുന്നു. പക്ഷേ ഗ്രാമത്തിൽ നടന്ന ചില സംഭ വങ്ങളാണ് ചെമ്പൻ വിശ്വാസങ്ങളെ തിരുത്തിയത്.

നാട്ടിൽ ഒരു ഏഴിലം പാല വളർന്നു വന്നു. വൃക്ഷം വളർന്ന് പന്തലിച്ച് വലിയ തണൽ നൽകി. കുട്ടികൾ അതിന്റെ ചുവട്ടിൽ ഭയമില്ലാതെ കളിച്ചു നടന്നു.
അങ്ങനെയിരിക്കെയാണ് അപ്രതീക്ഷതവും ഭയം ജനിപ്പിക്കുന്ന തുമായ ഒരു സംഭവം നാട്ടിൽ നടന്നത്.
വീട്ടിൽ കിടന്നുറങ്ങിയ മുരുകനെ ഒരു പ്രഭാതത്തിൽ കാണാതായി. അയാളുടെ ഭാര്യ നിലവിളിച്ചു കൊണ്ട് ചെമ്പൻ വീട്ടിലെത്തി. മഞ്ഞ് വീണ് തണുത്ത മണ്ണിലൂടെ ചെമ്പൻ കൂട്ടരും മുരുകനെ തേടി നടന്നു. പക്ഷേ മുരുകനെ കണ്ടെത്താൻ കഴിഞ്ഞില്ല. അപ്പോഴാണ് ആരോ ഒരാൾ പൂതാട്ട് കുന്നിന്റെ ചരിവിലെ പാലമരച്ചുവട്ടിൽ ബോധമില്ലാതെ കിടക്കുന്ന മുരുകനെ കണ്ടത്. വീട്ടിൽ കിടന്നുറങ്ങിയ അയാളെങ്ങനെ പാലമരച്ചുവട്ടിൽ ബോധമില്ലാതെ കിടക്കുന്നു? പാല വളർന്നു മുറ്റിയപ്പോൾ ഗന്ധർവനും യക്ഷിയും അതിൽ കുടിയേറിയതായി നാട്ടുകാർക്ക് സംശയം തോന്നി. അങ്ങനെ കണിയാൻ കവടി നിരത്തി കാര്യം പറഞ്ഞു.

"ഇനി ആരും ഏഴിലംപാലയോട് അടുക്കരുത്. യക്ഷിയും ഗന്ധർവ്വനും പാലയിൽ കുടിയേറിയിരിക്കുന്നു. നാടിനിത് ദുരിത കാലമാണ്. അവരുടെ മുന്നിൽ പെടാതെ മനുഷ്യർ ഒഴിഞ്ഞു നടക്കണം."അതോടെ ഗ്രാമത്തിലെ എല്ലാ മനുഷ്യരും

പാലയെ ഭയന്നു തുടങ്ങി. പാല പൂത്ത ഗന്ധം അന്തരീക്ഷത്തിലേക്ക് പരക്കുമ്പോൾ ഗ്രാമീണർ വീടുകളിലേക്ക് കയറി വാതിലടയ്ക്കും.

ഒരു നാൾ നേരം പോയതറിയാതെ കാട്ടിൽ വിറക് വെട്ടുകയായിരുന്നു മണിയൻ. ഇരുൾ പരന്ന വഴിയിലൂടെ മണിയൻ വിറക് കെട്ടുമായി വീട്ടി ലേക്ക് നടന്നു. ഇടവഴിയിലൂടെ നടക്കുമ്പോൾ കാട്ടിലെ മരത്തിൽ കണ്ടു വച്ച തേനീച്ചക്കൂട് പൊട്ടിച്ച് എങ്ങനെ തേനെടുക്കാൻ കഴിയുമെന്നായി രുന്നു അവന്റെ ചിന്ത. പെട്ടെന്നാണ് മുന്നിൽ നിൽക്കുന്ന ഏഴിലം പാല യിൽ മണിയന്റെ കണ്ണുകളുടക്കിയത്. പലരും പറഞ്ഞ കഥകൾ മനസ്സിൽ ഓടിയെത്തി. ചിന്തയിൽനിന്ന് തേനീച്ചകൾ കൂട്ടത്തോടെ പറന്ന് ദൂരേയ്ക്ക് പോയി. പകരം മനസ്സിൽ ഭയം നിറഞ്ഞു. തലയിലെ ഭാരവുമായി ഓടിയ മണിയൻവഴിയിൽ ഉയർന്ന് നിന്ന കരിങ്കല്ലിൽ തട്ടി മുഖമടിച്ച് നിലത്തു വീണു. പല്ലുകൾ രണ്ടെണ്ണം ഒടിഞ്ഞു പോയി. മുഖമാകെ ചോര പടർന്നു. ബോധം മറഞ്ഞ മണിയൻ രാത്രിയിൽ വഴിയിൽ കിടന്നു. മണിയനെ തേടിയലഞ്ഞവർ പാലയുടെ അടുത്തായി ബോധമില്ലാതെ കിടക്കുന്ന അയാളെ കണ്ടെത്തി. നാട്ടുവൈദ്യൻ മുറിവിലേക്ക് പച്ചമരുന്ന് ഇറ്റിച്ച പ്പോൾ മണിയൻ ഉറക്കെ നിലവിളിച്ചു. അതോടെ ഗ്രാമത്തിലെ മനുഷ്യർ പകലും ആ വഴിക്ക് പോകാതെയായി.

മണിയന്റെ കഥ ജനങ്ങൾ മറന്ന് തുടങ്ങും മുൻപേ മറ്റൊരു സംഭവം കൂടി നാട്ടിൽ നടന്നു. മഞ്ഞ് പെയ്യു പ്രഭാതത്തിൽ ഉണർന്നെണീറ്റ് കറുമ്പനാണ് മലയടിവാരത്തിൽ നിന്ന് ഞെട്ടിക്കുന്ന ഒരു കാഴ്ച കണ്ടത്. ഏഴിലം പാലയുടെ ചുവട്ടിൽ ഒരു മനുഷ്യൻ മരിച്ചു കിടക്കുന്നു. നാട്ടുകാ രെല്ലാം വാർത്തയറിഞ്ഞ് ഒത്തുകൂടി. മറ്റേതോ നാട്ടുകാരനാണ്മരിച്ചത്. പാലയുടെ അടുത്തേയ്ക്ക്

പോകാൻ ഭയപ്പെട്ടു നിന്നവർക്കിടയിലൂടെ കൊലുമ്പൻ മരച്ചുവട്ടിലേക്ക് നടന്നു. അടുത്ത് ചെന്ന് അയാൾ ശവശരീ രത്തെ നോക്കി നിന്നു. കാവി വസ്ത്രം ധരിച്ച വെളുത്ത താടിയുള്ള ഒരു മനുഷ്യനാണ് മരിച്ച് കിടക്കുന്നത്. ശരീരത്തിൽ മുറിവുകളൊന്നും കാ ണാനില്ല. മുഖത്ത് നിന്ന് തേജസ്സ് മായാതെ ധാരിയുടെ

നെഞ്ച് ഉയർന്ന് താഴുന്നതായി ചെമ്പൻ തോന്നി. തനിക്ക് മുന്നിൽ കിടക്കുന്ന മനുഷ്യൻ മരിച്ചിട്ടില്ലെന്ന് ബോധ്യമായതോടെ ചെമ്പൻ അയാളെ തട്ടിയുണർത്താൻ ശ്രമിച്ചു. അയാൾ കണ്ണ് തുറന്ന് ചെമ്പൻ നോക്കി അതിമനോഹരമായി പുഞ്ചിരിച്ചു. വെളുത്ത രോമങ്ങൾ നിറഞ്ഞു നിന്ന താടിയും മുടിയും തടവി അയാൾ എഴുന്നേ റ്റിരുന്നു. തനിക്ക് ചുറ്റും നിൽക്കുന്ന മനുഷ്യരെ കണ്ടപ്പോൾ ഇവിടെ എന്തോ പ്രശ്നമുള്ളതായി

കാവി വസ്ത്രധാരിക്ക് തോന്നി.ഞാനൊരു സന്യാസിയാണ്. അടുത്ത ഗ്രാമത്തിലേക്കാണ് യാത്ര.. ഇന്നലെ രാത്രി ഞാനിവിടെക്കിടന്ന് ഉറങ്ങിപ്പോയി.”

സന്യാസിയുടെ വാക്കുകൾ കേട്ട് നാട്ടുകാർ അദ്ദേഹത്തിന് ചുറ്റും. കൂടി. ഏഴിലം പാലയുടെ കഥയറിഞ്ഞ് അദ്ദേഹം ചിരിച്ചു.

യക്ഷിയേയും ഗന്ധർവ്വനേയും പേടിക്കേണ്ടതില്ലെന്നും അവയെല്ലാം. മനുഷ്യരുടെ ഭാവനാ സൃഷ്ടികളാണെന്നും സന്യാസി നാട്ടുകാരെ ബോ ധ്യപ്പെടുത്തി. കള്ളക്കഥ കേട്ട് ഭയന്നു പോയ കുട്ടികളെ പാലമരത്തിന്റെ തണലിലേക്ക് അദ്ദേഹം മടക്കി വിളിച്ചു.

“ചില നേരങ്ങളിൽ പാലപ്പൂവിന്റെ ഗന്ധം നമ്മുടെ തലയെ മത്ത് പിടി.. പ്പിക്കും. ചിലർക്ക് ഉഗ്രക്ഷ ഗന്ധത്താൽ തലചുറ്റലുണ്ടായെന്നും വരും. പാല വീട്ടുവളപ്പിൽ നടാൻ പറ്റിയ നല്ലൊരു വൃക്ഷമാണ്."

അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് ജനങ്ങൾ സന്തോഷത്തോടെ പിരി ഞ്ഞുപോയി. അതോടെ പാലമരത്തിനോടുള്ള നാട്ടുകാരുടെ ഭയവും മാറി. ചെമ്പൻ ക്ഷണം സ്വീകരിച്ച് സന്യാസി അയാളുടെ വീട്ടിലെത്തി. സന്യാസിയുടെ ആഗ്രഹപ്രകാരം വീട്ടുവളപ്പിൽ ചെമ്പൻ പിന്നീട് ഒരു പാല നട്ടുവളർത്തി. പാലപ്പൂവിന്റെ ഗന്ധമേറ്റപ്പോൾ ചെമ്പൻ ആ പഴയ കാര്യങ്ങളാണ് ഓർമ്മ വന്നത്. നേരം വൈകിയിരിക്കുന്നു. കാട്ടിലൂ ടെയുള്ള യാത്ര ഇനി സുരക്ഷിതമല്ല. ഏത് നിമിഷവും വന്യമൃഗങ്ങൾ തന്റെ മുന്നിലേക്ക് ചാടി വീഴാം. ഒരു വലിയ മാവിന്റെ ശിഖരത്തിൽ വല കെട്ടി ചെമ്പൻ ഉറങ്ങാൻ കിടന്നു. പക്ഷേ അപകടം തലയ്ക്ക് മീതെ

ട്ടമിട്ട് പറക്കുന്നത് അയാൾ അറിഞ്ഞിരുന്നില്ല..ആ അപകടം
അവൻ സ്വയം വിളിച്ചു വരുത്തി ആ യക്ഷിയേയും ഗന്ധർവ്വനും

നേരിട്ട് കണ്ട അവൻ ഭയന്നു അവൻ ആ സത്യം
മനസിലാകി .



ലെവിൻ ജൂഡ് ലൂയിസ്
**IX.B**

# ആരോഗ്യകരവും അറിവുള്ളതുമായ ഒരു ഭാവി തലമുറ

നമ്മുടെ തലമുറയെ എങ്ങനെ ആരോഗ്യകരവും അറിവുള്ളവരുമാക്കാം?

അതിനായി ഒരു ഓപ്പൺ ജിം ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു. ഈ ജിമ്മിൽ, ഉപകരണങ്ങൾ ടോർക്ക്, മാസ്സ്, വെയ്റ്റ്, ഫോഴ്സ് എന്നിവയും അതിലേറെയും പോലുള്ള നമ്മുടെ ശാസ്ത്ര സിദ്ധാന്തങ്ങളിലെ പ്രിൻസിപ്പലിനെ പിന്തുടരുന്നു.

ഓരോ ഉപകരണത്തിന്റെയും വർക്കിംഗ് പ്രിൻസിപ്പൽ ബോർഡിൽ പ്രദർശിപ്പിക്കും, ഉപകരണങ്ങൾ ചെയ്യുന്ന ഊർജ്ജ ഉപഭോഗത്തോടുകൂടിയ ഡിസ്പ്ലേ വർക്ക്.

ഈ ഉപകരണങ്ങൾ ഊർജ്ജ പരിവർത്തനത്തിന് അനുയോജ്യമാണ്

ഈ ജിമ്മിലൂടെ നമുക്ക് സയൻസ് സിദ്ധാന്തങ്ങൾ എളുപ്പത്തിൽ പഠിക്കാനും വിഷ്വൽ ലേണിംഗിലൂടെ ഈ ഉപകരണങ്ങളുടെ വേറിട്ടുനിൽക്കാനും നമുക്ക് കഴിയും.

*സാമൂഹിക നേട്ടം

ഈ ജിമ്മിലൂടെ കുട്ടികളുടെ ആരോഗ്യം, അറിവ്, ചിന്താശേഷി എന്നിവ മെച്ചപ്പെടുത്താൻ ഈ ജിമ്മിലൂടെ നമുക്ക് കുട്ടികളെ മയക്കുമരുന്നിൽ നിന്ന് അകറ്റി നിർത്താം.

*സാമ്പത്തിക നേട്ടം

ഇതിലൂടെ നമ്മുടെ കുടുംബത്തിന്റെ ആശുപത്രി ചെലവ് കുറയ്ക്കാം.

*വിദ്യാഭ്യാസ ആനുകൂല്യം

ഈ ജിമ്മിൽ ഞങ്ങൾ ഉപയോഗിച്ച വിഷ്വൽ

ലേണിംഗിലൂടെ നമുക്ക്
ശാസ്ത്രം ലളിതമായി
പഠിക്കാനും മനസ്സിലാക്കാനും
കഴിയും.

*ആരോഗ്യ ഗുണം

ശരീരത്തിന്റെ വിവിധ
ഭാഗങ്ങളിലുള്ള പേശികളെ
മെരുക്കുന്നതു പോലെ നമ്മുടെ
ജിമ്മിലൂടെ ധാരാളം
ആരോഗ്യ ആനുകൂല്യങ്ങൾ
നമുക്ക് ലഭിക്കുന്നു.



അബ്ദുൽ ബാസിത് എസ്
വിനായകൻ എസ്
IX.B

# റോഡപകടങ്ങൾ



നമ്മുടെ രാജ്യത്ത് ഏറ്റവുമധികം റോഡപകടങ്ങൾ നടക്കുന്നത് ഇന്ത്യയിലാണ്, ഓരോ വർഷവും ഏകദേശം 1.5 ദശലക്ഷം ജീവനുകൾ നഷ്ടപ്പെടുന്നു. 2021,56000 ദേശീയ പാതകളിലെ അപകടങ്ങളിൽ 37963 സംസ്ഥാന ഹൈവേകളിലും 60,000 മറ്റ് റോഡുകളിലും മരിച്ചു. അശ്രദ്ധമായ ഡ്രൈവിംഗ്, അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കുക, വിശ്രമമില്ലാത്ത ഡ്രൈവിംഗ്, മോശം റോഡ് നിർമ്മാണം, ഡ്രൈവിംഗ് സമയത്ത് അനുഭവപ്പെടുന്ന സാഹചര്യങ്ങൾ, ഡ്രൈവിങ്ങിനിടെ ഉറങ്ങുക എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങളാൽ കാർ അപകടത്തിന് കാരണമാകാം. നമ്മുടെ കണ്ടുപിടുത്തം മനുഷ്യർക്ക് വലിയ കാര്യമാണ്. A.D.S എന്ന് വിളിക്കുന്ന ഉപകരണം, ഡ്രൈവ് ചെയ്യുമ്പോൾ ഡ്രൈവർക്ക് ഉറക്കം തോന്നിയത് മുതൽ. ഡ്രൈവർ ഉണരുമ്പോൾ അത് നിർത്തും. അവൻ ഉണർന്നില്ലെങ്കിൽ, ആ നിമിഷം കഴിഞ്ഞ് വാഹനം നിർത്തി, അടുത്തുള്ള പോലീസ് കൺട്രോൾ റൂമിൽ സന്ദേശം നൽകുകയും സഹായം ആവശ്യപ്പെടുകയും ചെയ്യുന്നത് ഉറങ്ങുന്നത് മൂലമുണ്ടാകുന്ന അപകട നിരക്ക് കുറയ്ക്കാൻ സഹായിക്കും.

**അക്ഷയ് മാധവ് എ,**
**ലെവിൻ ജൂഡ് ലൂയിസ്**
**IX.B**



കേരളകൗമുദി

# കൃഷ്ണപുരം ജി.വി.എച്ച്.എസ്.എസിൽ ജലവിഭവസംരക്ഷണത്തിന് തുടക്കം



30/10/2023
തിങ്കളാഴ്ച്ച

ജലവിഭവ സംരക്ഷണം,ദ്രവമാലിന്യ നിർമാർജനം എന്നിവ ലക്ഷ്യമാക്കിഅമൃത് മിഷൻ ന്റെ ഭാഗമായി ജി.വി.എച്ച്.എസ്.എസ് കൃഷ്ണപുരം NSS യൂണിറ്റ് ജലവിഭവസംരക്ഷണ പ്രവർത്തനങ്ങൾക്ക് തെളിനീരോട്ടം പദയാത്രയോടെ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ തുടക്കം കുറിച്ചു. PTA പ്രസിഡന്റ് ശ്രീമതി.ഷം ലാ നിസാർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കൃഷ്ണപുരംമുനിസിപ്പൽ കൗൺസിലർ ശ്രീമതി. ബിന്ദ അശോക് യോഗം ഉദ്ഘാടനം ചെയ്തു . യോഗത്തിൽ അമൃത് മിഷൻ ആലപ്പുഴ ജില്ലാ



കോഡിനേറ്റർ ശ്രീമതി. അജിന മുഖ്യാതിഥിയായി . സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. സോജൻ എ,ടെക്നിക്കൽ സ്കൂൾ സൂപ്രണ്ട് ഇൻ ചാർജ് ശ്രീ. രോഹിത് NSS പ്രോഗ്രാം ഓഫീസർ ശ്രീമതി. ഷീജാ മോൾ കെ. പദ്ധതി വിശദീകരിക്കുകയും കെ, ശ്രീമതി. മൃദു ശ്രീ. മൈക്കിൾ ,എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു .



പദ്ധതിയുടെ ഭാഗമായി ജലം ജീവിതം സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിനായി സ്കൂൾ ക്യാമ്പസിലേക്കായി മെസേജ് മിററും , ഫോട്ടോ ഫ്രയിമും സ്കൂൾ പ്രിൻസിപ്പാൾ ശ്രീ സോജൻ THS സൂപ്രണ്ടിന് കൈമാറി. വിദ്യാർത്ഥി കൾക്കുള്ള ഉപഹാരങ്ങൾ ശ്രീമതി.ഷം ലാ നിസാർവിതരണം ചെയ്തു. ജലം ജീവിതം എന്ന തെരുവു നാടകം വോളന്റിയേഴ്സ് അവതരിപ്പിച്ചു . ജലം ജീവിതത്തെ കുറിച്ചുള്ള ക്വിസ് മത്സരം നടത്തി. വിജയികളായ THS ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് സമ്മാനം നൽകി. മെസ്സേജ് മിറർ കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ സ്കൂൾ  പരിസരത്ത് സ്ഥാപിച്ചു കൃഷ്ണപുരം 30, 31



വാർഡുകളിലെ കിണർ
വെള്ളത്തിന്റെ
ഗുണനിലവാര
പരിശോധനയും നടത്തി.

# സ്നേഹാദരവ്

2024



ശ്രീ വർഗീസ്



ശ്രീ സാമുവൽ ഉമ്മൻ

**ഈ വർഷം സർക്കാർ സർവീസിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.**



# ശ്രീ സാമുവൽ ഉമ്മൻ


ശ്രീ കെ എസ് ഉമ്മന്റെയും, ശ്രീമതി അമ്മിണി ഉമ്മന്റെയും മകനായി 1968 മെയ് മാസം 29 ആം തീയതി ആലപ്പുഴ ജില്ലയിലെ മാവേലിക്കര അറുന്നൂറ്റി മംഗലത്താണ് ശ്രീ സാമുവൽ ഉമ്മൻ ജനിച്ചത്.

1997 നവംബർ 27 ആം തീയതി പാമ്പാടി ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ ആയിട്ടാണ് സാമുവൽ സാർ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്ന് ട്രേഡ് ഇൻസ്ട്രക്ടറായി പാലാ ടെക്നിക്കൽ ഹൈസ്കൂൾ, നാട്ടകം പോളിടെക്നിക് കോളേജ്, തൃശ്ശൂർ എൻജിനീയറിങ് കോളേജ് ,വെണ്ണിക്കുളം പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിൽ അധ്യാപന വൃത്തിയിൽ ഏർപ്പെട്ടു. കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂളിലാണ് സേവനത്തിന്റെ അവസാനഘട്ടം എത്തിനിൽക്കുന്നത്.

ഭാര്യ ശ്രീമതി ഷീബ വർഗീസ് ,മക്കളായ ഷെറിൻ

സൂസൻ സാമുവൽ ,ഷാരോൺ റൈച്ചൽ സാമുവൽ എന്നിവരോടൊപ്പം സന്തുഷ്ടമായ കുടുംബജീവിതം നയിച്ചു വരുന്നു. സരസഭാഷണത്തിലൂടെ സൗഹൃദങ്ങൾ ശക്തമാക്കിയ സാമവൽ സാർ 13 വർഷത്തെ സ്തുത്യർഹമായ ഔദ്യോഗിക സേവനത്തിനുശേഷം ജീവിത നാടകത്തിലെ തൻറെ ഔദ്യോഗിക വേഷം അഴിച്ചു വയ്ക്കുകയാണ് ശിഷ്ടജീവിതം സമാധാനവും, സംതൃപ്തിയും, സന്തോഷവും സമ്മേളിക്കുന്ന സുദിനങ്ങൾ ആകട്ടെ. സാറിന്റെ നന്മകൾ എക്കാലവും കൈമോശം വരാതെ ഇരിക്കട്ടെ...... സാറിന് ഒരായിരം ആശംസകൾ.





# പ്രഗത്ഭരായ മുൻഗാമികളിൽ ചിലർ


Greetings from
MOHANDAS. Y
Managing Director
DRIVES & ACCESSORIES CO. LLC, OMAN
AL WATHEQ ENGINEERING CO LLC, OMAN
SHIM TRANSFORMERS, OMAN
P.O. BOX 3229, P.C112, RUWI, OMAN
TEL: 24814292, 24812775
FAX: 24813693, 24816664
MOBILE: 99310912
AL WATHEQ ELECTRIC, SHJ-UAE
P.O. BOX 26674, SHARJAH, UAE
TEL: 5328959, FAX: 5328979
MOBILE: 050 6317938
E-MAIL: drives@omantel.net.om
Electro Mechanical Contractors, Design and Manufacturing of Transformers,
HV/LV-AC/DC Rewinding Services & Conversions
23

ഓർമക്കുറിപ്പ്

# ടെക്നിക്കൽ സ്കൂൾ എന്റെ മാർഗ്ഗദർശി



കെ.ഡി. ഗോപാലകൃഷ്ണൻ
1965 ടി.എച്ച്.എസ് ആദ്യബാച്ച്
(എൽമെക്സ് ഗ്രൂപ്പ് ലീഡർ)

[illegible]



# സഫലമീ യാത്ര

ശ്യാം പ്രകാശ്
1968 ടി.എച്ച്.എസ്. ബാച്ച്

'ഇതെന്താടോ?' ചുറ്റിക ഉയർത്തിക്കാട്ടി ടെക്നിക്കൽ സ്കൂൾ സൂപ്രണ്ട് ഗോപാലകൃഷ്ണൻ നായർ സാർ എന്നോട് ചോദിച്ചു.

'ചുറ്റിക' ഞാൻ മറുപടി നൽകി. പിന്നീട് കുറേയേറെ പണിയായുധങ്ങൾ ഉയർത്തിക്കാട്ടി അദ്ദേഹം ചോദ്യങ്ങൾ ചോദിച്ചു. 'പ്ലെയർ, സ്ക്രൂഡ്രൈവർ, സ്പാനർ' തുടങ്ങി ചോദിച്ചവയുടെ എല്ലാം പേര് ഞാൻ പറഞ്ഞു. സത്യം പറഞ്ഞാൽ ടെക്നിക്കൽ സ്കൂളിൽ പഠിക്കാൻ എത്തുന്നതിനു മുമ്പ് തന്നെ എനിക്ക് ഇത്തരം ഉപകരണങ്ങളുടെയെല്ലാം പേര് അറിയാമായിരുന്നു. കാരണം, കൊച്ചീടെജെട്ടിയിലെ എന്റെ കുടുംബവീടിന് സമീപം കൊല്ലപ്പണിക്കാർ ചെയ്യുന്ന ഒരു ആലയുണ്ടായിരുന്നു. ഒഴിവുസമയങ്ങളിൽ കൗതുകത്തിൽ ഞാൻ ആ ആലയിലേക്ക് പോകും. അവർ ഉപയോഗിക്കുന്ന ചുറ്റികയുടെയും സ്പാനറിന്റെയും പ്ലയറിന്റെയുമൊക്കെ പേര് ഞാൻ അവിടെ നിന്ന് മനസിലാക്കിയിരുന്നു. അങ്ങനെ, അഭിമുഖ പരീക്ഷയിൽ മണിമണിപോലെ ഉത്തരം പറഞ്ഞ എന്നെ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥിയായി ഗോപാലകൃഷ്ണൻനായർ സാർ തിരഞ്ഞെടുത്തു. മൂന്നു കൊല്ലം നീണ്ട ...

...ആയിരുന്നു.

രാവിലെ എഴരയ്ക്ക് വീട്ടിൽ നിന്ന് ഇറങ്ങും. കാൽനടയായിട്ടായിരുന്നു സ്കൂളിലേക്കുള്ള യാത്ര. എന്റെ നാട്ടിൽ നിന്ന് കായംകുളത്തേക്ക് അന്ന് ഒരു ബസ് ഉണ്ടായിരുന്നു. എന്നാൽ അതിൽ സ്കൂളിലേക്ക് പോകാൻ എനിക്ക് അന്ന് സാധിച്ചിരുന്നില്ല. വയർ നിറച്ചുണ്ണാൻ കഴിയാത്ത കുടുംബത്തിൽ നിന്ന് വരുന്ന എനിക്കെങ്ങനെ സ്കൂളിലേക്ക് ബസിൽ യാത്രചെയ്യാൻ സാധിക്കും!

സുഖകരമായ ഓർമകളും അനുഭവങ്ങളും മാത്രമാണ് ടെക്നിക്കൽ സ്കൂൾ സമ്മാനിച്ചത്. ...

## കലിയുഗം

മകനെ കാണുവാൻ അച്ഛൻ അതിയായി ആഗ്രഹിച്ചു. ആരോഗ്യമുണ്ടായിരുന്നപ്പോൾ അച്ഛൻ മകനെ കാണാൻ സ്വദേശത്തേക്കുമായിരുന്നു. അച്ഛന്റെ കാത്തിരിപ്പ് വിഫലമായി. അച്ഛൻ മരിച്ചു. മകൻ വരുമെന്ന് ബന്ധുക്കൾ കരുതിയതു പോലെ മകൻ വന്നു. അച്ഛന്റെ ശവസംസ്കാരം കഴിഞ്ഞപ്പോൾ തന്നെ മകൻ പുറപ്പെടാൻ ഒരുങ്ങി. എന്നാൽ അച്ഛന്റെ ആത്മാവിന് ബലിയിടേണ്ടതിന്റെ ആവശ്യകത ബന്ധുക്കൾ മകനെ ധരിപ്പിച്ചു. ജീവിച്ചിരിക്കുമ്പോൾ നൽകേണ്ടത് മരിച്ചപ്പോൾ അച്ഛന്റെ ആത്മാവിന് നൽകട്ടെയെന്ന് ബന്ധുക്കൾ ചിന്തിച്ചതായിരുന്നില്ല. എന്നിരുന്നാലും മരണാനന്തര കർമ്മങ്ങളെങ്കിലും മകൻ ചെയ്യണമെന്ന് ബന്ധുക്കൾക്ക് വാശിയുള്ളതിനാൽ അവർ തന്ത്രം മെനഞ്ഞ് മകനെ ഇങ്ങനെ ബോധിപ്പിച്ചു. ബലിയിട്ടില്ലെങ്കിൽ മകന്റെ മകനാണ് ദോഷമെന്ന്. പിന്നെ മകൻ മടിച്ചു നിന്നില്ല. പതിനാറ് ദിവസങ്ങൾക്ക് വേണ്ടതായ ബലികർമ്മങ്ങൾ ആ ദിവസം തന്നെ നിർവ്വഹിച്ച് മകനും മകളും യാത്രയായി. അവരുടെ മകന് ദോഷം വരരുതല്ലോ.

## മെഡിസിൻ

മകൻ എം.ബി.ബി.എസ്സിന് പഠിക്കണമെന്നും ഡോക്ടറാകണമെന്നും മാതാപിതാക്കൾക്ക് അതിയായ മോഹം. ലക്ഷങ്ങൾ കൊടുത്ത് പ്രവേശനം നേടി അഞ്ച് വർഷങ്ങൾക്ക് ശേഷം മകൻ ഡോക്ടറാകുന്നത് സ്വപ്നം കണ്ട് അവർ ജീവിച്ചു. അഞ്ച് വർഷത്തിന് ശേഷം മകൻ ഡോക്ടറായില്ല. മരിച്ച് ഒരു ക്രിമിനലായി പുറത്തുവന്നു. വേദനയോടെ വിലപിച്ച് കാരണം ആരാഞ്ഞ മാതാപിതാക്കളോട് അവൻ മൊഴിഞ്ഞു.

എന്നെ മെഡിസിന് ചേർക്കുമ്പോൾ നിങ്ങളല്ലേ പറഞ്ഞത്, മോൻ ഡോക്ടറായിക്കണ്ടതിന് ശേഷം ചത്താ മതിയെന്ന്. നിങ്ങൾ ചാകുന്നത് ഞാൻ സഹിക്കില്ല. അതിനാൽ ഞാൻ തന്നെ ചാകാൻ തീരുമാനിച്ചു.



ശ്രീകുമാർ.പി.എസ്
1985 ടി.എച്ച്.എസ്. ബാച്ച്


KERALA MOTOR VEHICLES DEPARTMENT
Presented to
Sri. SREEKUMAR D
Motor Vehicles Inspector, Alappuzha
for being recipient of
Chief Minister's Transport Medal-2018
for meritorious service and exemplary contributions
MVD





സമ്പാദകൻ :
# ശ്രീ. ഹഷീർ
പൂർവ്വ വിദ്യാർത്ഥി
പൂർവ്വ അധ്യാപകൻ

# വരകളിൽ വിരിയുന്ന മാന്ത്രികത





**ഹസ്വിൻ എസ്**

**VIII.B**





## അഭിഷേക്.പി എസ്
VIII.A








# അനന്തപത്മനാഭൻ

**VIII.A**





**അനസ് എം**
**VIII.A**





## അഭിഷേക് എ

**VIII.A**






## ശ്രീഹരി വിക്രമൻ
**VIII.A**





# ബി.രാജീവ്

**എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ**





## ബി.രാജീവ്

എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ

# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരത്തിന്റെ അഭിമാനങ്ങൾ

# 10.A 2023-24



# 10.B 2023-24



# 9.A 2023-24



# 9.B 2023-24



# 8.A 2023-24



# 8.B 2023-24



# LITTLE KITES CLASS 10
## 2023-24



# LITTLE KITES CLASS 9
## 2023-24



# LITTLE KITES CLASS 8
## 2023-24




പ്രിയ വിദ്യാർത്ഥി
അഭിഷേകിന്
ആദരാഞ്ജലികൾ
GOVT. TECHNICAL HIGH SCHOOL
KRISHNAPURAM

# ഓർമ്മ പൂക്കൾ- ഒരു അഭിഷേകപ്പൂവ്





"ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?"

ഒരു പൂവിന്റെ ജനനംമുതൽ മരണംവരെയുള്ള അതീവസൂക്ഷ്മങ്ങളായ ഘട്ടങ്ങളെ കാവ്യഭാവനയാൽ വിശദീകരിച്ച് മനുഷ്യജീവിതത്തിന്റെ നൈമിഷികത തുറന്നു കാട്ടുന്ന , വീണപൂവ് എന്ന ഖണ്ഡകാവ്യത്തിലൂടെ കുമാരനാശാൻ. നിയതിയാൽ നിശ്ചയിക്കപ്പെട്ട ജീവിത ചക്രം നമ്മൾ ഉൾക്കൊള്ളാതെ തരമില്ല. എന്നാൽ ഒരു പൂവ് വിടരും മുമ്പെ കൊഴിഞ്ഞാലോ ...
ആ വേദന എത്ര തീവ്രമായിരിക്കും ..



കൃഷ്ണപുരം ഗവർൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ എന്ന മലർവാടിയിൽ, അദ്ധ്യാപകരായ ഞങ്ങളുടെ പരിപാലനത്തിൽ മൊട്ടിട്ട് വിടർന്ന് ശോഭിച്ചു നിന്നിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അഭിക്ഷേകപ്പൂവ്, അഭിഷേക്. ബി എന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥി. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പോലെ മിടുക്കൻ, രാജ്യം കാക്കുന്ന പട്ടാളക്കാരനായ ഒരു അച്ഛന്റെ പ്രതീക്ഷകളുടെ നിറകുടം ആയിരുന്ന ഏക മകൻ. രണ്ട് സഹോദരിമാർക്ക് തുണയാവേണ്ടവൻ...
നാളെ പട്ടാളക്കാരൻ ആകണമെന്ന് ആഗ്രഹിച്ചവൻ...
10 A അസംബ്ളി ചെയ്യുന്ന ലീഡർ....
സ്കൂൾ തല സ്പോർട്സിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയവൻ.....




സ്കൂൾ അവധി ദിവസം കൂട്ടുകാരൊടൊത്ത്
ക്ഷേത്രക്കുളത്തിൽ കുളിക്കാൻ പോയി അകാലത്തിൽ
പൊഴിഞ്ഞ "വീണപൂവ്"

പത്രത്താളുകളിൽ ഇത്തരം മരണമാർത്തകൾക്ക്
പഞ്ഞമില്ലാത്തതുകൊണ്ട് തന്നെ,
അസംബ്ലിയിൽ അദ്ധ്യാപകർ നിരന്തരം മുന്നറിയിപ്പ്
കൊടുത്തിരുന്നിട്ടും ...
ഇത് സംഭവിച്ചു...

പ്രിയ അഭിഷേക്...
നീ ഞങ്ങളെ പിരിഞ്ഞു അകലേക്ക് പോയി
ആകാശത്തിലെ നക്ഷത്രക്കൂട്ടങ്ങൾക്കിടയിലിരുന്ന്
ഞങ്ങളെ കാണുന്നു എന്ന് വിശ്വസിക്കുവാൻ

പ്രയാസമുണ്ട്. നീ ഞങ്ങളോടൊപ്പം ഉണ്ട്,നമ്മുടെ കലാലയത്തിൽ തന്നെയുള്ള പൂന്തോട്ടത്തിലെ ഓരോ പൂവിലും നീയുണ്ട്.
അതിൽ പറ്റി പിടിച്ചിരിക്കുന്ന നീഹാരത്തിലും നീയുണ്ട്...

പ്രിയ വിദ്യാർത്ഥികളെ ...
പത്രം വായിക്കുക. ചുറ്റിനും സംഭവിക്കുന്നത് അറിയുക.
അപകടക്കെണികൾ തിരിച്ചറിയുക.
ഇനി ഒരു വിദ്യാർത്ഥിയും അകാലത്തിൽ പൊലിയാതിരിക്കാൻ ....
പ്രാർത്ഥനയോടെ ...



**രാജൻ.പി**
അദ്ധ്യാപകൻ

# നന്ദി....

മലയാളം ടൈപ്പിംഗ് പ്രാക്ടീസിന്റെ ഭാഗമായിട്ടാണ് ധ്വനി എന്ന സ്കൂൾ മാഗസീൻ തയ്യാറാക്കാൻ കൃഷ്ണപുരം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് മുൻകൈ എടുക്കുന്നത്. സ്കൂൾ സൂപ്രണ്ടും,എല്ലാ അധ്യാപകരും ,മാഗസീനിന്റെ തയ്യാറാക്കലിനു എല്ലാ വിധ പിന്തുണയും നൽകിയിരുന്നു. സ്കൂളിൽ മാഗസീനിന്റെ തയ്യാറെടുപ്പിന് സൗകര്യമൊരുക്കി തന്ന സൂപ്രണ്ടിനും, സ്ക്രൈബസ് എന്ന സോഫ്റ്റ്-വെയർ പരിചയപ്പെടുത്തിയ അധ്യാപകർക്കും,ഇതിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും, ഈ അവസരം ഒരുക്കിത്തന്ന ലിറ്റിൽകൈറ്റ്സിനും നന്ദി....



**ആദിത്യൻ സൂരജ് പിള്ള**
**ലിറ്റിൽ കൈറ്റ്സ് ലീഡർ**
**2022-25**

പ്രിയമുള്ളവരെ,
ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ധ്വനി എന്ന മാഗസിനിൽ വായനക്കാർക്ക് അറിയാനും ആസ്വദിക്കാനും ഉള്ള വിഭവങ്ങൾ ധാരാളമുണ്ട്. അത് സന്തോഷത്തോടെ ഓരോ വായനക്കാരും ഏറ്റെടുക്കും എന്ന വിശ്വാസം ഇതിന്റെ  പിന്നിൽ പ്രയത്നിച്ച ഞങ്ങൾക്ക് ആത്മവിശ്വാസം നൽകുന്ന ഒന്നാണ്. എക്കാലവും പുതിയ ലോകങ്ങൾ നമുക്ക് മുന്നിൽ തുറന്നു നൽകുന്ന ഒന്നാണ് വായന. അതിന്റെ മായാജാലങ്ങളിൽ നിങ്ങളെ എത്തിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞുവെങ്കിൽ അതാണ് ഞങ്ങളുടെ വിജയം.

ദിവസങ്ങളോളം നീണ്ടുനിന്ന ഈ പ്രയത്നത്തിന് ഞങ്ങൾക്കൊപ്പം സഹകരിച്ച ഓരോരുത്തർക്കും ഹൃദയം നിറഞ്ഞ നന്ദി!
ഒപ്പം ഈ മാഗസിൻ ഏറ്റെടുത്ത് വായിക്കുന്ന ഓരോ വായനക്കാരനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.



**ലജി.ഒ.**
**ഹസീം.എ**
കൈറ്റ് മാസ്റ്റേഴ്സ്



little KITEs

GOVT TECHNICAL HIGH SCHOOL KRISHNAPURAM

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION